Reg. No. M. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കുംഭം 18 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 മാർച്ച് 2 | ലക്കം 28

## പാപബോധമുള്ളവരായി അനുതപിച്ചു പ്രായശ്ചിത്തം ചെയ്യുവിൻ

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നോമ്പുകാല ഇടയലേഖനം



ജെറുസലേമിനെ നോക്കി ദുഃഖിക്കുന്ന ക്രിസ്തു

വലിയനോമ്പ് ആരംഭിക്കുകയാൽ നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഓർമ്മ ഒരിക്കൽക്കൂടി നമ്മൾ നവീകരിക്കാൻ പോകുകയാണ്. ഈയവസരത്തിൽ പാപങ്ങളെപ്പററിയുള്ള പശ്ചാത്താപവും പ്രായശ്ചിത്താരൂപിയുമാണ് നമ്മുടെ മനസ്സിൽ മുന്നിട്ടു നില്ക്കേണ്ടതു്. കാരണം, നമ്മുടെ പാപങ്ങളാണ് കർത്താവിന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും നിദാനമായതു്. നമ്മുടെ പാപങ്ങളെപ്രതിയാണ് അവിടുന്നു ഗദസമൻ തോട്ടത്തിൽ വച്ച് രക്തം വിയർത്തതു്. നമ്മുടെ പാപങ്ങൾ നിമിത്തമാണ് അവിടുന്നു ചമ്മട്ടികളാൽ അടിക്കപ്പെട്ടതു്. നമ്മുടെ അഹങ്കാരം, തെററായ നിരൂപണങ്ങൾ മുതലായ പാപങ്ങളാണ് നമ്മുടെ കർത്താവിന്റെ തലയിലെ മുൾമുടി മെടഞ്ഞുണ്ടാക്കിയതു്. നമ്മുടെ പാപങ്ങളുടെ ഭാരമാണ് കുരിശും ചുമന്നുകൊണ്ട് ഗാഗുൽത്താമലയിലേക്കു യാത്രചെയ്തപ്പോൾ അവിടുത്തേക്കു അനുഭവപ്പെട്ടതു്. ഗാഗുൽത്താമലയിൽ വച്ച് കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട്, ലോകചരിത്രത്തിൽ ഇതേവരെ മററാരും അനുഭവിച്ചിട്ടില്ലാത്ത തരത്തിലുള്ള അതിദുസ്സഹമായ വേദന നമ്മുടെ കർത്താവനുഭവിക്കുവാൻ തിരുമനസ്സായതും നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ വേണ്ടിയാണ്. ഈ കാരണങ്ങളാൽ "അവിടുന്നു എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം അർപ്പിക്കുകയും ചെയ്തു" എന്നു വിശുദ്ധ പൗലോസിനോടൊപ്പം നമുക്കോരോരുത്തർക്കും പറയാവുന്നതാണ്; നാമോരോരുത്തരും അപ്രകാരം പറയേണ്ടതുമാണ്. കർത്താവു് പീഡകൾ സഹിച്ചപ്പോൾ, വേദന അനുഭവിച്ചപ്പോൾ നാമോരോരുത്തരും അവിടുത്തെ ദൃഷ്ടികൾക്കു വിഷയീഭവിച്ചിരുന്നു. നമ്മുടെ എണ്ണമില്ലാത്ത പാപങ്ങൾ — ഭക്തിക്കുറവു്, അനുസരണയില്ലായ്മ, ദൈവദോഷങ്ങൾ, പരദൂഷണം, അശുദ്ധി, മോഷണം, നുണ, ദ്രവ്യാഗ്രഹം, അസൂയ, അരിശം, മടി തുടങ്ങിയവയെല്ലാം — അവിടുത്തെ കാസയെ കൂടുതൽ കയ്പുള്ളതാക്കിയിരിക്കണം. ആകയാൽ "എന്റെ ഈശോ! അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെക്കുറിച്ച് എന്റെ പാപങ്ങൾ പൊറുക്കണമെ" എന്നു നാമോരോരുത്തരും പ്രാർത്ഥിക്കേണ്ടതു് എത്ര ആവശ്യമായിരിക്കുന്നു!

ഇന്നത്തെ ലോകത്തിനു പററിയിരിക്കുന്ന ഏററവും വലിയ തകരാറു് അതിനു പാപത്തെപ്പററി ഭയമില്ലാതായിത്തീർന്നിരിക്കുന്നുവെന്നതാണ്. മാർപ്പാപ്പാ തിരുമേനി ഈ സംഗതി ആവർത്തിച്ചാവർത്തിച്ച് അരുൾചെയ്തിട്ടുണ്ട്. 1950-ൽ ബാംഗ്ളൂരിൽ സമ്മേളിച്ച പൂർണ്ണസൂനഹദോസിന്റെ നിശ്ചയങ്ങളിൽ 20-ാമത്തേതു്, ഈ വിഷയം സംബന്ധിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു: "ഇക്കാലത്തു പാപദോഷത്തിന്റെ സ്വഭാവം, ഗൗരവം എന്നിവ സംബന്ധിച്ചുള്ള തത്വങ്ങളെപ്പററി നിരന്തരം ഉദ്ബോധനങ്ങൾ നൽകേണ്ടതാണ്. അല്ലാത്തപക്ഷം വിശ്വാസികൾ അബദ്ധസിദ്ധാന്തങ്ങളാൽ വഞ്ചിതരായി തങ്ങളുടെ ആത്മാക്കൾക്ക് ഏററവും വലിയ നാശം വരുത്തിവയ്ക്കുന്നതിനു് ഇടയാകുന്നതാണ്." സൂനഹദോസിന്റെ നിർദ്ദേശമനുസരിച്ച് ബ: വൈദികർ വിശ്വാസികൾക്കു കാലോചിതമായ ഉപദേശങ്ങൾ നൽകിക്കൊണ്ടിരിക്കണമെന്നു നാമാഗ്രഹിക്കുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിൽ അനുതാപം ജനിപ്പിക്കുന്നതിനു പര്യാപ്തമായ നോമ്പുകാലപ്രസംഗങ്ങൾ നടത്തിക്കുന്നതും വളരെ ഗുണപ്രദമായിരിക്കും.

കമ്മ്യൂണിസ്റ്റുകാരാലും കമ്മ്യൂണിസ്റ്റനുഭാവികളാലും രചിക്കപ്പെടുന്ന ഗ്രന്ഥങ്ങളും "പുരോഗമനസാഹിത്യ"ത്തിന്റെ പേരിൽ പുറത്തുവരുന്ന പല കൃതികളും പാപബോധം കെടുത്തിക്കളയുന്നതിനു പര്യാപ്തങ്ങളാണ്. ദൈവമില്ല, മതം വേണ്ട, സന്മാർഗ്ഗം എന്നൊന്നില്ല ഇതൊക്കെയാണ് അവർ സ്വന്തം നിചയെ സാധൂകരിക്കുന്നതിനായി തട്ടിമൂളിക്കുന്ന അഭിപ്രായങ്ങൾ. അവയുടെ പ്രതിധ്വനി പ്രസംഗവേദികളിലും കേൾക്കാവുന്നതാണ്. ആത്മഹത്യ, കൊലപാതകം, മോഷണം, വിവാഹമോചനം മുതലായ അധാർമ്മികകൃത്യങ്ങളെ ചിത്രീകരിക്കുകയും ന്യായീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സിനിമാപടങ്ങളും മേൽപ്പറഞ്ഞ മനോഭാവത്തെ അനുദിനം വളർത്തിക്കൊണ്ടുവരുന്നുണ്ട്. ദൈവവിശ്വാസവും മതവിശ്വാസവും സന്മാർഗ്ഗബോധവുമില്ലാത്ത ആളുകളുടെ ഇത്തരം ജല്പനങ്ങൾക്കൊന്നിനും ദൈവത്തിന്റെ അഭേദ്യമായ നിയമങ്ങളെ തച്ചുടയ്ക്കുവാനോ വ്യത്യാസപ്പെടുത്തുവാനോ കഴിയുന്നതല്ല. നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു നോക്കുക: "ആകാശവും ഭൂമിയും കടന്നുപോകുവോളം, സകലവും നിവൃത്തിയാകുംവരെ, പ്രമാണത്തിൽനിന്നു ഒരു യോദ് (ഏററവും ചെറിയ ഒരക്ഷരം) എങ്കിലും ഒരു വരയെങ്കിലും കടന്നുപോകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ആകയാൽ ഏററം ചെറുതായ ഈ കല്പനകളിൽ ഒന്നു ലംഘിക്കയും അപ്രകാരം മനുഷ്യരെ പഠിപ്പിക്കയും ചെയ്യുന്ന ഏവരും സ്വർഗ്ഗരാജ്യത്തിൽ ഏററം ചെറിയവൻ എന്നു വിളിക്കപ്പെടും. (അവ) അനുസരിക്കയും പഠിപ്പിക്കയും ചെയ്യുന്ന ഏവനുമോ, അവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും." (മത്തായി 5: 18—19)

ദൈവം സകലത്തിന്റെയും സ്രഷ്ടാവും പരമകർത്താവുമാകയാൽ നമ്മോടു് ആജ്ഞാപിക്കുവാൻ അവിടുത്തേക്കു് അവകാശവും അധികാരവുമുണ്ട്. നമ്മൾ അവിടുത്തെ സൃഷ്ടികളും ദാസരുമാകയാൽ അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കുവാൻ കടപ്പെട്ടവരുമാണ്. അവിടുന്നു നൽകിയിരിക്കുന്ന ധാർമ്മിക നിയമങ്ങളെ ഇഷ്ടംപോലെ വ്യാഖ്യാനിക്കുവാൻ നമുക്കു സ്വാതന്ത്ര്യമില്ല; അവയെ ഉന്മൂലനം ചെയ്യുവാൻ നമുക്കു കഴിയുന്നതുമല്ല. ദൈവത്തെ ആരാധിക്കണം, ദൈവതിരുനാമം ബഹുമാനപുരസ്സരം മാത്രമേ ഉപയോഗിക്കാവൂ, ദൈവത്തിന്റെ ദിവസം ശുദ്ധമായി ആചരിക്കണം, മാതാപിതാക്കന്മാരെ ബഹുമാനിക്കണം, കൊല്ലരുതു്, വ്യഭിചാരം ചെയ്യരുതു്, മോഷ്ടിക്കരുതു്, കള്ളം പറയരുതു് മുതലായ പ്രമാണങ്ങൾ സനാതനങ്ങളാണ്. ഇന്നു ചിലർ മനസ്സിലാക്കുന്ന അർത്ഥത്തിൽ അവയിലൊരു പുരോഗമനം വരുത്തുക സാദ്ധ്യമല്ല. അവയെ വെട്ടിത്തിരുത്തുവാനോ, മാററിമറിക്കുവാനോ യാതൊരു പഴുതുമില്ല. മറിച്ചാരെങ്കിലും പറകയോ പ്രവർത്തിക്കുകയോ ചെയ്യുന്നപക്ഷം, അവൻ അതിനുള്ള ശിക്ഷ ഇഹത്തിലും പരത്തിലും അനുഭവിച്ചേ മതിയാവൂ. ഫ്രാൻസിൽ നിരീശ്വരത്വത്തിന്റെ പ്രണേതാക്കളായിരുന്ന വാൾട്ടയർ, റൂസ്സോ തുടങ്ങിയവർ ഇന്നെവിടെ? റഷ്യയിൽ ദൈവവിശ്വാസവും മതബോധവും ഇല്ലാതാക്കുവാൻ കമ്മ്യൂണിസ്റ്റുകാർ നടത്തിയ ശ്രമം വിജയിക്കാഞ്ഞതുകൊണ്ട്, ഇപ്പോൾ ഇവരുടെ ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചുതുടങ്ങിയിരിക്കുകയാണെന്നു് ഈയിടെ പത്രങ്ങളിൽ കാണുകയുണ്ടായി. എന്നാൽ സമാധാനപൂർവ്വം മരിക്കാൻ സാധിച്ചിട്ടുള്ള യാതൊരു നിരീശ്വരനും ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ നിയമങ്ങൾ അനുസരിക്കുകയും ചെയ്യുന്നതിലാണ് സാക്ഷാൽ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. എന്നാൽ ഇതു മനസ്സിലാക്കാതെ, ധാർമ്മികനിയമങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടുന്ന ആലാത്തുകയറുകളാണെന്നു് ഉദ്ഘോഷിക്കുന്നവർ ധാരാളമുണ്ട്. ഇതേററവും അബദ്ധമായ ഒരഭിപ്രായമാണ്. ധാർമ്മികനിയമങ്ങൾ മനുഷ്യന്റെ ദുഷിച്ച സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നുണ്ടെങ്കിലും അവന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തെ പരിപോഷിപ്പിക്കുകയാണു ചെയ്യുന്നതു്. പാലത്തിന്റെ ഇരു

വശങ്ങളിലുമുള്ള കൈവരികൾ സ്വച്ഛന്ദമായി സഞ്ചരിക്കുന്നതിനു് തടസ്സം വരുത്തുന്നുവെന്നും തൽക്കാരണത്താൽ അവ മാററിക്കളയണമെന്നും വല്ലവരും വാദിക്കുമോ? അവ മാററുന്നതു യാത്രക്കാർക്ക് ആപല്ക്കരമായിരിക്കും. ഉദ്ദിഷ്ടസ്ഥാനം പ്രാപിക്കുവാൻ അവ യാത്രക്കാരെ സഹായിക്കുന്നു. ഈ അർത്ഥത്തിൽ, അവ അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനുപകരം യഥാർത്ഥ സ്വാതന്ത്ര്യത്തെ അവർക്കു പ്രദാനം ചെയ്യുകയാണു ചെയ്യുന്നതു്. അതുപോലെ യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ നികേതനമായ സ്വർഗ്ഗത്തിലേക്കുള്ള പ്രയാണത്തിൽ ധാർമ്മികനിയമങ്ങൾ മനുഷ്യരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ആ കൈവരികളെ, വേലിക്കെട്ടുകളെ, പൊളിച്ചുമാററുന്നപക്ഷം, മനുഷ്യൻ നാശഗർത്തത്തിൽ നിപതിക്കുമെന്നതു നിശ്ചയമാണു്.

ദൈവത്തിന്റെ കല്പനകൾ അനുസരിക്കുകയും ധാർമ്മികനിയമങ്ങളെ ആദരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററി പല തെററായ അഭിപ്രായങ്ങളും ജനങ്ങളുടെ ഇടയിൽ പടന്നുപിടിച്ചുവരുന്നതിനാൽ ഇത്രയും പ്രസ്താവിച്ചുവെന്നുമാത്രം. എന്നാൽ ഒരു കാര്യം പ്രത്യേകിച്ചും നാമോർക്കേണ്ടിയിരിക്കുന്നു. ഇന്നു ലോകത്തിൽ നടമാടുന്ന സകല ദുരിതങ്ങൾക്കും അനർത്ഥങ്ങൾക്കും കാരണം നമ്മുടെ പാപങ്ങളാണു്. യുദ്ധം പൊട്ടിപ്പുറപ്പെടുകയോ പകർച്ചവ്യാധികൾ ഉണ്ടാകുകയോ മററു വിപത്തുകൾ സംഭവിക്കുകയോ ചെയ്യുമ്പോൾ അവയ്ക്കുള്ള അടിസ്ഥാനപരമായ കാരണം പാപമാണു്. പാപത്തിനു ദൈവം ഭയങ്കരമായ ശിക്ഷകൾ പ്രത്യക്ഷത്തിൽ നൽകിയിട്ടുള്ളതായി വേദപുസ്തകം സാക്ഷിക്കുന്നു. ലോകത്തിൽ പാപം വർദ്ധിച്ചപ്പോൾ ദൈവം ജലപ്രളയംവഴി അതിനെ ശിക്ഷിച്ചു. സോദോംഗോമോറ നഗരങ്ങളെ തീയും ഗന്ധകവും ഇറക്കി നശിപ്പിക്കുവാൻ കാരണവും അവിടത്തെ ജനങ്ങളുടെ പാപങ്ങൾ, പ്രത്യേകിച്ചും അശുദ്ധപാപങ്ങളാണു്. ദാവീദുരാജാവും സ്വപാപകൃത്യങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചു. മൂശയ്ക്കു എതിരായി പിറുപിറുത്തതിനാൽ അദ്ദേഹത്തിന്റെ സഹോദരി മറിയം കുഷ്ഠരോഗത്തിനു അധീനയായി. പാറമേൽ അടിച്ചാൽ വെള്ളം കിട്ടുമെന്നു ദൈവം അരുളിച്ചെയ്തിട്ടു് അപ്രകാരം ചെയ്യുവാൻ സംശയിച്ചതിനാൽ മൂശയ്ക്കു കാനാൻദേശത്തിൽ പ്രവേശിക്കാൻ ഭാഗ്യം . ലഭിക്കാതെ പോയി. കള്ളം പറഞ്ഞതിനാൽ അനാനിയായും സഫീറയും അകാലമൃത്യുവിനു് ഇരയായ വസ്തുതയും സ്മരണീയമാണു്. തങ്ങളുടെ പാപജീവിതംവഴി ആരോഗ്യവും ധനവും നഷ്ടപ്പെടുത്തി, ദൈവത്താലും മനുഷ്യരാലും തിരസ്കരിക്കപ്പെട്ടു്, അലഞ്ഞുതിരിയുന്നവരുടെ സംഖ്യ ഇന്നു ഒട്ടും ദുർല്ലഭമല്ല. ദുരിതങ്ങളും ക്ലേശങ്ങളും എല്ലായ്പോഴും പാപങ്ങൾക്കുള്ള ശിക്ഷയാണെന്നു് ഇവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ പലപ്പോഴും അങ്ങനെയാണെന്നു നിസ്തർക്കം പറയാവുന്നതാണു്.

ആകയാൽ ദൈവത്തിന്റെ പക്കലേക്കു പിന്തിരിയുന്നതിനു് അവിടുന്നു നൽകിയിരിക്കുന്ന വിലയേറിയ ഈ അവസരം നമ്മൾ വേണ്ടപോലെ വിനിയോഗിക്കേണ്ടിയിരിക്കുന്നു. വിഷമം പിടിച്ച ഒരു കാലയളവിലാണു നമ്മൾ ജീവിക്കുന്നതു്. നമ്മൾ നമ്മുടെ പാപജീവിതം ഉപേക്ഷിക്കാത്തപക്ഷം, വിപ്ലവങ്ങളും കുഴപ്പങ്ങളുമെല്ലാം പൊട്ടിപ്പുറപ്പെടും, ഫ്രാൻസിലെ വിയെൻനഗരത്തിനു തീപിടിച്ച അവസരത്തിൽ ജനങ്ങൾ ജലപ്പാത്രങ്ങളുമായി ഓടിപ്പോകുന്നതു കണ്ടപ്പോൾ വി. മാമ്മെർത്തൂസ് "ഈ അഗ്നി കെടുത്താൻ ജലമല്ല, കണ്ണുനീരാണു് ആവശ്യം" എന്നു പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നത്തെ എല്ലാ ജലസേചനപദ്ധതികളെക്കാളും നമുക്കേററം ആവശ്യമായിരിക്കുന്നതു കുറെ കണ്ണുനീരാണു് അതുമാത്രമേ വാടിവരണ്ടു കിടക്കുന്ന നമ്മുടെ ആത്മാക്കളെ ഫലഭൂയിഷ്ഠമാക്കുകയുള്ളൂ; നമുക്കു സാക്ഷാത്തായ സമാധാനം പ്രദാനം ചെയ്യുകയുള്ളൂ.

വി. യോഹന്നാൻമാംദാന എത്ര ശക്തിമത്തായ ഭാഷയിലാണു പാപത്തിന്റെ ഭീകരതയേയും വിനാശകഫലങ്ങളേയുംപററി പ്രതിപാദിക്കുന്നതെന്നു നോക്കുക: "നിങ്ങൾ പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. . .അണലികളുടെ സന്താനമേ, വരുവാനിരിക്കുന്ന കോപത്തിൽനിന്നു് ഓടിയകലുവാൻ നിങ്ങൾക്കു കാണിച്ചുതന്നതാർ? ആകയാൽ പശ്ചാത്താപത്തിനു യോജ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്കു പിതാവായിട്ടു അബ്രാഹമുണ്ടു് എന്നു നിങ്ങളുടെ ഉള്ളിൽ വിചാരിക്കയും പറകയും അരുതു്. എന്തുകൊണ്ടെന്നാൽ ഈ കല്ലുകളിൽനിന്നു അബ്രാഹത്തിനു മക്കളെ പുറപ്പെടുവിക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ ഇതാ! വൃക്ഷങ്ങളുടെ ചുവടിനു കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷമൊക്കയും വെട്ടപ്പെട്ടു തീയിൽ ഇടപ്പെടും." (മത്തായി 3:2, 7-10) പശ്ചാത്തപിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടാണു നമ്മുടെ കർത്താവും സുവിശേഷപ്രസംഗം ആരംഭിച്ചതു്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോസ് 1:15) എന്നാണു് അവിടുന്നു ജനങ്ങളെ ഉദ്ബോധിപ്പിച്ചതു്.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും പീഡാനുഭവവും കുരിശുമരണവുംവഴി മനുഷ്യവർഗ്ഗത്തിനു കൈവന്ന അനുഗ്രഹങ്ങളിലും വരപ്രസാദത്തിലും നമുക്കും ഓഹരി ലഭിക്കുന്നതിനു പശ്ചാത്താപം അനുപേക്ഷണീയമായ ഒരു വ്യവസ്ഥയാണെന്നു ഇതിൽനിന്നു സിദ്ധിക്കുന്നു. ആ വ്യവസ്ഥ പൂർത്തിയാക്കിക്കൊണ്ടു ഈ നോമ്പുകാലത്തു കർത്താവിന്റെ അനുഗ്രഹങ്ങൾ സമൃദ്ധമായി പ്രാപിക്കുന്നതിനു നമ്മൾ പരിശ്രമിക്കണം. ഹൃദയപൂർവ്വകമായ പശ്ചാത്താപവും ആത്മാർത്ഥമായ കുമ്പസാരവുംവഴി നമ്മൾ പാപമോചനം പ്രാപിക്കണം. പാപഹേതുക്കളെ ഉപേക്ഷിക്കുവാനുള്ള സന്മനസ്സും സന്നദ്ധതയും നമുക്കുണ്ടായിരിക്കണം. പ്രത്യേകിച്ചും പാപത്തിനു പ്രേരണ നൽകുന്ന വിനോദങ്ങളെ സർവ്വാത്മനാ പരിവർജ്ജിക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്നത്തെ സിനിമാചിത്രങ്ങൾ മനുഷ്യരുടെ സാന്മാർഗ്ഗികനിലവാരത്തെ വളരെയധികം ഇടിച്ചുതാഴ്ത്തുന്നുണ്ടു്. സിനിമാശാലയിൽ പോകാനുള്ള ആസക്തി ഇന്നത്തെ തോതിൽ വളന്നുവരുന്നപക്ഷം അടുത്ത തലമുറയുടെ സ്ഥിതി എന്തായിരിക്കുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ദുഷിച്ച ചലച്ചിത്രങ്ങളിൽനിന്നു് ജനങ്ങളെ, വിശിഷ്യ നമ്മുടെ "വളരുന്ന തലമുറ"യാകുന്ന കുട്ടികളെ അകററിനിർത്തുവാൻ എല്ലാവരും ശ്രമിക്കേണ്ടതാണു്. നോമ്പുകാലത്തു് ഇത്തരം ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കുവാൻ പ്രേരണ നൽകുന്നതു് ഏററവും ഉത്തമമായിരിക്കും. മാംസവർജ്ജനം, ഉപവാസം മുതലായവ ആചരിച്ചും നമ്മുടെ പാപങ്ങൾക്കു നമ്മൾ പരിഹാരം ചെയ്യേണ്ടതാണു്. സർവ്വോപരി, നോമ്പുകാലം പ്രാർത്ഥനയുടെ ഒരവസരമാണെന്നുകൂടി ഓർത്തിരിക്കണം. "പരിശുദ്ധ ദൈവമാതാവേ, സ്ലീവാമേൽ തറയ്ക്കപ്പെട്ട കർത്താവിന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ" എന്ന സുകൃതജപം ഇക്കാലത്തു കൂടെക്കൂടെ ചൊല്ലുന്നതു് പീഡാനുഭവസ്മരണ നിലനിർത്തുന്നതിനും ദണ്ഡവിമോചനം പ്രാപിക്കുന്നതിനും ഏററവും ഉപകരിക്കുന്നതായിരിക്കും.

ഇപ്രകാരം നമ്മുടെ കർത്താവിന്റെ പങ്കപ്പാടിന്റേയും കുരിശുമരണത്തിന്റേയും ഫലങ്ങൾ ഈ അവസരത്തിൽ സമൃദ്ധമായി പ്രാപിക്കുന്നതിനു നിങ്ങൾക്കോരോരുത്തർക്കും ഇടവരട്ടെ.

—ഠ—

# ചെറുകഥ

## ആ "യാചകി"

(വെട്ടിക്കൽ അവരാച്ചൻ, നിലമ്പൂർ)

ഞങ്ങൾ ആത്മസുഹൃത്തുക്കളാണു്. ഞാനും എളേശ്ശികളവും. അന്നും ഞങ്ങൾ പതിവുപോലെ ഒത്തുകൂടി വിസീത്തയും കഴിഞ്ഞു പലതുംപറഞ്ഞുകൊണ്ടു് അടുത്തുള്ള ദേവാലയത്തിൽനിന്നു് തിരികെ പോരുകയായിരുന്നു. തലശ്ശേരിരൂപതാദ്ധ്യക്ഷൻ വള്ളോപ്പിള്ളിതിരുമേനിയുടെവിശ്രമമററ പരിശ്രമം, ജീവിതത്തിന്റെ എ. ബി. സി. ഡി. തിരിയാത്ത ചില കുടിയേററക്കാരോടൊത്തു പോകുന്നതിനു് ലിയാൻഡറച്ചൻ പെടുന്ന പാടു് ഇങ്ങനെ പലതും അന്നത്തെ സംസാരവിഷയമായിരുന്നു. കവലയിൽ വന്നപ്പോൾ തമ്മിൽ പിരിഞ്ഞു് അവനവന്റെ താമസസ്ഥലത്തേക്കു പോയി. അന്നു് സാധാരണയിലും സമയമല്പം വൈകിയിരുന്നു. എന്നെ പ്രതീക്ഷിച്ചു് മേശയിലിരുന്ന കാപ്പി അപ്പോഴേക്കും തണുത്തിരുന്നു.

അസ്തമനസൂര്യന്റെ തങ്കച്ചെങ്കതിരുകൾ പാരിടത്തെ കോൾമയിർ കൊള്ളിക്കുന്നു. ചേക്കേറുവാൻ പോകുന്ന പക്ഷികളുടെ കളകൂജനം സന്മനസ്സുകളെ സമാധാനചിത്തരാക്കുന്നു. കൊഴുത്തുതഴച്ച നെൽവയലുകൾ മന്ദമാരുതനിൽ ഓളം തല്ലുന്നു. ഞാൻ "സത്യദീപം" പത്രപാരായണത്തിൽ ലയിച്ചിരിക്കുകയായിരുന്നു.

"സാർ, എന്തെങ്കിലുമൊരു സഹായം ചെയ്യണേ!" നിശ്ശബ്ദമായ അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു് ആ ശബ്ദം എന്റെ കർണ്ണപുടങ്ങളിൽ പതിച്ചു. ഞാൻ വായനനിറുത്തി; ചെവിയോർത്തു.

"സാർ, എന്തെങ്കിലുമൊരു സഹായം ചെയ്യണേ!" വീണ്ടും ആ യാചന! ചതഞ്ഞു നുറുങ്ങി കഷണിച്ച ആ വാക്കുകൾ എന്റെ ചെവിയിലേക്കാഞ്ഞടിച്ചു. ഞാൻ കസാലയിൽനിന്നു് എഴുന്നേററു. വരാന്തയിലേക്കിറങ്ങി. മുററത്തേക്കു നോക്കി.

ജീവിക്കാതെ ജീവിക്കുന്ന രണ്ടു മനുഷ്യജീവികൾ! ഇഞ്ചിഞ്ചായിമരിക്കുന്ന രണ്ടുമർത്ത്യകോലങ്ങൾ! ഒരുയുവതിയും അവളുടെഏകാവലംബമായ കുഞ്ഞുമോനും. അതിലൊരു മുഖം എനിക്കു പരിചയമുള്ളതോ...? കാലത്തിന്റെ ഏടുകൾ ഞാൻ വളരെ നേരം മറിച്ചും തിരിച്ചും നോക്കി.

ക്ലേശങ്ങളുടെ പാഴ്കുണ്ടുകളിൽക്കൂടി ഇഴഞ്ഞുള്ള അവരുടെ ജീവിതം നിരാശാസമ്പൂർണ്ണമായി തോന്നി. കഷ്ടതയുടെ കണ്ണുനീരിലൂടെ യൗവ്വനം ഒഴുകിക്കൊണ്ടിരുന്ന പാടുകൾ അവളുടെ കവിൾത്തടങ്ങളിൽ വ്യക്തമായി കാണാം. അങ്ങിങ്ങായി കീറിപ്പറിഞ്ഞ ഒരു പഴഞ്ചൻസാരി ചുററിയിട്ടുണ്ടെങ്കിലും അവളൊരു അർദ്ധനഗ്നതന്നെയായിരുന്നു. എണ്ണമയമററ അവളുടെ മുടി അങ്ങനെ കാററിലാടി പാറന്നു കൊണ്ടിരുന്നു. ആകെപ്പാടെ വൈകൃതത്തിന്റെ ഒരു ആകെത്തുകതന്നെ.

കഴുത്തു നിറയെ എന്തെങ്കിലുമാഭരണങ്ങളണിഞ്ഞു് നഗ്നത മറയ്ക്കാൻ കഴിയാത്ത നേരിയ സാരികളും ചുററി കണ്ണാടിബ്ലൗസ്സുമിട്ടു്, മുഖത്തു പൗഡറും പൂശി ലിപ്സ്റ്റിക്കും തേച്ചു് കൃത്രിമമോടിപിടിപ്പിച്ചു് ആയിരങ്ങൾക്കു തല്ലുകൊടുക്കുന്ന ഇന്നത്തെ കുമാരികളെ അവൾ വെല്ലുവിളിക്കുകയാണു്. അപ്ററുഡേററു മോഡലും, കർണ്ണാഭരണങ്ങളും, കങ്കണാദികളും എല്ലാം,എല്ലാംഅവളെ നോക്കിപല്ലിളിക്കുന്നതായിഅവൾക്കനുഭവപ്പെട്ടു.

അവളുടെ ഈ നിലയുടെ പിന്നിൽ ഒരു നീണ്ട ചരിത്രമുണ്ടു്. ഒരു ജീവിതകഥ. അതേക്കുറിച്ചോർക്കുമ്പോൾ അവളുടെ നയനങ്ങൾ നനയും; ഹൃദയം തകരും; ശരീരം തളരും.

ഹോ! വഴിയാധാരമായ ഒരു സാധു സോദരിയുടെ ജീവിതം!

അവൾ പുല്ലരപ്പിലും പൂഞ്ചോലകളിലുമൊക്കെ ഒരു ചിത്രശലഭത്തെപ്പോലെ മദിച്ചുപാടിപ്പറന്നിരുന്ന ഒരു കോളേജ് കുമാരിയായിരുന്നു. സുഖലോലുപതയുടെ മണിമേടയിൽ, സംതൃപ്തിയുടെ പൂനിലാവിൽ സ്വൈരവിഹാരം ചെയ്തിരുന്ന ആ മധുരപ്പതിനേഴുകാരി യാചനയുടെ കൈക്കുമ്പിളുമായി എന്നെ സമീപിച്ചിരിക്കുകയാണു്. കാലചക്രത്തിന്റെ "കരിങ്കാലി" തിരിച്ചിൽമൂലം അവളിന്നു അവശതയുടെ അടിത്തട്ടിലെത്തി ജീവിക്കുവാൻപോലും മാർഗ്ഗമില്ലാതെ നട്ടം കറങ്ങുകയാണു്.

ജഗദീശാ! ഇങ്ങനെ എത്രയെത്ര യുവതികളാണു് ആൽത്തറയും പൈപ്പിൻവെള്ളവുമായി കഴിഞ്ഞുകൂടുന്നതു്!

"സാർ!" കരഞ്ഞുകൊണ്ടവൾ പറയുകയാണു്, "ഇതുപോലെ തെണ്ടിത്തിരിയേണ്ട ഒരു കുടുംബത്തിലല്ല ഞാൻ ജനിച്ചതു്. എന്തുചെയ്യാം, കർമ്മഫലം......"

അവളുടെ തെററവൾ അറിഞ്ഞു. അതവളേററുപറഞ്ഞു് പശ്ചാത്തപിക്കുകയാണു്. "വിധി" യെന്ന വെറിപിടിച്ച വാക്കുകളൊന്നും ആ നാവിൽനിന്നുദിക്കുന്നില്ല. അവളൊരു മഗ്ദലനായെപ്പോലെ വാവിട്ടു കരയുകയാണു്.

ശിലയെപ്പോലും അലിയിക്കുന്ന ആ കരച്ചിൽ, ആധിയും വ്യാധിയുമായി കഴിഞ്ഞുകൂടുന്ന എന്നിൽ ഒരു പരിവർത്തനമുണ്ടാക്കി. എനിക്കുള്ള എന്റെ ഏകസോദരിയെപററി ഓർമ്മവന്നു. അവളെ ഓർത്തെങ്കിലും ഇവളെ സഹായിക്കേണ്ടതാണു്. എന്നാൽ എന്തുചെയ്യും? അവസാനം ഞാനൊന്നുറച്ചു. എന്റെ മെലിഞ്ഞ മണിപേഴ്സിൽനിന്നു് നാലണത്തുട്ടുകളെടുത്തു് വേഗം പറഞ്ഞയച്ചേക്കാമെന്നു്.

സോദരി എന്നു വിളിച്ചുകൊണ്ടു് പിന്നെ ഞാനിങ്ങനെ പറഞ്ഞു: "നിങ്ങളീ കാണുന്നമന്ദിരവും പരിസരങ്ങളും എന്റേതല്ല. "മിഷൻഹൗസ്" ആണിതു്. ഞാൻ പൂനമല്ലസെമ്മിനാരിയിൽ പഠിക്കുന്ന ഒരു വൈദികവിദ്യാർത്ഥിയാണു്. എന്റെ ആവശ്യങ്ങൾ മിഷനറി അച്ചന്മാരാണു്"

(ശേഷം 11-ാംപേജിൽ)



കഷ്ടം! സ്റ്റെപ്പിനി ടയർ ഉണ്ടായിരുന്നെങ്കിൽ!!

സ്റ്റെപ്പിനി ടയർ കൂടാതെ യാത്ര ചെയ്യുന്നവരുണ്ട്. അപകടം കൂടാതെ ചിലർ നിർദ്ദിഷ്ട സ്ഥാനത്ത് എത്തുന്നുമുണ്ട് എന്നാൽ പലരുടെയും അനുഭവം മറിച്ചാണ് നിരാശാഭരിതരായ യാത്രക്കാരെ നോക്കുക!

ഏതിനും ഒരു മുൻകരുതൽ വേണം - ജീവിതയാത്രയിൽ അവിചാരിതമായി ഉണ്ടായേക്കാവുന്ന സാമ്പത്തിക തകർച്ചയെ നേരിടുവാൻ! ഇതാ ഞങ്ങൾ ഒരു പ്ളാൻ സംവിധാനം ചെയ്തിരിക്കുന്നു

ഫെഡറൽ മിച്ചനിക്ഷേപപദ്ധതി ഈ പദ്ധതിയനുസരിച്ച് പ്രതിമാസികമായോ ത്രൈമാസികമായൊ അർദ്ധവാർഷികമായോ നിങ്ങൾ അടക്കുന്ന നിശ്ചിത തുക നിശ്ചിത കാലാവധിയിൽ ലാഭത്തോടുകൂടി ഒരു വലിയ തുകയായി നിങ്ങൾക്കു കിട്ടുന്നു. 5 ക. കൊണ്ട് പദ്ധതി ആരംഭിക്കാം

വിശദവിവരങ്ങൾക്ക്:-

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ് - ആലുവാ

ബ്രാഞ്ചുകൾ:- എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

# "മാർപ്പാപ്പാ നല്ല മനുഷ്യനാണത്രേ"

(ഫാദർ തോമസ് കൊച്ചുമുങ്കാനാൽ)

ക്രിസ്തുനാഥൻ മനുഷ്യവർഗ്ഗത്തെ രക്ഷിക്കണമെന്നു നിശ്ചയിച്ചുകൊണ്ട് നമുക്കുവേണ്ടി സഹിക്കുവാനും നമ്മോടുകൂടി വസിക്കുവാനും നമ്മളെ പഠിപ്പിക്കുവാനും ഭരിക്കുവാനും വിശുദ്ധീകരിക്കുവാനുമായിട്ട് ഒരു ശരീരമെടുത്തു് സാധാരണ ശിശുക്കളെപ്പോലെ ജനിച്ചുവളന്നു് ഈലോകജീവിതം അവസാനിപ്പിച്ചുവല്ലൊ. ഇത്രയും മാത്രംകൊണ്ട് അവിടുന്നു തൃപ്തിയടയുകയല്ല ചെയ്തതു്. എന്തുകൊണ്ടെന്നാൽ, മേൽ പ്രസ്താവിച്ചതുപോലെയെല്ലാം അവിടുന്നു ചെയ്തതിന്റെ ഉദ്ദേശം എന്നും എപ്പോഴുമുള്ള മനുഷ്യക്കുവേണ്ടിയായിരുന്നു. അതു സാധിക്കുന്നതിനായിട്ട് ലോകാവസാനംവരെ അവിടുന്നു നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു വാഗ്ദാനവും ചെയ്കയുണ്ടായി.

അതു നിറവേററിയില്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിനു ശക്തിയില്ലെന്നോ അതൊരു വഞ്ചനയായിരുന്നുവെന്നോ വ്യാഖ്യാനിക്കപ്പെട്ടേക്കാം. അവിടുന്നു ദൈവമാകയാൽ ആ വ്യാഖ്യാനം അവിടത്തെ ബാധിക്കയുമില്ല. തന്മൂലം അവിടുന്നു തന്റെ വാഗ്ദാനം എങ്ങനെ നിവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതു് ചിന്തനീയമായിരിക്കുന്നു. ഈ പ്രശ്നം സമ്യക്കായി ഗ്രഹിക്കണമെങ്കിൽ കുറച്ചു വിശ്വാസം കൂടിയേകഴിയൂ. മനുഷ്യശരീരമെടുത്തു ഈലോകജീവിതം നയിച്ച അവിടത്തെ ദൈവത്വത്തെ സമത്ഥിക്കുന്നതിനു ദൈവത്തിനുമാത്രം സാധിക്കുന്ന പരമസാത്വികമായ ജീവിതവും അത്ഭുതകരമായ പ്രവൃത്തികളും അനന്യസാദ്ധ്യമായ പ്രവചനങ്ങളും മററുമുണ്ടെങ്കിലും ചിന്തകന്മാരല്ലാത്തവക്കു വിശ്വാസമാണു ആലംബം. അതേ വിശ്വാസത്തിന്റെ വെളിച്ചംകൊണ്ടുതന്നെ ക്രിസ്തുവിന്റെ വാഗ്ദാനമനുസരിച്ചുള്ള സാന്നിദ്ധ്യത്തിന്റെ തുടർച്ചയേയും കാണ്മാൻ കഴിയും. ക്രിസ്തു സത്യമായിട്ട് ഇപ്പോഴും ലോകത്തിലെ തന്റെ നിവാസം തുടന്നുകൊണ്ടിരിക്കുന്നുണ്ട്. സ്വാഭാവികമായ അവിടത്തെ ആദിമലോകജീവിതം മാനുഷികശരീരമെടുത്തു കൊണ്ടായിരുന്നുവെങ്കിൽ മൗതികമായ ആധുനികജീവിതം തിരുസ്സഭാശരീരമെടുത്തു കൊണ്ടാണെന്നൊരു വ്യത്യാസംമാത്രം.

ക്രിസ്തു പലപ്പോഴും ചെയ്ത സംഭാഷണങ്ങൾകൊണ്ടും പ്രസ്താവനകൾകൊണ്ടും ഈ സത്യം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും "നീ എന്തുകൊണ്ടു എന്നെ പീഡിപ്പിക്കുന്നു"വെന്നു വിശുദ്ധ പൗലോസ് ശ്ലീഹായോടു ചെയ്ത ചോദ്യത്തിൽ ഇതു പ്രകടമാക്കിയിട്ടുണ്ട്. (ശ്ലീഹന്മാരുടെ നടപടി IX 5) പൗലോസ് ശ്ലീഹായുടെ കാലത്തിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായിരുന്നുവെങ്കിൽ ഇന്നത്തെ ക്രിസ്ത്യാനികളും എന്തുകൊണ്ട് അവിടത്തെ ശരീരത്തിന്റെ അവയവങ്ങളാകയില്ല? ക്രിസ്തു അന്നും ഇന്നും എന്നും ഒരുപോലെയുള്ള ആളാണല്ലൊ. അതേ, മാമ്മോദീസാവഴി പുനർജന്മം പ്രാപിച്ച് ക്രിസ്തുവിനോടു ബന്ധപ്പെട്ട ഓരോ അംഗത്തിലും ക്രിസ്തു സന്നിഹിതനായിരിക്കുന്നുണ്ട്. പ്രധാനങ്ങളും അപ്രധാനങ്ങളുമായ ഓരോ അംഗത്തിനും പ്രത്യേകം പ്രത്യേകമായ ഓരോ ജോലിയും അവിടുന്നു നിയോഗിച്ചിട്ടുണ്ട്. ഈ ക്രമം തുടന്നുപോരുന്നതുകൊണ്ടത്രേ തിരുസ്സഭയിൽ അടുക്കോടെ ഒരു വ്യവസ്ഥയും ഐക്യവും ദൃശ്യമാകുന്നതു്. ഈ ഐക്യത്തെ നിലനിറുത്തിക്കൊണ്ടുപോരുന്ന ഘടകം മാനുഷികശരീരത്തിൽ ജീവൻ എന്നതുപോലെ തിരുസ്സഭാശരീരത്തിൽ വാണുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ ജീവനാകുന്നു. ക്രിസ്തു അദൃശ്യനും തിരുസ്സഭ ദൃശ്യവുമാകുന്നു. ഈ ദൃശ്യശരീരത്തിന്റെ ശിരസ്സാകുന്നു മാർപ്പാപ്പാ.

മാർപ്പാപ്പാസ്ഥാനത്തിന്റെ ഉത്ഭവം, ദൈവപുത്രനായ തന്നെക്കുറിച്ച് മനുഷ്യർ എങ്ങനെയാണു ധരിച്ചുവച്ചിരിക്കുന്നതെന്നു ക്രിസ്തുനാഥൻ അപ്പസ്തോലന്മാരോടു ചോദിക്കയും അവർ അതിനു മറുപടി പറയുകയും തുടന്നു അവരുടെതന്നെ അഭിപ്രായം ആവശ്യപ്പെടുകയും അവരുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് അവിടുന്നു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നു വിശുദ്ധ പത്രോസ് ശ്ലീഹാ ചെയ്ത പ്രസ്താവനയെ അംഗീകരിച്ചുകൊണ്ട് മത്തായി ഏവൻഗലിസ്തായുടെ സുവിശേഷം പതിനാറാം അദ്ധ്യായത്തിലെ പതിനാലുമുതൽ ഇരുപതുവരെയുള്ള വാക്യങ്ങളിൽ സംഗ്രഹിച്ചിരിക്കുന്ന വാക്കുകളാൽ വാഗ്ദാനം നൽകുകയും ചെയ്തപ്പോഴാകുന്നു. ആ വാഗ്ദാനത്തിന്റെ പൂത്തീകരണം നടന്നതു സ്വർഗ്ഗാരോഹണാനന്തരം പത്രോസ് ശ്ലീഹാക്കു കുഞ്ഞാടുകളേയും ആടുകളേയും പെണ്ണാടുകളേയും മേയ്ക്കുവാനുള്ള അധികാരം പ്രദാനം ചെയ്തപ്പോളുമാകുന്നു. (യോഹ: അ: XXI. വാ: 15—18)

എത്രയും മഹോന്നതമായ മാർപ്പാപ്പാപദം പ്രഥമമായി സ്വീകരിച്ച ഒന്നാമത്തെ ആളിനു തന്റെ യജമാനനായ ക്രിസ്തുവിനോടൊപ്പം, പക്ഷികൾക്കു ചേക്കിരിക്കുന്നതിനു വൃക്ഷങ്ങളും കുറുനരികൾക്കു വസിക്കുന്നതിനു മാളങ്ങളുമുണ്ടെങ്കിലും, തനിക്കു സ്വന്തമായി ഒരടി ഭൂമിപോലും ഇല്ലെന്നു പറയാമായിരുന്നു. അദ്ദേഹം ആരുടെ പ്രതിപുരുഷനായിരുന്നുവോ ആ ആളിന്റെ നാമം ഉച്ചരിച്ചുകൊണ്ട് സ്വച്ഛന്ദം വെളിയിലിറങ്ങി സഞ്ചരിക്കുവാൻപോലും സാധിച്ചിരുന്നില്ല. എങ്കിലും അദ്ദേഹം തന്റെ കൃത്യബോധം പാലിക്കയും അതിന്റെ ഫലമായി നിഷ്ഠുരമരണം അനുഭവിക്കേണ്ടിവരികയും ചെയ്തു. കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ ഭരണകാലംവരെ പാപ്പാസ്ഥാനത്തേക്കു് ഉയത്തപ്പെട്ട അദ്ദേഹത്തിന്റെ പിൻഗാമികളുടെ അനുഭവങ്ങളും മറിച്ചല്ലായിരുന്നു. പ്രസ്തുത ചക്രവത്തി മാർപ്പാപ്പാമാർ അർഹിച്ചിരുന്ന സ്വാതന്ത്ര്യം അനുവദിക്കയും അവക്കു വസിക്കുന്നതിനു കുറച്ചു സ്ഥലം ദാനമായി നൽകുകയുമുണ്ടായി. ഒരു പാപ്പാക്കു് ആവശ്യമുള്ളതു തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ധമ്മനിവ്വഹണകൃത്യം നിർബാധം അനുഷ്ഠിക്കുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമാണു്. അതു് ഇപ്പോൾ വേണ്ടുവോളമുണ്ട്.

രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്നതും ലൗകികാധിപത്യം സ്ഥാപിക്കുന്നതും പാപ്പായുടെ ഉദ്യോഗത്തിനു യോജിക്കുന്നതല്ല.

**പോപ്പുരാജൻ നീണാൾ വാഴട്ടെ!**



12-ാംപീയൂസ് മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പു 1939 മാർച്ച് 2.
കിരീടധാരണം മാർച്ച 12.
തിരുമനസ്സിലെ ജന്മദിനം 1876 മാർച്ച് 2
(വയസ്സ് 79)


പാപ്പാക്കു ഭാര്യയോ മക്കളോ ഇല്ലാത്തതിനാൽ അവക്കായി എന്തെങ്കിലും സമ്പാദിച്ചുവെക്കേണ്ടയാവശ്യവുമില്ലല്ലൊ. ഒരുപാപ്പായുടെ പിൻഗാമി ചാർച്ചമുറക്കുള്ള ആളുമായിരിക്കയില്ല. തങ്ങളുടെ പിൻഗാമികളെ നിശ്ചയിക്കുന്നതിനു്, പാപ്പാമാർ തന്നെ ചെയ്തുവച്ചിരിക്കുന്ന നിയമം അവരെ അനുവദിക്കാതെയാണിരിക്കുന്നതു്. പാപ്പാമാർ തങ്ങളുടെ നിത്യചെലവുതന്നേ നടത്തിപ്പോരുന്നതു് ആരംഭത്തിലെന്നതുപോലെ ഇന്നും നന്മനസ്സുള്ളവരുടെ ഔദാര്യമൊന്നുകൊണ്ടുമാത്രമാകുന്നു. തിരുസ്സഭയുടെ അധികാരത്തിൽപ്പെട്ട സ്ഥാപനങ്ങളുടെ ധനമെല്ലാം പാപ്പായുടേതാണെങ്കിലും തനിക്കു അതതു സ്ഥലങ്ങളിലുള്ളവർ നന്മനസ്സോടെ സമപ്പിക്കുന്നതല്ലാതെ താൻ ഒരു കൊച്ചുകാശുപോലും എടുക്കുന്നില്ല. ദാനംചെയ്യുന്നതു സ്വീകരിക്കയും ചെയ്യും. അങ്ങനെ ചെയ്യുന്നതു് ഉള്ളവരിൽനിന്നു മേടിച്ചു ഇല്ലാത്തവക്കു കൊടുക്കുന്നതിനു വേണ്ടിയുമത്രേ. പാപ്പാ ഇങ്ങനെ മേടിക്കയും കൊടുക്കയും കൊടുക്കുകയും മേടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടാണു് ഓരോരോ സ്ഥലങ്ങളിൽ വെള്ളപ്പൊക്കംകൊണ്ടു വലയുന്നവരും ഭൂകമ്പംകൊണ്ടു കഷ്ടപ്പെടുന്നവരും യുദ്ധംകൊണ്ടു പീഡിപ്പിക്കപ്പെടുന്നവരും മററോരോ അത്യാഹിതങ്ങളിൽപ്പെട്ടുഴലുന്നവരും സഹായിക്കപ്പെടുന്നതായി പലപ്പോഴും കേൾക്കുവാനിടയാകുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വർഗ്ഗീയചിന്തയോ ജാതിപരിഗണനയോ മതവ്യത്യാസമോ ചിന്തിക്കപ്പെടുന്നില്ലെന്നും പ്രസ്താവിക്കേണ്ടതുണ്ട്.

മാർപ്പാപ്പാമാരുടെ ഈദൃശനയംകൊണ്ടും സത്യവും നീതിയും പാലിക്കുന്നതിനുള്ള നിഷ്ഠകൊണ്ടും അവരുടെ ഗുണകാംക്ഷികളുടെ സംഖ്യ നാനാജാതിമതസ്ഥരുടേയും ഇടയിൽ വർദ്ധിച്ചുവരുന്നുണ്ടെന്നുള്ളതു് ഒരു യാഥാത്ഥ്യമാണു്. സാമ്രാജ്യങ്ങളും രാജ്യങ്ങളുമായി ഇപ്പോൾ അൻപത്തിനാലോളം രാഷ്ട്രങ്ങൾ വത്തിക്കാനുമായി നയതന്ത്രബന്ധം പാലിച്ചുപോരുന്നുമുണ്ട്. പാപ്പാമാർ രാജ്യങ്ങളും സാമ്രാജ്യങ്ങളും തമ്മിലുള്ള വഴക്കുകളും തക്കങ്ങളും തീക്കുന്നതിനു് മാദ്ധ്യസ്ഥം വഹിച്ചിരുന്നതും അതിനുതക്ക പ്രാമാണ്യം കല്പിക്കപ്പെട്ടിരുന്നതുമായ കാലങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രതിദിനം വർദ്ധിച്ചുവരുന്ന കത്തോലിക്കരുടെ സംഖ്യാബാഹുല്യംനിമിത്തം ആധുനികകാലങ്ങളിലെ പാപ്പാമാക്കു ഔദ്യോഗികമായ ജോലിത്തിരക്കു അധികപ്പെടുകയാൽ രാഷ്ട്രീയകാര്യങ്ങളിൽ ഏപ്പെടുന്ന അവരുടെ നയത്തിനു് ഒരു നിയന്ത്രണം വരുത്തിവച്ചിരിക്കുകയാണു്. പാപ്പാമാർ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് ഒരു അഭിപ്രായം പ്രകടിപ്പിച്ചുപോയാൽ പക്ഷപാതബുദ്ധിയും, മൗനം അവലംബിച്ചുപോയാൽ ധമ്മഭീരുത്വവും ആരോപിക്കുവാൻ കച്ചകെട്ടിയിരിക്കുന്നവരുടെ സംഖ്യ ഒട്ടും കുറവുമല്ലല്ലോ. എന്നിരുന്നാലും തങ്ങളുടെ ഉദ്യോഗത്തോടു ബന്ധപ്പെട്ട കാര്യങ്ങളിൽ ഏപ്പെട്ട സത്യം ഉപദേശിക്കയും നീതി നിദ്ദേശിക്കയും ചെയ്യേണ്ടകൃത്യത്തിൽ പാപ്പാമാർ അലസത ഭജിച്ചെന്നു വരികയുമില്ല.

പാപ്പാസ്ഥാനത്തെക്കുറിച്ചു പൊതുവായി ഇത്രയും പ്രസ്താവിച്ചശേഷം ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് തിരുമേനിയുടെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ചും അല്പം പ്രസ്താവിച്ചുകൊള്ളുന്നു. തിരുസ്സഭയെ പതിനേഴു കൊല്ലത്തേക്കു പ്രശസ്തമായി ഭരിച്ചുകൊണ്ടിരുന്ന പതിനൊന്നാം പീയൂസ് തിരുമേനി പരലോകം പ്രാപിച്ചപ്പോൾ ലോകത്തിനാകമാനം, പ്രത്യേകിച്ച് കത്തോലിക്കക്ക് ഒരു ഉൽക്കണ്ഠയുണ്ടായിരുന്നു. കാരണം, കത്തോലിക്കാസഭ അപ്പോൾ അഭിമുഖീകരിക്കേണ്ടിയിരുന്ന ആപൽക്കരമായ ഘട്ടത്തിന്റെ സ്മരണയായിരുന്നു. അപ്പോൾ ലോകത്തിൽ നിലവിലിരുന്ന സകല മതസംഘടനകളും കത്തോലിക്കാസഭയുടെ അസൂയാർഹമായ ഔന്നത്യത്തെ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്റ്റാലിന്റെ കമ്മ്യൂനിസവും ഹിററ്ലറിന്റെ നാസിസവും മുസ്സോലിനിയുടെ ഫാസിസവും പ്രത്യേകിച്ചു പാപ്പാസ്ഥാനത്തോട് ഉഗ്രസമരം നടത്തിക്കൊണ്ടിരിക്കുകയായിരുന്നല്ലൊ. അവക്കെല്ലാം എതിരായി കാലത്തിനടുത്ത പാപ്പായെന്നു വിളിക്കപ്പെട്ടിരുന്ന പീയൂസ് തിരുമേനി അവസരോചിതമായ പ്രതിവിധികൾ പ്രയോഗിക്കയും തക്കതായ നിദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടുവരികയായിരുന്നു. അങ്ങനെയുള്ള ഒരു പാപ്പായുടെ നഷ്ടം എങ്ങനെയാണു് പരിഹരിക്കപ്പെടുക, തിരുസ്സഭക്കു് എന്താണു് സംഭവിക്കുവാനിരിക്കുന്നതു് എന്നായിരുന്നു എല്ലാവരുടേയും വിചാരം. എന്നാൽ ലോകത്തെ ജയിച്ച മിശിഹാ തലവനായുള്ള തിരുസ്സഭയെക്കുറിച്ച് ആശാരഹിതമായ ഒരു ഉൽക്കണ്ഠ അവർ വരിക്കേണ്ടതില്ലായിരുന്നുവെന്നു പന്ത്രണ്ടാം പീയൂസ് തിരുമേനിയെ അറുപത്തൊന്നു കർദ്ദിനാളന്മാരുംകൂടി ആദ്യദിവസംതന്നെ തിരഞ്ഞെടുത്തപ്പോൾ വെളിപ്പെടുകയുണ്ടായി.

ഉഗ്രതപസ്സും കഠിനപരിശ്രമവുംമൂലം തിരുമേനി ഇപ്പോൾ രോഗബാധിതനായിത്തീർന്നിരിക്കുന്നുവെങ്കിലും കാലത്തിനടുത്ത വിധത്തിലുള്ള സുത്യർഹഭരണം തന്നെയാണല്ലൊ ഈ കഴിഞ്ഞ പതിനഞ്ചുവർഷവും അദ്ദേഹം നടത്തിക്കൊണ്ടിരുന്നതു്. ഈ ലേഖനം എഴുതുവാൻ തുടങ്ങിയപ്പോൾ കിട്ടിയ പത്രത്തിൽ, അനേക ദിവസത്തേക്കു് കുർബാന ചൊല്ലുവാൻ സാധിക്കാതിരുന്ന തിരുമേനി ആ ദിവ്യകർമ്മവും അനുഷ്ഠിച്ചുതുടങ്ങിയിരിക്കുന്നതായ റിപ്പോർട്ടു സന്തോഷാവഹമായിട്ടുണ്ട്. തിരുമേനി വിജ്ഞാനംകൊണ്ടും വിശുദ്ധികൊണ്ടും പ്രഖ്യാതിസമ്പാദിച്ചിട്ടുണ്ടെന്നു അദ്ദേഹത്തെ അഭിമുഖമായി സന്ദർശിച്ചു മടങ്ങിയെത്തിയിരിക്കുന്ന സർ രാധാകൃഷ്ണൻ ബോംബെയിൽവച്ചു പ്രസ്താവിച്ചിട്ടുമുണ്ടല്ലോ. അതേ, തിരുമേനി ഒരു തികഞ്ഞ പണ്ഡിതനും ഉത്തമഭക്തനുമാണു്. അവിടത്തേക്കു ഭക്തിയും പാണ്ഡിത്യവും മാത്രമല്ല തിരുസ്സഭയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും പഠിച്ചും പഠിപ്പിച്ചും പ്രവത്തിച്ചും വേണ്ടുവോളം പരിചയവുമുണ്ട്. മഹാധീരനും ആണു്. പലതും കണ്ടും എല്ലാവരും കേട്ടും അറിഞ്ഞുംകൊണ്ടിരിക്കുന്ന വസ്തുതകൾക്കു തെളിവു് ഹാജരാക്കേണ്ടയാവശ്യമില്ലെന്നു കരുതുന്നു. ഈ സമാധാനദൂതന്റെ നയവിശേഷം ഏതെല്ലാം അപകടങ്ങളിൽനിന്നു ലോകത്തെ രക്ഷിച്ചിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾ അദ്ദേഹം ലോകത്തിനു ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുവാനിരിക്കുന്നേയുള്ളു. പുഷ്പത്തെ ഫലമെന്നപോലെ സാദരസ്മരണാർഹനായ തന്റെ മുൻഗാമിയെ തിരുമേനി അതിശയിച്ചുകഴിഞ്ഞിരിക്കുന്നുവെന്നുമാത്രം ഇപ്പോൾ പ്രസ്താവിക്കാം. ലക്ഷണസംയുക്തനായ ഒരു പാപ്പായെ ലഭിച്ചതുകൊണ്ടു നമുക്കു സന്തോഷിക്കാം. കാലത്തിനടുത്ത ഒരു പാപ്പായെ പ്രദാനം ചെയ്ത ദൈവത്തിനു നമുക്കു നന്ദിപറയാം. പാപ്പാ നമ്മുടെ ശിരസ്സാകയാൽ അവയവങ്ങളായ നമുക്കു അദ്ദേഹത്തിന്റെ ക്ഷേമത്തിനായി പ്രാത്ഥിക്കാം.

പാപ്പാസ്ഥാനത്തെക്കുറിച്ചും അടുത്ത കാലങ്ങളിലെ പാപ്പാമാർ നിവ്വഹിച്ചിട്ടുള്ള വീരോചിതകൃത്യങ്ങളെക്കുറിച്ചും ഒരു പാപ്പാവിരോധി നാട്ടുഭാഷായോഗത്തിൽ വണ്ണിച്ചു കേട്ടപ്പോൾ അകത്തോലിക്കനും വൃദ്ധനുമായ ഒരു മാന്യൻ ഉദീരണം ചെയ്ത വാചകമാണു ലേഖനത്തിന്റെ അഭിധാനം. അതെ, മാർപ്പാപ്പാ ഒരു നല്ല മനുഷ്യനാണു്. പോരാ, നല്ലവരിൽ നല്ല ആളുമാണു്. സാധാരണക്കാരി

"ജബ്കോ"
5-ാംനമ്പ്ര് തൂക്കുവിളക്കു്
ഗുണത്തിൽ
എതിരാളിയില്ലാത്തതു്-
"ജബ്കോ ബഡ്റൂം"വിളക്കും
അങ്ങിനെതന്നെ
ജയ ഭാരതം കമ്പനി
എറണാകുളം—1

"ഗ്രൂപ്പ് ഫോട്ടോ"
ലോകപ്രസിദ്ധമായ സാധനസാമഗ്രികൾ ഉപയോഗിച്ച് വമ്പിച്ച സൈസിലും, അതിവിശിഷ്ടമായ രീതിയിലുമുള്ള ഗ്രൂപ്പ് ഫോട്ടോകൾ മിതമായ ചാർജ്ജിനു് കൃത്യസമയത്തു് ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.
കോളേജ് & സ്കൂൾഗ്രൂപ്പ് ഫോട്ടോസ്
സിററിംഗ് ചാർജ്ജു വേണ്ട. നിരാശക്കിടവരാതിരിപ്പാൻ ഉടനെ നിങ്ങളുടെ ആർഡർ ബുക്കുചെയ്യുവിൻ.
ലോയൽ സ്റ്റുഡിയോ, തൊടുപുഴ

# സ്ലീബാപാഥ അഥവാ കുരിശിന്റെ വഴി

(കെ. ഇ. ജോബ് എം. എ. എൽ. ടി)

സ്ലീബാപാഥയുടെ പതിന്നാലു തിരുച്ചിത്രങ്ങൾ പ്രതിഷ്ഠിച്ചിട്ടില്ലാത്ത കത്തോലിക്കാ ദേവാലയങ്ങൾ ഇപ്പോൾ കേവലം അപൂർവ്വമാണു. എന്നാൽ എല്ലാ ദേവാലയങ്ങളിലും അവ ഇന്നത്തെപ്പോലെ സ്ഥാപിച്ചുതുടങ്ങിയിട്ടു് രണ്ടു നൂറാണ്ടുകാലത്തിൽ കൂടുതലായിട്ടില്ല.

ആദ്യകാലങ്ങളിൽ ഫ്രാൻസിസ്കൻ സന്യാസഭവനങ്ങൾക്കു മാത്രമായിരുന്നു ഇങ്ങനെ സ്ലീബാപാഥാ തിരുസ്വരൂപങ്ങൾ പ്രതിഷ്ഠിക്കുന്നതിനുവേണ്ട അധികാരം ഉണ്ടായിരുന്നതു്. ഈ അധികാരം അവർക്കു ലഭിച്ചതു് 1686-ാമാണ്ടിലായിരുന്നു. എന്നാൽ ഫ്രാൻസിസ്കൻ സഭക്കാർ ലോകത്തിന്റെ എല്ലാ ഭാഗത്തും ഇല്ലായിരുന്നതുകൊണ്ടു് 18-ാം ശതകാരംഭത്തിൽ എല്ലാ മെത്രാന്മാർക്കും ഇതിനുള്ള അധികാരം കൊടുക്കപ്പെടുകയാണുണ്ടായതു്.

13-ാം നൂറ്റാണ്ടിൽ മഹാ വിശുദ്ധനായ ഫ്രാൻസീസ് അസീസ്സി വിശുദ്ധ നാട്ടിൽപോയി അവിടെയുണ്ടായിരുന്ന മഹമ്മദീയരേയും അവിശ്വാസികളേയും മതപരിവർത്തനം ചെയ്യുന്നതിനു് ഒരു പരിശ്രമം നടത്തി. ഈ സംരംഭം ഒരു പരാജയമായിരുന്നു, എങ്കിലും ധീരോദാത്തമായ ആ പ്രവൃത്തിമൂലം പല പ്രയോജനങ്ങളും ക്രൈസ്തവർക്കു ലഭിച്ചു. മിശിഹായുടെ കഷ്ടാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും വിശുദ്ധ രംഗങ്ങൾ മുസ്ലീമിങ്ങളുടെ കൈയിൽനിന്നും വീണ്ടെടുക്കുന്നതിനു സാധിച്ചതു് അദ്ദേഹത്തിന്റെ ഈ പ്രയത്നഫലമായിട്ടാണു്. ഇക്കാലംമുതൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുംനിന്നു് ക്രൈസ്തവതീർത്ഥകർ ധാരാളമായി പാലസ്റ്റൈനിൽപോയി, ജെറുസലേം പട്ടണത്തിലും ഗാഗുൽത്താമലയിലുമുള്ള കഷ്ടാനുഭവരംഗങ്ങളെ സന്ദർശിക്കുകയും അവിടെ പ്രാർത്ഥിക്കുകയും പതിവായിത്തീർന്നു. 17-ാം ശതകാരംഭംവരെ അവിടെമാത്രമായിരുന്നു സ്ലീബാപാഥ എന്ന ഭക്തകൃത്യം അനുഷ്ഠിക്കപ്പെട്ടുവന്നിരുന്നതു്.

സ്ലീബാപാഥജപിക്കുന്നതിനു് ആദ്യമായി നമ്മെ അഭ്യസിപ്പിച്ചതു് സാക്ഷാൽ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം തന്നെയാണു്. ഈ പതിവു് ആദിമശതകം മുതൽതന്നെ ക്രിസ്ത്യാനികൾ തുടർന്നുവന്നതാണു്. ഫ്രാൻസിസ് അസ്സീസ്സി ഈ പതിവിനു പ്രചാരം കൂട്ടുകയേ ചെയ്തുള്ളു. ഏതായാലും ഇക്കാരണത്താലാണു് 1686-ാമാണ്ടിൽ ഫ്രാൻസിസ്കൻ ദേവാലയങ്ങൾക്കുമാത്രം ഈ പ്രത്യേകാവകാശം ലഭിച്ചതു്.

എന്നാൽ ഫ്രാൻസിസ്കൻ സഭക്കാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇല്ലായിരുന്നതുകൊണ്ടു് 12-ാം ക്ലെമന്റു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സ്ലീബാപാഥാ തിരുച്ചിത്രങ്ങൾ എല്ലാ ദേവാലയങ്ങളിലും സ്ഥാപിക്കുന്നതിനുള്ള അധികാരം 1713-ാമാണ്ടിൽ നൽകി. ഈ സ്ലീബാപാഥാ ഭക്തി പ്രചരിപ്പിക്കുന്നതിൽ ഒരു നല്ല പങ്കു വഹിച്ച മഹാത്മാവാണു് വിശുദ്ധ ലിയോണാർഡു് എന്ന പുണ്യവാൻ.

ആദ്യകാലങ്ങളിൽ സ്ലീബാപാഥയുടെ പതിന്നാലുസ്ഥലങ്ങൾ ക്രമീകരിച്ചിരുന്നതു് ഇപ്പോഴത്തെ രീതിയിലല്ലായിരുന്നു. അന്നത്തെ ആളുകൾ മിശിഹായുടെ കബറടക്കംകൊണ്ടു തുടങ്ങുകയും പീലാത്തോസിന്റെ ന്യായവിധികൊണ്ടു് അവസാനിപ്പിക്കുകയും ചെയ്തിരുന്നു. ഈ പതിവുമാററി മിശിഹായുടെ കഷ്ടാനുഭവരംഗങ്ങളെ കാലക്രമരീതിയിൽ ശരിപ്പെടുത്തി പ്രചരിപ്പിച്ചതു് മേല്പറഞ്ഞ വിശുദ്ധ ലിയോണാർഡു തന്നെയായിരുന്നു.

പ്രാചീനകാലം മുതൽക്കുതന്നെ മാർപ്പാപ്പാമാർ അനേകം ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിച്ചുകൊണ്ടു് സ്ലീബാപാഥാ ഭക്തരെ അനുഗ്രഹിച്ചിട്ടുണ്ടു്. എന്നാൽ ഈ ദണ്ഡവിമോചനങ്ങളെയെല്ലാം പുനഃപരിശോധിച്ചും നവീകരിച്ചുംകൊണ്ടു് 1931 ഒക്ടോബർ 20-ാംതീയതി 11-ാം പീയൂസ് മാർപ്പാപ്പാ ഒരു തിരുവെഴുത്തുവിളംബരം പുറപ്പെടുവിച്ചിട്ടുണ്ടു്. ഈ വിളംബരത്തിലെ ഉള്ളടക്കം അനുസരിച്ചു് സ്ലീബാപാഥ ജപിക്കുന്ന ഓരോ വിശ്വാസിക്കും, അതു നടത്തുന്ന ഓരോ അവസരത്തിലും, ഒരു പൂർണ്ണദണ്ഡവിമോചനംവീതം ലഭിക്കാവുന്നതാണു്. ഈ ഭക്തകൃത്യം നടത്തുന്നതിനു മുമ്പോ പിമ്പോ, അതേ ദിവസംതന്നെ വിശുദ്ധ കുർബാന സ്വീകരിക്കുന്നപക്ഷം, ഒരു പൂർണ്ണദണ്ഡവിമോചനം കൂടുതലായി ലഭിക്കുന്നതുമാണു്. ഒരു മാസത്തിൽ പത്തുദിവസത്തിൽ കുറയാതെ സ്ലീബാപാഥ ജപിക്കുകയും മാസാവസാനത്തിൽ വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുന്ന വിശ്വാസികൾക്കു് മൂന്നാമതൊരു പൂർണ്ണദണ്ഡവിമോചനംകൂടി പ്രാപിക്കാവുന്നതാണെന്നും മേല്പറഞ്ഞ തിരുവെഴുത്തിൽ കാണുന്നു.

എന്നാൽ ഈ പൂർണ്ണദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനു ചില വ്യവസ്ഥകളുണ്ടു്. ആദ്യമായി ഈ ഭക്തകൃത്യം അനുഷ്ഠിക്കുന്നയാൾ പ്രസാദവരത്തിൽ ആയിരിക്കണം. ഏതു ദണ്ഡവിമോചനം പ്രാപിക്കുന്നതിനും ഇതാവശ്യമാണല്ലോ. രണ്ടാമതായി ആ ആൾ ദിവ്യരക്ഷകന്റെ കഷ്ടാനുഭവത്തെക്കുറിച്ചു ധ്യാനിക്കേണ്ടിയിരിക്കുന്നു. മൂന്നാമതായി സ്ലീബാപാഥ "പ്രൈവററായി" കഴിക്കുന്ന വ്യക്തി "ഒരു സ്ഥലത്തുനിന്നും" മററു "സ്ഥലത്തേ"ക്കു് മാറിക്കൊണ്ടുവേണം ഈ ഭക്തകൃത്യം അനുഷ്ഠിക്കുന്നതു്. സംഘമായിട്ടു നടത്തുന്ന അവസരങ്ങളിൽ എല്ലാവരും അപ്രകാരം ഓരോ സ്ഥലത്തും പോകണമെന്നു നിർബന്ധമില്ല. കാർമ്മികൻമാത്രം അങ്ങനെ ചെയ്താൽ മതിയാകുന്നതാണു്. സ്ലീബാപാഥ നടത്തുന്നവർ പതിന്നാലുസ്ഥലങ്ങളിലേയും ധ്യാനവും ജപങ്ങളും തുടർച്ചയായി അനുഷ്ഠിക്കേണ്ടതാണു്. എന്നാൽ ഏതാനും സ്ഥലങ്ങളിൽമാത്രം ജപധ്യാനങ്ങൾ നടത്തുന്നവർക്കു 10 കൊല്ലത്തെ ദണ്ഡവിമോചനംവീതം ലഭിക്കാവുന്നതാണു്.

ദേവാലയത്തിൽ പോകാൻ നിവൃത്തിയില്ലാത്തവർക്കും ഈ ദണ്ഡവിമോചനം പ്രാപിക്കുന്നതിനുവേണ്ട സൗജന്യങ്ങൾ തിരുസ്സഭ നൽകിയിട്ടുണ്ടു്. ദേവാലയത്തിൽ പോകുവാൻ യാതൊരു നിവൃത്തിയുമില്ലാത്ത രോഗികൾക്കും ക്ഷീണിതർക്കും യാത്രക്കാർക്കും തടവുകാർക്കും ഈ വിശിഷ്ട ഭക്തകൃത്യം അനുഷ്ഠിച്ചു് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പരിശുദ്ധ സിംഹാസനത്തിൽനിന്നും ചെയ്തിരിക്കുന്നു. ഇതേസംബന്ധിച്ചു് 1931 മാർച്ചു് 25-ാം തീയതി ചെയ്തിട്ടുള്ള തീരുമാനങ്ങൾ താഴെ വിവരിക്കുന്നവയാണു്.

ഈ വിശിഷ്ട ഭക്തകൃത്യം നടത്തുന്ന വ്യക്തികൾ, ഇതിലേക്കു് പ്രത്യേകം വെഞ്ചരിപ്പു കിട്ടിയിട്ടുള്ള ക്രൂശിതരൂപം കൈയിൽ പിടിച്ചുകൊണ്ടു് 20 ആകാ. 20 നന്മ. 20 ത്രി. സ്തുതി ഇവ ജപിക്കണം. അവ മിശിഹായുടെ പതിന്നാലു കഷ്ടാനുഭവരംഗങ്ങളെയും അഞ്ചു തിരുമുറിവുകളെയും മാർപ്പാപ്പായുടെ നിയോഗത്തെയും പുരസ്കരിച്ചുള്ളതാണു്.

1931 മാർച്ചു് 25-ാംതീയതി നടത്തിയ പ്രസ്തുത പ്രഖ്യാപനത്തിൽ പരിശുദ്ധസിംഹാസനം വേറെയും ചില സൗജന്യവ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. ക്ഷീണാധിക്യംമൂലം മേല്പറഞ്ഞ പ്രാർത്ഥനകൾ ചൊല്ലുവാൻ നിവൃത്തിയില്ലാത്തവർ മേൽപ്രസ്താവിച്ച വിധത്തിൽ പ്രത്യേകമായി വെഞ്ചരിക്കപ്പെട്ട ക്രൂശിതരൂപങ്ങളെ നോക്കിക്കൊണ്ടോ ചുംബിച്ചുകൊണ്ടോ കഷ്ടാനുഭവത്തെ ആസ്പദമാക്കി ഒരു സുകൃതജപം ചൊല്ലിയാൽ മതിയാകും. അതിനും നിവൃത്തിയില്ലാത്ത ആളുകൾ തങ്ങളുടെ കൈയിലുള്ള ക്രൂശിതരൂപത്തെ ചുംബിക്കുകയോ നോക്കുകയോ ചെയ്താലും പൂർണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണു്. സമൃദ്ധമായ ഈ ദണ്ഡവിമോചനങ്ങൾ ശുദ്ധീകരാത്മാക്കൾക്കുവേണ്ടി കാഴ്ചവയ്ക്കുകയും ചെയ്യാം.

മേല്പറഞ്ഞ ദണ്ഡവിമോചനസൗജന്യങ്ങളെക്കുറിച്ചു ശരിയായ അറിവുള്ളവർ നമ്മുടെ കേരളക്കരയിൽ അധികം പേരുണ്ടോ എന്നുള്ള കാര്യം സംശയമാണു്. എന്നാൽ ഈ ഭക്തകൃത്യത്തിനു് അമേരിക്കയിൽ നല്ല പ്രചാരമുണ്ടു്. ഈ വിശിഷ്ടഭക്തിയെ അത്യധികമായി സഹായിക്കുന്ന ഒരു ഭക്തോപകരണം മി. ഡാനിയേൽ ഹെനിസ്സി എന്ന ഭക്തൻ പ്രചരിപ്പിച്ചുവരുന്നുണ്ടു്. അതിന്റെ പേരു് "Your Family Stations of the Cross" എന്നാണു്. 1950-ാമാണ്ടിൽ ഈ ഉപകരണത്തിന്റെ മാതൃക റോമയിലുള്ള പരിശുദ്ധ തിരുസംഘത്തിനു് സമർപ്പിക്കപ്പെട്ടു. അങ്ങനെ അതിനു് തിരുസ്സഭയുടെ അംഗീകാരവും ആശീർവ്വാദവും ലഭിച്ചു. പിന്നീടു് മി. ഹെനിസ്സി അതിന്റെ അനേകം പ്രതികൾ അമേരിക്കയിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാർക്കു് സമ്മാനിക്കുകയുണ്ടായി. തൽഫലമായി അവർ അതിനു് അമേരിക്കയിൽ വളരെ പ്രചാരം നൽകിവരുന്നു. ഈ ഭക്തോപകരണത്തിന്റെ നടുവിൽ ഒരു ക്രൂശിതരൂപവും ചുററും മിശിഹായുടെ കഷ്ടാനുഭവത്തെ കാണിക്കുന്ന മററു രംഗങ്ങളും കൊത്തിയിരിക്കുന്നു. ഈ വിധത്തിലുള്ള ഉപകരണങ്ങൾ നമ്മുടെ ദേശത്തിലെ ഓരോ കത്തോലിക്കാ കുടുംബത്തിലും ഉണ്ടായിരിക്കുന്നതു് വളരെ പ്രയോജനകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

വലിയ നോയമ്പുകാലത്തിൽ മിശിഹായുടെ കഷ്ടാനുഭവത്തെ പ്രത്യേകവിധത്തിൽ നാം സ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടതാണല്ലോ. ഈ കാലത്തിൽ, ദിവസത്തിൽ പല തവണയും വിശ്വാസികൾ കൂട്ടംകൂട്ടമായോ പ്രത്യേകം പ്രത്യേകമായോ ദേവാലയങ്ങളിൽ പോയി, സ്ലീബാപാഥ, ഭക്തിപൂർവ്വം ജപിക്കുന്നതിന്റെ പ്രാധാന്യത്തെ എത്ര കണ്ടു പ്രശംസിച്ചാലും അധികമായിപ്പോകുന്നതല്ല. ആധുനിക ലോകം അജ്ഞാനാന്ധകാരത്തിൽ വലയപ്പെട്ടുകിടക്കുന്ന ഈ കാലസന്ധിയിൽ പ്രത്യേകിച്ചും, മിശിഹായുടെ ഈ കഷ്ടാനുഭവധ്യാനം മനുഷ്യരാശിയുടെമേൽ ആദ്ധ്യാത്മികപ്രകാശം വീശുന്നതിനു് സഹായിക്കാതിരിക്കുകയില്ല. (With apologies to St· Antony Messenger)

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു് (11)

ദൈവത്തിന്റെ വത്സലമക്കളേ,

നിരാശയുടെ പിടിയിൽപ്പെട്ടു വലയുന്ന ഒരാളുടെ കത്തു കിട്ടിയിട്ടുണ്ടു്. എന്റെ നിർദ്ദേശത്തിനു വിരുദ്ധമായി മേൽവിലാസമറിയിച്ചിട്ടില്ല. അറിയിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഒരു സംശയനിവൃത്തി വരുത്തിയതിനുശേഷം മറുപടി എഴുതാമായിരുന്നു. ഏതായാലും തല്ക്കാലം ലഭിച്ചിരിക്കുന്ന അറിവു വച്ചുകൊണ്ടു മറുപടികൊടുക്കാം.

എഴുത്തിന്റെ ചുരുക്കമിതാണു്: "വളരെ വർഷങ്ങളായി വിശ്വാസത്തിന്റെ ദീപമില്ലാതെ കഴിഞ്ഞുകൂടുന്ന ഒരു മഹാ പാപിയാണു ഞാൻ. ഞാൻ അനേകം ദൈവദോഷങ്ങൾ ചെയ്തിട്ടുണ്ടു്. "നീ നരകത്തിലേ പോകയുള്ളു" എന്നൊരാൾ പല പ്രാവശ്യം എന്നോടു പറഞ്ഞിട്ടുണ്ടു്. നല്ല പുസ്തകങ്ങൾ വായിച്ചാൽ എന്റെ മനസ്സിൽ പതിയുന്നില്ല. നരകത്തെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഭയമില്ല. എന്റെ ഹൃദയം കടുത്തു പാറപോലെയിരിക്കയാണു്.

"ദൈവം എന്നെ ഉപേക്ഷിച്ചതുകൊണ്ടല്ലയോ എന്റെ സ്ഥിതി ഇങ്ങനെയായിപ്പോയതു്? എനിക്കിനി വിശ്വാസവെളിച്ചം ലഭിക്കുമോ? ദൈവം എന്റെ മേൽ അനുഗ്രഹിക്കുമോ? എന്റെ ആത്മരക്ഷയിൽ വല്ല ശരണത്തിനും വകയുണ്ടോ?"

മറുപടി:- വെറും സംശയമനസ്സാക്ഷി (Scruples) കൊണ്ടുമാത്രം ഒരു പാപവുമില്ലാത്തിടത്തു ഭയങ്കരപാപങ്ങൾ കാണാൻപാടുണ്ടു്. അതിനാൽ നിങ്ങൾ മഹാപാപം എന്നു പറയുന്നതു എന്തു പ്രവൃത്തികളെ സംബന്ധിച്ചാണെന്നറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. സംശയമനസ്സാക്ഷിയാണു സുഖക്കേടെങ്കിൽ അതിനുള്ള മരുന്നു് 10-ാം നമ്പർ മറുപടിക്കത്തിൽ കൊടുത്തിട്ടുണ്ടു്.

അതല്ലെങ്കിൽ തന്നെയും മരണംവരെയും യാതൊരു മനുഷ്യനും നിരാശപ്പെടേണ്ടയാവശ്യമില്ല. "ഒരു മനുഷ്യനു ചെയ്യാവുന്ന സകല പാപങ്ങളും ഞാൻ ചെയ്തിട്ടുണ്ടെങ്കിലും ഞാൻ ഒരു നിമിഷം പോലും നിരാശപ്പെടുകയില്ല. അവയെക്കുറിച്ചു മനസ്താപപ്പെട്ടുകൊണ്ടു് എന്റെ ഈശോയുടെ തൃക്കരങ്ങളിലേക്കു ഞാൻ വീഴും. തീയിൽ വീഴുന്ന ഉണക്കപ്പുല്ലുപോലെ അവയെയെല്ലാം അവിടുന്നു ദഹിപ്പിച്ചുകളയും" എന്നു വി. കൊച്ചുത്രേസ്യാ പറഞ്ഞിട്ടുള്ളതു സ്മരണീയമാണു്.

ഒരിക്കലും നിരാശയ്ക്കു വശംവദരാകരുതു്. അനേകരുടെ നാശത്തിനായി പിശാചു് ഉപയോഗിക്കുന്ന ഒരായുധമാണതു്. നിരാശ കാരണമല്ലായിരുന്നെങ്കിൽ യൂദാസിനുപോലും രക്ഷപെടാമായിരുന്നു. അതിനാൽ ദൈവം ക്ഷമിക്കുമോ എന്നുള്ളതിനെക്കുറിച്ചു അല്പംപോലും സംശയിക്കാതെ ചെയ്തുപോയ തെററുകളെക്കുറിച്ചു മനസ്തപിച്ചുകൊണ്ടും മേലിൽ തെററു ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യുകയും പാപസാഹചര്യങ്ങ






പ്രഥമ

ചരമവാർഷികം



തൊമ്മൻ ജോസഫ്
വണ്ടനാക്കര, വാഴക്കുളം
ജനനം 21—5—1924
മരണം 27—2—1954

സഹപാഠികളെ, സ്നേഹിതന്മാരെ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ! "ഈശോ മറിയം യൗസേപ്പേ." 7വ. ദ.

ൽ നല്ലവരെയാണു പൗരോഹിത്യത്തിലേക്കു് ഉയർത്തുന്നതു്. അവരിൽ മികച്ചുനില്ക്കുന്നവരെയാണു മെത്രാൻപദത്തിലേക്കു് തിരഞ്ഞെടുക്കുന്നതു്. അവരിൽ ഉൽകൃഷ്ടതയുള്ളവരെയാകുന്നു കർദ്ദിനാൾസ്ഥാനത്തിലേക്കും ക്ഷണിക്കുന്നതു്. അവരിൽ ഏററമധികം നല്ല ആളാണു് മാർപ്പാപ്പാ. ആകയാൽ മാർപ്പാപ്പാ ഒരു നല്ല മനുഷ്യൻതന്നെ ആയിരിക്കും.

മാർപ്പാപ്പാ കീ ജയ്!

ളിൽ നിവൃത്തിയുള്ളിടത്തോളം ഒഴിഞ്ഞുമാറുകയും ചെയ്തുകൊണ്ടും പാപസങ്കീർത്തനം കഴിച്ചാൽ മതി. നിങ്ങൾക്കു ഒട്ടും ഭയപ്പെടാനില്ല.

പക്ഷേ എനിക്കതിനു മനസ്താപം വരുന്നില്ലല്ലോ എന്നു നിങ്ങൾ പറഞ്ഞേക്കാം. അതബദ്ധമാണ്. അതുപോലെ നിങ്ങളുടെ വിശ്വാസവെളിച്ചം നഷ്ടപ്പെട്ടിരിക്കുകയാണെന്നു പറയുന്നതും ശരിയല്ല. പാപത്തെക്കുറിച്ചു മനസ്താപവും മരണാനന്തരജീവിതത്തെക്കുറിച്ചു വിശ്വാസവും ഇല്ലായിരുന്നെങ്കിൽ ഈ എഴുത്തുതന്നെ നിങ്ങൾ അയക്കുകയില്ലായിരുന്നു.

നിങ്ങൾക്കില്ലാത്തതു (feeling) തോന്നലാണ്. അതു പലർക്കും പലപ്പോഴും കിട്ടിയെന്നു വരുകയില്ല. മനസ്താപത്തിനും വിശ്വാസത്തിനും അതാവശ്യവുമില്ല. തോന്നൽ ഐന്ദ്രികമാണ്, മറേറതു രണ്ടും മാനസികവും (will). ചിലപ്പോഴെല്ലാം മനസ്സിൻെറ പ്രവർത്തനത്തോടുകൂടി ഐന്ദ്രികമായ ബോധവും ഉണ്ടാകാറുണ്ടെങ്കിലും മാനസികപ്രവർത്തനത്തിൻെറ പൂർണ്ണതയ്ക്കു അതു വേണമെന്നില്ല.

അതിനാൽ നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടാതെ ഒരു വൈദികനെ നിങ്ങളുടെ സ്ഥിതിഗതികളെല്ലാം അറിയിച്ചു ഒരു പുതിയ ജീവിതത്തിനു ഒരുങ്ങിക്കൊണ്ടാൽ മതി.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്



**For favours received**
by a benefactor

(8-ാംപേജ് തുടർച്ച)

ങ്ങളിൽ വലിയ മാററങ്ങളൊന്നും പ്രതീക്ഷിക്കാനില്ല എന്നാണ്. പ്രക്ഷേപണം ഇങ്ങനെ തുടർന്നു: "മലങ്കോവിൻെറ പതനത്തിനുള്ള ചരടുവലിക്കാരിൽ പ്രമുഖനായ വ്യക്തി കമ്മ്യൂണിസ്റ്റ്പാർട്ടി സെൻട്രൽകമ്മിററി സിക്രട്ടറിയായ ക്രൂഷേവാണല്ലോ. നവമ്പർ 10-ാംതീയതിയിലെ പ്രവദാ പത്രത്തിൽ കമ്മ്യൂണിസത്തിനു മതത്തോടുള്ള വെറുപ്പിൻെറ ഏററം ഒടുവിലത്തെ പ്രമാണരേഖ (മാഗ്നാകാർട്ടാ) യായി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ ക്രൂഷേവാണ് യഥാർത്ഥത്തിൽ ഒപ്പുവച്ചിരിക്കുന്നതു്. റഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും അതോടു സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഇതരസംഘടനകൾക്കും ഒരു നിയമമാതൃകയായിട്ടാണ് ഈ രേഖ നിലകൊള്ളുന്നതു്. മതവിരുദ്ധമായ സമരത്തിനു ഏതെങ്കിലും പുതിയ നിർദ്ദേശം അതുൾക്കൊള്ളുന്നുണ്ടെങ്കിൽ അതിതാണ്: "മതത്തെ നശിപ്പിക്കുക, എന്നാൽ അതു ഹ്രയത്തിലായിക്കൊള്ളട്ടെ; നിവൃത്തിയുള്ളിടത്തോളം പൊതുവായ എതിർപ്പു വരാതെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യുക." കർദ്ദിനാളന്മാരും, മെത്രാന്മാരും, വൈദികരും, കന്യാസ്ത്രീകളും, വിശ്വാസികളും ഇപ്പോഴും കാരാഗൃഹവാസത്തിൽ കഴിഞ്ഞുകൂടുകയാണ്. റഷ്യയിലും അധീനരാജ്യങ്ങളിലും മതസ്വാതന്ത്ര്യത്തെ ശ്വാസംമുട്ടിക്കുന്ന പോലീസ് നടപടികൾ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്."

## 11-ാംപീയൂസിൻെറ ചരമവാർഷികം

പതിവുപോലെ 11-ാംപീയൂസ്മാർപ്പാപ്പായുടെ 16-ാം ചരമവാർഷികം സംബന്ധിച്ച തിരുക്കർമ്മങ്ങൾ സെൻറു പീറേറഴ്സിൽ സിസ്റ്റയിൻ കപ്പേളയിൽ നടത്തപ്പെട്ടു. കർദ്ദിനാൾ ഡീൻ തിസരാങ്ങ് തിരുമേനി പ്രധാന കാർമ്മികത്വം വഹിച്ചു. 14 കർദ്ദിനാളന്മാരും നയതന്ത്രപ്രതിനിധികളെല്ലാവരുംതന്നെ കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു.

## 70,000 തീർത്ഥകർ ഗ്ദ്ധലൂപ്പ് നാഥയുടെ സവിധത്തിൽ

മെക്സിക്കോയിലുള്ള ഗ്വദലൂപ്പ് നാഥയുടെ തീർത്ഥത്തിലേക്ക് 70,000 വരുന്ന ഒരു തീർത്ഥകസംഘം പൂവ്ളാ എന്ന സ്ഥലത്തു നിന്നും പുറപ്പെട്ടു. പർവ്വതപ്രദേശങ്ങളിൽക്കൂടി അവർ 72 മൈൽ യാത്രചെയ്തു. 18 മൈൽ നീളമുണ്ടായിരുന്നു തീർത്ഥകവ്യൂഹത്തിന്. 17000 അടി ഉയരത്തിൽ നിന്നാണ് അവർ മെക്സിക്കോയിലേക്കിറങ്ങിയതു്. 200 ഇന്ത്യക്കാർ അവരുടെ ജാതീയമായ ആട്ടത്തോടെയാണനുഗമിച്ചതു്. അവരും തീർത്ഥത്തിൽ പഴയ കർമ്മങ്ങൾ നടത്തി.

## സിക്കുകാർ മിഷനറിമാരെ അനുകൂലിക്കുന്നു

40 ലക്ഷം സിക്കുകാരുടെ പ്രാതിനിദ്ധ്യമുള്ള ഷിരോമനി അകാലി ദൽ എന്ന സംഘടന അതിൻെറ വാർഷികസമ്മേളനം നടത്തിയ അവസരത്തിൽ ഇന്ത്യയിൽ വിദേശമിഷനറിമാരുടെ സേവനത്തെ അനുകൂലിക്കുന്ന ഒരു പ്രമേയം പാസാക്കിയിരിക്കുന്നു. ഇന്ത്യയിൽ ഒരു വിഭാഗക്കാരുടെ പ്രസിദ്ധീകരണങ്ങൾവഴി മിഷനറിമാർക്കെതിരായി നടത്തപ്പെടുന്ന അപമാനകരമായ ആരോപണങ്ങളെപ്പററി അതിൽ ഖേദം പ്രകടിപ്പിക്കുകയും സിക്കുവിഭാഗത്തിൻെറ "അനുഭാവവും പിന്തുണയും" മിഷനറിമാർക്കുണ്ടായിരിക്കുമെന്നുറപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

## എസ്കിമോബാലികമാർ കന്യാസ്ത്രീമഠത്തിൽ ചേരുന്നു

അലാസ്കായിലുള്ള സെൻറുമേരീസ് മിഷനിൽ മഞ്ഞുമാതാവിൻെറ നാമത്തിൽ ഒരു പുതിയ സന്യാസിനീസംഘം സ്ഥാപിതമായിട്ടുണ്ട്. മൂന്നു എസ്കിമോ ബാലികമാർ ആദ്യമായി ആ മഠത്തിൽ ചേർന്നു അർത്ഥിനികളായിരിക്കുന്നു. വേറെ മൂന്നു ബാലികമാർ അതിൽ ചേരുന്നതിനു തയ്യാറായി വരുന്നു. ഈ സന്യാസസംഘത്തിൻെറ ഉദ്ദേശം അലാസ്കാരുപതയിൽ വിദ്യാഭ്യാസവും സാമൂഹിക സേവനങ്ങളും നിർവ്വഹിക്കുക എന്നതാണ്. അർത്ഥിനികളായവർ മൂന്നുപേരും എസ്കിമോ ജാതികളുടെ ഏററവും പുരാതീനവർഗ്ഗത്തിൽ പെട്ടവരാണ്. ഉർസുലൈൻ സഹോദരികളാണ് അവർക്കു പരിശീലനം നൽകുന്നതു്.

## പുസ്തകാഭിപ്രായം

### പീഡാനുഭവ തിരുമണിക്കൂർ

[ഗ്രന്ഥകർത്താവ്: ഫാ. മാത്യു നടക്കൽ. പേജ് 382, വില 12 ണ. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം]

എല്ലാ ക്രൈസ്തവരും വിശുദ്ധരാകുവാൻ ക്ഷണിക്കപ്പെട്ടവരാണ്. "സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ" പരിപൂർണ്ണരായിരിക്കുവാൻ ദിവ്യരക്ഷകൻ നമ്മോടാജ്ഞാപിക്കുന്നു. ദൈവത്തിൻെറ വിശുദ്ധി അടങ്ങിയിരിക്കുന്നതു് പരിപൂർണ്ണതതന്നെയായിരിക്കുന്ന തന്നെ അനന്തമായി സ്നേഹിക്കുന്നതിലാണെന്നു്, ദൈവശാസ്ത്രജ്ഞന്മാർ നമ്മോടു പറയുന്നു. "ദൈവം സ്നേഹമാകുന്നു." ദൈവം അനന്തനന്മയാണെന്നും, അതിനെയാണ് ദൈവം അനന്തമായി സ്നേഹിക്കുന്നതെന്നും, അതുകൊണ്ടാണ് ആ സ്നേഹം പരിശുദ്ധമായിരിക്കുന്നതെന്നും നമുക്കു ഗ്രഹിക്കുവാൻ കഴിയും.

സൃഷ്ടികളിൽ പ്രതിഫലിച്ചിരിക്കുന്ന നന്മയേയും അവിടുന്നു് സ്നേഹിക്കുന്നുണ്ട്. തൻെറ നിത്യാനന്ദവിഷയമായ പരിപൂർണ്ണതയുടെ ഭാഗവും പ്രതിഫലനവും എന്ന നിലയിലാണു് ദൈവം സൃഷ്ടിക്കപ്പെട്ട നന്മയെ സ്നേഹിക്കുന്നതു്. ദൈവത്തിൻെറ നന്മ ഏററവും കൂടുതലായി പ്രതിഫലിച്ചിരിക്കുന്നതു് മനുഷ്യാത്മാവിലാണ്. സാന്മാർഗ്ഗികപുണ്യങ്ങളും ദൈവികപുണ്യങ്ങളും ഇഷ്ടപ്രസാദവും അതിനെ അലങ്കരിച്ചു് അഭികാമ്യമാക്കിയിട്ടുണ്ട്. ഒരു മനുഷ്യാത്മാവിനു കഴിവുള്ള ഔന്നത്യത്തിലെത്തിച്ചേർന്നതു് ദൈവവും മനുഷ്യനുമായ ക്രിസ്തുനാഥൻെറ ആത്മാവാണ്. മനുഷ്യപൂർണ്ണതയെന്നു് ദൈവം നിശ്ചയിച്ചിരുന്നതു മുഴുവൻ പരിപൂർണ്ണമായി ഈ ആത്മാവിനു ലഭിച്ചു. ദൈവത്തിൻെറ തിരുമനസ്സ് മുഴുവനായി ഈശോയിൽ നിർവ്വഹിക്കപ്പെട്ടു.

നമ്മുടെ ആദ്ധ്യാത്മികജീവിതം എന്നു പറഞ്ഞാൽ നമ്മുടെ മനസ്സ് ദൈവതിരുമനസ്സിനോടിണങ്ങുകയെന്നാണർത്ഥം. നാം ദൈവത്തോടടുക്കുന്ന മാർഗ്ഗത്തെ ദൈവം സുഗമമാക്കി. അവിടുന്നു് മനുഷ്യനായി. പാപം നീക്കി ഏതിലും നമ്മെപ്പോലെയായി. ഈശോയുടെ സ്നേഹിതനായാൽ നാം ദൈവത്തിൻെറ സ്നേഹത്തിലായി. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലെ പരിശ്രമങ്ങളെല്ലാം ഈശോയോടു് ബന്ധപ്പെടുവാനും ഈശോയെ അനുകരിക്കുന്നതിനും വേണ്ടിയാണ്. "നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ. ഞാൻ വിനയവും സൗമ്യതയും ഉള്ളവനാകുന്നു"വെന്നു് അവിടുന്നുതന്നെ അരുളിച്ചെയ്തു.

വിശുദ്ധനാകാൻ ആഗ്രഹിക്കുന്ന ഓരോ ക്രൈസ്തവനും ദൈവസന്നിധിയിൽ തന്നെത്തന്നെ മായിച്ചുകളഞ്ഞു് തൻെറ സ്ഥാനത്തു മിശിഹായുടെ ചിത്രം വരയ്ക്കണം. നമ്മുടെ പ്രാർത്ഥനയും ആരാധനയും ഇതിനു സഹായകമായിരിക്കണം. ദിവ്യരക്ഷകൻെറ ജീവിതം മുഴുവനും നാം അവഗാഢം പഠിക്കേണ്ടതാണ്. പ്രത്യേകമായി പീഡാനുഭവചരിത്രം ഹൃദിസ്ഥമാക്കണം. അവിടുത്തെ ഭൗമികജീവിതത്തിൻെറ അന്ത്യരംഗങ്ങളും ഉപദേശങ്ങളും നമ്മെ മണ്ണിൽനിന്നുയർത്തുന്നതിനും നമ്മുടെ പാപങ്ങളേയും സാഹചര്യങ്ങളേയും വെറുക്കുന്നതിനും സഹായിക്കും. മാത്രമല്ല അങ്ങെ രക്ഷകനായി ആരാധിക്കുന്നതിനു് പ്രചോദനം നൽകുകയും ചെയ്യും.

ബ: നടയ്ക്കലച്ചൻ പുതിയതായി സമാഹരിച്ചിരിക്കുന്ന "പീഡാനുഭവ തിരുമണിക്കൂർ" ഈ ഉദ്ദേശ്യത്തെ ലാക്കാക്കിയുള്ളതാണ്. ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനനിരതരായിരുന്നുകൊണ്ടു് ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിൻെറ പ്രകടനങ്ങളെ പഠിക്കുക. നമ്മുടെ പാപങ്ങൾക്കു പരിഹാരംചെയ്തു് നമ്മെ ദൈവപുത്രരാക്കുന്ന മിശിഹായുടെ സഹനത്തിൽ സജീവമായി പങ്കുകൊള്ളുക. മിശിഹായുടെ പീഡാനുഭവത്തെ ചരിത്രഗ്രന്ഥങ്ങളിൽനിന്നു പഠിക്കുക. സ്വാഭാവികമായി തദവസരത്തിൽ നമ്മുടെ മനസ്സിൽ ഉത്ഭവിക്കുന്ന ഭക്തവികാരങ്ങൾകൊണ്ടു് മനസ്സിനെ പോഷിപ്പിക്കുക. ഇങ്ങനെ ബുദ്ധിക്കും ഹൃദയത്തിനും വികാസനം നൽകുന്നതിനുള്ള—ശരിയായ ജ്ഞാനത്തിൽ അധിഷ്ഠിതമായി ഭക്തിയെ വർദ്ധിപ്പിക്കുന്നതിനും നമ്മെ വിശുദ്ധരാക്കുന്നതിനുമുള്ള—അദ്ദേഹത്തിൻെറ പരിശ്രമം സഫലമാകട്ടെ. തിരുമണിക്കൂർ നടത്തുന്നതിൽ തല്പരരായ ഭക്തജനങ്ങൾക്ക് ഒരു സഹായകഗ്രന്ഥംതന്നെയാണ് ഈ പീഡാനുഭവപാനം.

(റവ. ഡോ. എൽ. ജെ. ചിററൂർ)

## ഇടവകവാർത്തകൾ

**മൂവാററുപുഴ:** സ്ഥലം നിർമ്മലാ കോളജ് ഹോസ്റ്റൽ യൂണിയൻ സോഷ്യൽ ഫെബ്രുവരി 20-ാംനു ഗസ്റ്റ് ഓഫ് ഓണർ മി. പി. എ. മഹമ്മദാലിബി.എ. എൽ. ടി. അവർകളുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഹോസ്റ്റൽ അങ്കണത്തിൽ സജ്ജീകരിച്ചിരുന്ന പൂപ്പന്തലിൽവച്ചു് ആഘോഷിക്കപ്പെട്ടു. വൈകുന്നേരം 5 മണിക്ക് ടീപാർട്ടിയെ തുടർന്നു് ഈശ്വരപ്രാർത്ഥന, ഹോസ്റ്റൽ യൂണിയൻ സെക്രട്ടറിയുടെ റിപ്പോർട്ടുവായന സ്വാഗതാശംസ, വിദ്യാർത്ഥികളുടെ ഫാൻസി ഡ്റസ്സ്, മോണോ ആക്ററു്, കഥാകാലക്ഷേപം, സംഗീതം തുടങ്ങിയ വിവിധകലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. ജൂനിയർ വിദ്യാർത്ഥിപ്രതിനിധികൾ ടോസ്റ്റ് പ്രസംഗങ്ങൾ നടത്തുകയും സീനിയർവിദ്യാർത്ഥി പ്രതിനിധികൾ മറുപടിപ്രസംഗങ്ങൾ നടത്തുകയും ചെയ്തു. വിവിധമത്സരങ്ങൾക്കുള്ള സമ്മാനദാനാനന്തരം ഗസ്റ്റ് ഓഫ് ഓണർ വിജ്ഞാനപ്രദമായ ഒരു പ്രസംഗംചെയ്തു. ദേശീയഗാനത്തോടുകൂടി പരിപാടികൾ സമംഗളം സമാപിച്ചു.

**അമയന്നൂർ:** സ്ഥലം സെൻറു് മേരീസ് പള്ളിയങ്കണത്തിൽവച്ചു് ഫെബ്രുവരി 19 ശനിയാഴ്ച, മാർ സെവേരിയോസ് തിരുമേനിയുടെ മുപ്പതാം അടിയന്തിരം പ്രമാണിച്ചു അനേകം ജനങ്ങൾക്ക് ജാതിമതഭേദമില്ലാതെ മൃഷ്ടാന്നഭോജനം നൽകിയിരിക്കുന്നു.

**നീറിക്കാട്:** നീറിക്കാട്ടു പള്ളിയിൽ ലൂർദ്ദ്മാതാവിൻെറ തിരുനാൾ പൂർവ്വാധികം ഭംഗിയായി ഇക്കൊല്ലം നടത്തിയിരിക്കുന്നു. 12-ഉം 13-ഉം തീയതികളിൽ വൈകിട്ടു റവ. ഫാദർ ജോർജ്ജ് മുടന്തേവാടലിൽ പി. എച്ച്. ഡി., റവ. ഫാദർ സിറിയക്ക് വട്ടക്കളം എസ്. ടി. എൽ. എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

**താഴത്തുവടകര:** സ്ഥലം ചെറുപുഷ്പമിഷൻ ലീഗിൻെറ പ്രഥമ വാർഷികം ഫെബ്രുവരി 11-ാംനു റവ. ഫാദർ ഏബ്രഹാം മുണ്ടിയാനിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ബ്രദേഴ്സ് എം. ജെ. മാത്യുകുട്ടി, കെ. ജെ. തോമ്മസ് എന്നിവർ പ്രസംഗിച്ചു. കുട്ടികൾ പല കലാപരിപാടികളും നടത്തി. തിരുനാളിനോടനുബന്ധിച്ചു് മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഒരു ലക്കിഡിപ്പും നടത്തുകയുണ്ടായി.

## വിവാഹ വാർത്തകൾ

**കൊററമത്തി:** ഈ പള്ളി ഇടവക കല്ലുക്കാരൻ വറിയതു് വർഗ്ഗീസ്സും മഞ്ഞപ്രപള്ളി ഇടവക കരിങ്ങേടൻ മാത്തു ത്രേസ്യായും തമ്മിലുള്ള വിവാഹം ഫെബ്രുവരി 16-ാംനു ബുധനാഴ്ച മഞ്ഞപ്രപള്ളിയിൽവച്ചു നടന്നിരിക്കുന്നു.

**...ളൂർ:** സ്ഥലം വിൻസെൻറു് ഡിപോൾ സംഘത്തിലെ ഒരു സജീവപ്രവർത്തകനായ മി. കെ. എൽ. കുഞ്ഞുവറിയതും കുമാരി കെ. ഒ. ത്രേസ്യാ കണ്ടംകുളത്തിയും തമ്മിലുള്ള വിവാഹം പ്രമാണിച്ചു് വരഗൃഹത്തിൽവച്ചു് നടത്തപ്പെട്ട വിഭവസമൃദ്ധമായ തേയിലസൽക്കാരത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടക്കം വളരെ പേർ സംബന്ധിച്ചിരുന്നു. മി. എ. സി. റപ്പായി നവദമ്പതികളെ അനുമോദിച്ചു് പ്രസംഗിച്ചു. പാരിതോഷികങ്ങളും ഒരു മംഗളപത്രവും നൽകപ്പെടുകയുണ്ടായി.

**പ്രവിത്താനം:** ഈ ഇടവക അടക്കാപ്പാറെ ശ്രീ മിഖേൽ ജോസഫും കയ്യൂർപള്ളി ഇടവക കപ്പറങ്ങാട്ടു കുമാരി അന്നക്കുട്ടി ജോസഫും തമ്മിലുള്ള വിവാഹം ഇവിടെവച്ചു നടന്നു. വെ. റവ. ഡോ. സി. ററി. കൊട്ടാരം വിവാഹകർമ്മം ആശീർവ്വദിക്കുകയും ഉപദേശരൂപത്തിൽ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

—o—

## സംഭവകഥ

### ഒരു ചൈനാക്കാരൻെറ അഭിപ്രായം

കൺഫ്യൂഷ്യസ് മതാവലംബിയായിരുന്ന ഒരു ചൈനീസ്തത്വശാസ്ത്രജ്ഞൻ ആദ്യം ബുദ്ധമതത്തിൽ ചേരുകയും, ഒടുവിൽ ഒരു ക്രിസ്ത്യാനിയാകുകയും ചെയ്തു. കൺഫ്യൂഷ്യസ് മതവും ക്രിസ്തുമതവും ബുദ്ധമതവും തമ്മിലുള്ള വ്യത്യാസം ചുരുക്കത്തിൽ വിശദീകരിച്ചുകൊടുക്കുവാൻ ഒരാൾ അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. അതിനു് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു മനുഷ്യൻ അഗാധമായ ഒരു കുഴിയിലേക്കു വീഴുകയും, രക്ഷപെടുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. അപ്പോൾ കൺഫ്യൂഷ്യസ് കരയ്ക്കുവന്നു കൈകെട്ടിനിന്നു ചിരിച്ചുകൊണ്ടു പറയും: "നിന്നെപ്പോലെ ബുദ്ധിശൂന്യനായ ഒരാൾ ഇതു അർഹിക്കുന്നതാണ്. നീ അവിടെ കിടന്നു നിൻെറ വിധി അനുഭവിച്ചേ തീരൂ." എന്നാൽ ബുദ്ധമഹർഷി അവനോടു സഹതാപം പ്രകടിപ്പിക്കുകയും രക്ഷപെടുവാനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുക്കുകയും ചെയ്യും. യേശുക്രിസ്തുവാകട്ടെ, അവനു് കൈകൊടുത്തു് അവനെ ആ കുഴിയിൽനിന്നും കരേറുകതന്നെ ചെയ്യും."

(മിസ്സ് റോസമ്മ ജോബ്)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, MARCH 2 || No. 28


# നോമ്പുകാലം

ക്രിസ്ത്യാനികൾക്കെല്ലാം അനുതാപമനോഭാവത്തിന്റെയും ക്രിസ്തീയോണർവ്വിന്റെയും ഒരു കാലഘട്ടമാണ് നോമ്പുകാലം. നാമമാത്ര ക്രിസ്ത്യാനികളിൽപ്പോലും ഏതാണ്ടൊരു ആദ്ധ്യാത്മികാവബോധം അനുഭവപ്പെടാതിരിക്കുകയില്ല ഇക്കാലത്ത്. വികാരോത്തേജകവും ഹൃദയഹാരിയുമായ ചരിത്രസംഭവങ്ങളാണ് ഈ ഘട്ടത്തിൽ അനുസ്മരിക്കപ്പെടുന്നത്. ദൈവം മാനവസമുദായത്തെ സ്നേഹിച്ചതിന്റെ പ്രത്യക്ഷലക്ഷ്യമായ ക്രിസ്തുവിന്റെ ആത്മാർപ്പണരംഗങ്ങൾ ഹൃദയമുള്ള ആർക്കാണ് വികാരങ്ങളുടെ ഒരു വേലിയേറ്റം കൂടാതെ അനുസ്മരിക്കുവാൻ കഴിയുക? അവിടുത്തെ പീഡാസഹനവും കുരിശുമരണവും ഏതൊരു വജ്റഹൃദയത്തെപ്പോലും അലിയിക്കുന്നതിനു പോരുന്ന ഒരു സ്നേഹനാടകമല്ലയോ? ഇവയെല്ലാം കാരണമായി ചരിത്രത്തിന്റെ അണിയറയിൽ നില്ക്കുന്നത് ദൈവസൃഷ്ടിയായ മനുഷ്യന്റെ സ്രഷ്ടാവായ ദൈവത്തോടുള്ള ദ്രോഹമാണെന്നറിയുകയും പാപത്തിന്റെ അംശഭാഗിത്വം ഓരോ വ്യക്തിയിലും പ്രതിഫലിക്കുന്നുവെന്നു മനസ്സിലാക്കുകയും ചെയ്യുമ്പോൾ മനുഷ്യഹൃദയം അനുതാപാവേശത്താൽ അലിഞ്ഞുപോകുന്നതിൽ അത്ഭുതപ്പെടുവാനില്ല.

നോമ്പുകാലം ക്രിസ്തീയമായ ഒരുണർവ്വിലാണവസാനിക്കുക. മനുഷ്യന്റെ മനസ്സാക്ഷിക്കു അനുതാപംവഴി പാപഭാരത്തെ നീക്കുക എന്നുള്ളത് ഏററവും വലിയ സമാശ്വാസമാണ്. കൂടാതെ പീഡാനുഭവത്തേയും കുരിശുമരണത്തേയും അതിജീവിച്ച് വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്ത ക്രിസ്തു അവിടുത്തെ അനുയായികളിൽ നിത്യമായ പ്രത്യാശയേയും ഉണർവ്വിനേയും ഉളവാക്കുന്നു. ക്ഷണികമായ ലോകത്തിന്റെ പീഡകൾക്കും ജീവഹാനിക്കുപോലും ഒരു ക്രിസ്ത്യാനിയുടെ നിത്യജീവിതത്തിലുള്ള ദൃഢമായ പ്രത്യാശയെ ഭഞ്ജിക്കുവാൻ സാദ്ധ്യമല്ല. നിത്യതയുടെ പ്രകാശധോരണിയിൽ അവയെല്ലാം വെറും നിഴലുകൾ മാത്രമാണെന്നു അവനു പരമബോദ്ധ്യമാണ്. ക്രിസ്തുവിന്റെ ഭാഷ, തിരുസഭയുടെ ഭാഷ അവനു സുവ്യക്തമാണ്. "നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിക്കാത്ത യാതൊരുത്തനും എന്റെ ശിഷ്യനാകുവാൻ സാദ്ധ്യമല്ല" (ലൂക്കാ 14: 33). "ഒരു ക്രിസ്ത്യാനിയുടെ ജീവിതം നിരന്തരമായ ഒരു പരിഹാരകൃത്യമായിരിക്കണം" (ത്രെന്തോസ് സൂനഹദോസ്). "അബദ്ധമായ വ്യാമോഹംകൊണ്ടു ദൂഷിച്ചിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക ......നിങ്ങളുടെ മനസ്സിന്റെ ചൈതന്യത്തിൽ നിങ്ങൾ നവീകൃതരാകുവിൻ..........സത്യത്തിന്റെ പരിശുദ്ധിയിലും നീതിയിലും സൃഷ്ടിക്കപ്പെട്ടതും ദൈവത്തിനനുയോജ്യവുമായ പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുകയും ചെയ്യു" (എഫേസോസുകാർക്കുള്ള ലേഖനം IV 22—24)

## കത്തോലിക്കാ ചൈതന്യം വേണം

തിരുസഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്; വിശ്വാസികൾ അതിന്റെ സജീവാംഗങ്ങളും. ഈ ബന്ധംമൂലം തിരുസഭാംഗങ്ങളിൽ അവിഭാജ്യമായ ഒരൈക്യം നിലകൊള്ളുന്നുണ്ട്. തിരുസഭയിൽ നടക്കുന്ന ഓരോ പ്രവൃത്തനത്തിലും അതിന്റെ ഓരോ അവയവവും സജീവമായി പങ്കുകൊള്ളേണ്ടതു വെറും സ്വാഭാവികം മാത്രമാണ്. അതില്ലെങ്കിൽ അതിനർത്ഥം പ്രസ്തുത അംഗം ചൈതന്യരഹിതമായി, പ്രവൃത്തനരഹിതമായി എന്നായിരിക്കും. ഈ സ്ഥിതിവിശേഷമാണ് ആദിമസഭയിൽ നിതരാം പ്രശോഭിച്ചിരുന്നത്. പുറജാതിക്കാർ ആദിമക്രിസ്ത്യാനികളുടെ നടപടികളെ സൂക്ഷിച്ചുനിരീക്ഷിച്ചിരുന്നതുകൊണ്ടു അവരെപ്പററി പറഞ്ഞു, "നോക്കുക, അവർ പരസ്പരം എങ്ങനെ സ്നേഹിക്കുന്നു" വെന്നു. ക്രിസ്തീയചൈതന്യം മന്ദീഭവിച്ചതോടൊപ്പം ഈ ഐക്യവും ശിഥിലമായി. ജാതികൾ തമ്മിലും രാജ്യങ്ങൾ തമ്മിലും നിറത്തിലും ആചാരത്തിലും പരിഷ്ക്കാരത്തിലും സംസ്കാരത്തിലുമുള്ള ഉപരിപ്ലവമായ വ്യത്യാസങ്ങളെ ആധാരമാക്കി അനൈക്യത്തിന്റെ ദൂഷിച്ച ആദർശങ്ങൾ ക്രിസ്ത്യാനികളുടെ ഇടയിൽ മുളച്ചുവളരുവാൻ തുടങ്ങി. ഈ ശൈഥില്യംമൂലം പൊതുവായ ക്രിസ്തീയഐക്യം നശിച്ചെന്നു മാത്രമല്ല ക്രിസ്തീയപ്രേഷിതത്വത്തിന്റെ അടിത്തറതന്നെ അതിളക്കിക്കളഞ്ഞു. ഈ ദുരവസ്ഥയെ തരണം ചെയ്യണമെങ്കിൽ ഒന്നാമതായി കത്തോലിക്കരിൽ കത്തോലിക്കാജീവിതത്തിന്റെ പരിപൂർണ്ണത പ്രായോഗികമാക്കിത്തീർക്കണം; ക്രിസ്തീയത്വത്തിന്റെ ചൈതന്യം അവരുടെ സാധാരണജീവിതത്തിൽ പ്രതിഫലിക്കണം. ഓരോ വ്യക്തിയും അവന്റെ വിശ്വാസത്തേയും ആദർശജീവിതത്തേയും അഭിമാനബോധത്തോടുകൂടി സംവഹിക്കണം, വ്യക്തിപരവും, ഗാർഹികവും, സാമൂഹികവും, രാഷ്ട്രീയവുമായ എല്ലാ രംഗങ്ങളിലും അതിന്റെ പ്രസരണം ഉണ്ടാകണം. അതുകൊണ്ടാണ് ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ അവിടുത്തെ ഒടുവിലത്തെ സന്ദേശത്തിൽ അവസാനമായി വിശദമാക്കിയതു:- "കത്തോലിക്കാപ്രവൃത്തനം എന്നതു കത്തോലിക്കാ ജീവിതമാണ്. എന്തുകൊണ്ടെന്നാൽ ജീവനില്ലാതെ പ്രവൃത്തനമുണ്ടാകാൻ പാടില്ലാത്തതുപോലെ, പ്രവൃത്തനമില്ലാതെ ജീവനും ഉണ്ടായിരിക്കുകയില്ല." വിശ്വവിഖ്യാതനായ കർദ്ദിനാൾ ന്യൂമാൻ പറഞ്ഞിട്ടുണ്ടു:- "കത്തോലിക്കരിൽ ഉണ്ടാകണമെന്നു ഞാനഭിലഷിക്കുന്ന കാര്യം അവരുടെ മതബോധത്തെ പ്രസരിപ്പിക്കുന്നതിനുള്ള വരമാണ്......അവർ അവരുടെ മതത്തെ ഗ്രഹിക്കണം; അതിലേക്കു ചുഴിഞ്ഞിറങ്ങണം; അവരുടെ ശരിയായ നിലപാടു മനസ്സിലാക്കണം; അവർ എന്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന അവബോധമുണ്ടാകണം." ഇതിലാണ് കത്തോലിക്കാചൈതന്യം ഉയിരെടുക്കേണ്ടതു്. നോമ്പുകാലത്തെ നവോത്ഥാനത്താൽ ഏതാദൃശ ചൈതന്യപൂർണ്ണമായ ക്രിസ്തീയജീവിതത്തെ ഓരോ ക്രിസ്ത്യാനിയിലും സംജാതമാക്കുന്നതിനുള്ള പരിശ്രമമാണ് ആത്മാർത്ഥമായി പ്രായോഗികമാക്കേണ്ടതു്. അതുകൊണ്ട് മതപഠനത്തിനു നോമ്പുകാലപരിപാടിയിൽ പ്രധാനമായ ഒരു സ്ഥാനം നൽകപ്പെടണം. അവനവന്റെ കഴിവുകൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് മതത്തെസംബന്ധിച്ച് അവഗാഢമായി പഠനം നടത്തുന്നതിനു ഓരോ കത്തോലിക്കനുമുള്ള കർത്തവ്യത്തെ ശരിയായി നിറവേററണം. അതുവഴിയായി ഒരു കത്തോലിക്കാവീക്ഷണവും ചൈതന്യനിരതമായ ഒരു കത്തോലിക്കാ ജീവിതവും സുസാധമാക്കണം.

## പ്രായശ്ചിത്താനുഷ്ഠാനം

ഇന്നത്തെ ലോകത്തിന്റെ അതിഗൗരവമായ ഒരു വിപത്തു മനുഷ്യനിൽ പാപബോധം നാമാവശേഷമായിരിക്കുന്നു എന്നുള്ളതാണ്. ഭൗതികത്വാദർശങ്ങളുടെ വേലിയേററത്തിൽ മനുഷ്യൻ ആദ്ധ്യാത്മികയാഥാർത്ഥ്യങ്ങളെ അവഗണിച്ചു ജീവിക്കുന്നു. ജീവിതത്തിന്റെ പരമലക്ഷ്യത്തെ പ്രായോഗികരംഗത്തുനിന്നു പുറംതള്ളുന്നതിനും താല്ക്കാലികമായ സുഖാനുഭവങ്ങൾക്കും മൃഗീയതൃഷ്ണകളുടെ പരിപൂർത്തിക്കും മാത്രംവേണ്ടി ജീവിതത്തെ വിലയിരുത്തുന്നതിനും ഉദ്യുക്തനാകുന്ന മനുഷ്യനിൽ അതു വന്നുചേരാതെ തരമില്ല. ദൈവവുമായുള്ള അവന്റെ ബന്ധത്തെ അനാദരിച്ചാൽ വെറും മൃഗീയതയിലേക്കു വഴുതിവീഴുന്നതിനു വളരെയധികം യാത്ര ചെയ്യേണ്ടതില്ല. ആധുനികലോകത്തിലെ ജീവിതസാഹചര്യങ്ങൾ ഈ അധഃപ്പതനത്തിനു അനുനിമിഷം പ്രേരകമായിട്ടാണ് നിലകൊള്ളുന്നതു്. ഈ ദൂഷിച്ച മനോഭാവത്തെ ഓരോ വ്യക്തിയിലും അടിച്ചേല്പിക്കുന്നതിനു ഇന്നത്തെ ലോകത്തിൽ ഒരു ഭയാനകമായ അധാർമ്മികസമരം നടന്നുകൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു ലോകത്തിൽ മനുഷ്യൻ മനുഷ്യോചിതമായി വർത്തിക്കണമെങ്കിൽ ഒരു ഭയങ്കരസമരംതന്നെ ഒഴിച്ചുകൂടാത്തതാണ്. അതിനുള്ള രംഗമാണ് പാപബോധത്തിൽനിന്നുയിരെടുക്കുന്ന പ്രായശ്ചിത്തജീവിതം. നോമ്പുകാലത്തിന്റെ വാച്യാർത്ഥവും വ്യംഗ്യാർത്ഥവും പ്രായശ്ചിത്തമാണ്, രക്ഷാകരമായ പ്രായശ്ചിത്തം.

ക്രിസ്തുമതം ഈ ദൗത്യമാണ് അധഃപ്പതിച്ച ലോകത്തിൽ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു അവതരിപ്പിച്ചതു്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ അനുതപിച്ചു പ്രായശ്ചിത്തം ചെയ്യുവിൻ" എന്നു യോർദ്ദനാന്റെ തീരപ്രദേശങ്ങളിൽനിന്നു യോഹന്നാൻമാംദാനാ മുഴക്കിയ സ്വരം ക്രിസ്തുമതത്തിന്റെ നാന്ദിയായിരുന്നു. "പ്രായശ്ചിത്തം അനുഷ്ഠിക്കുന്നില്ലായെങ്കിൽ നിങ്ങളെല്ലാം നശിച്ചുപോകും" എന്നു ക്രിസ്തു ഉദീരണംചെയ്തതു ഈ ദൗത്യത്തിന്റെ പ്രക്ഷേപണമായിരുന്നു. ആധുനികലോകത്തിന്റെ അന്തരീക്ഷത്തിൽ ലൂർദ്ദിൽനിന്നും ഫാത്തിമായിൽനിന്നും ദിവ്യാംബിക ആവേശപൂർവ്വം പ്രഖ്യാപിച്ചതും ഈ തത്വത്തെത്തന്നെയാണ്. അതുകൊണ്ടു ക്രിസ്തീയചൈതന്യത്തെ പുലർത്തുന്നതിനും ആദർശത്തെ പ്രായോഗികമാക്കുന്നതിനും പ്രായശ്ചിത്തം ജീവിതത്തിന്റെ അവിഭാജ്യമായ ഒരു ഘടകമാകണം. നോമ്പാചരണം അതിന്റെ ഒരു പരിപാടിയാണ്. സ്വയപരിത്യാഗം അതിലേക്കുള്ള രാജവീഥിയാണ്. ആത്മനിയന്ത്രണത്തേയും പരിത്യാഗജീവിതത്തേയും ആനന്ദത്തോടുകൂടി ആശ്ലേഷിക്കുന്ന ഒരു മനോഭാവമായിരിക്കണം ഓരോ ക്രിസ്ത്യാനിയും കൈവളർത്തേണ്ടതു്. "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു അവന്റെ കുരിശും എടുത്തുകൊണ്ടു എന്റെ പിന്നാലെ വരട്ടെ" എന്നു നിർദ്ദേശിക്കുകയും ഭയാനകമായ കുരിശും വഹിച്ചുകൊണ്ടു ഗാഗുൽത്തായിൽ പരമപരിത്യാഗത്തിന്റെ യജ്ഞത്തിലേക്കു നീങ്ങുകയും ചെയ്യുന്ന ക്രിസ്തുവിനെ അനുഗമിക്കുവാൻ അന്യമായ ഒരു മാർഗ്ഗമില്ല എന്നു നാം മനസ്സിലാക്കണം. അതിന്റെ ഭീകരതയിൽ ആരും വിഭ്രാന്തരാകേണ്ട ആവശ്യമില്ല. കാരണം, ആ ജഗദ്ഗുരുതന്നെ പറയുന്നുണ്ടു്, "എന്റെ ചുമടു ഘനം കുറഞ്ഞതും എന്റെ നുകം മധുരമുള്ളതുമാകുന്നു" എന്നു്. ഇതൊരു മാസ്മരവിദ്യയാണ്. ദൈവപ്രസാദവരമാണ് ഈ അത്ഭുതം സാധിക്കുന്നതു്. അതോടു സഹകരിച്ചിട്ടുള്ള ലക്ഷോപലക്ഷങ്ങൾ ഈ വസ്തുതക്കു സാക്ഷ്യംവഹിച്ചു കഴിഞ്ഞിട്ടുണ്ടു്. നമുക്കും അതനുഭവവേദ്യമാക്കാവുന്നതു മാത്രമാണ്. ഭീകരമായ ഒരു ഗാഗുൽത്താക്കപ്പുറത്തു ശോഭനമായ ഒരുത്ഥാനരംഗമുണ്ടെന്നു നാമനുസ്മരിക്കണം. യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം ഒരു ദുരന്തനാടകമല്ല. ജീവിതക്ലേശങ്ങൾ അവനു നിത്യസൗഭാഗ്യത്തിന്റെ ചവിട്ടുപടികൾ മാത്രമാണ്. ശോഭനമായ ഈ ഉഷസ്സിന്റെ പ്രഭാവീചികളാണ് സഹനത്തിന്റേയും സ്വയംപരിത്യാഗത്തിന്റേയും ദാരുണരംഗങ്ങളെ പ്രകാശമാനമാക്കുന്നതു്. ആകയാൽ നോമ്പുകാലത്തിന്റെ സന്ദേശം നമ്മെ ഉത്തേജിതരാക്കുന്നതിനും ധീരവും പരിപൂർണ്ണവുമായ കത്തോലിക്കാ ജീവിതത്തിനു നമ്മെ വഴിതെളിക്കുന്നതിനും ഇടയാകട്ടെ.

# പ്രസാധകക്കുറിപ്പുകൾ

## കമ്മ്യൂണിസ്റ്റ് ഭീഷണി

### തായ്ലണ്ടിന്റെ നേർക്കും

തായ്ലണ്ടിനടുത്തായി ദക്ഷിണചൈനായിൽ ഇരുപതിനായിരം വരുന്ന ഒരു കമ്മ്യൂണിസ്റ്റ് സൈന്യവ്യൂഹത്തെ സജ്ജീകരിച്ചു നിറുത്തിയിട്ടുണ്ടെന്നും, ആ രാജ്യത്തിനകത്തു് പ്രവൃത്തനം നടത്തിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ചുകൊണ്ടു് ദക്ഷിണയൂനാൻ സംസ്ഥാനത്തിലെ ചേലിൽനിന്നും ഉത്തരലാവോസിലെ ഫോണ്ടുസാലിയിൽനിന്നും ഈ സൈന്യം തായ്ലണ്ടിനെ ആക്രമിച്ചേക്കുമെന്നും തായ്ലണ്ടു് പ്രധാനമന്ത്രി മാർഷൽ പി ബുൾസംഗ്രാം ബാങ്കോക്കിൽവച്ചു പത്രലേഖകന്മാരോടു് പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഈ ഭീഷണിയെ ചെറുത്തു കമ്മ്യൂണിസ്റ്റുകളെ പിന്തിരിപ്പിച്ചില്ലെങ്കിൽ അവർ തായ്ലണ്ടിനേയും കൈവശപ്പെടുത്തി ദക്ഷിണപൂർവ്വേഷ്യമുഴുവൻ അടക്കിഭരിക്കുമെന്നാണ് അദ്ദേഹം വ്യക്തമാക്കിയതു്. സിയാറേറാ (ദക്ഷിണപൂർവ്വേഷ്യൻ സഖ്യം) യുടെ നേതൃത്വത്തിൽ സായുധസൈന്യങ്ങളുടെ സങ്കേതങ്ങൾ തായ്ലണ്ടിൽ സ്ഥാപിക്കുന്നതിനും, ഒരു സ്ഥിരം സിയാറേറാസിക്രട്ടറിയേററു ബാങ്കോക്കിൽ പ്രവൃത്തനം നടത്തുന്നതിനും വേണ്ട സജ്ജീകരണങ്ങൾക്കുവേണ്ടി സീയാറേറാകൗൺസിലിൽ വാദം നടത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. കമ്മ്യൂണിസ്റ്റ് ഗൂഢപ്രവൃത്തനങ്ങളെ നേരിടാൻ തന്റെ ഗവമ്മേണ്ടു് പരിശ്രമിക്കുകയാണെന്നും അതു പരാജയപ്പെട്ടാൽ സീയാറേറായുടെ സഹായം തേടുന്നതാണെന്നും പ്രധാനമന്ത്രി വിശദമാക്കി. കൊറിയ, ഇന്തോചൈന, മലയ എന്നിവിടങ്ങളിൽ കമ്മ്യൂണിസത്തിനെതിരായ സമരം ഇപ്പോൾ മന്ദീഭവിച്ചിരിക്കുകയാണെങ്കിലും, ദക്ഷിണപൂർവ്വേഷ്യയിലെ കമ്മ്യൂണിസ്റ്റ് അക്രമപരിപാടികൾക്കു യാതൊരു മാന്ദ്യവും നേരിട്ടിട്ടില്ല. തെക്കുപടിഞ്ഞാറെ ചൈനയിൽ 4 സൈന്യവ്യൂഹങ്ങളുണ്ടു്. ചൈനയിൽ സൈന്യസജ്ജീകരണം നടത്തുന്നതു് ആഭ്യന്തരരക്ഷക്കാണെന്നു ഭാവിക്കുന്നുണ്ടെങ്കിലും ആക്രമണമാണ് അവരുടെ ലക്ഷ്യം. തായ്ലണ്ടിൽ അവർ കടന്നുകൂടിയിട്ടുണ്ടു്. കഴിഞ്ഞ സെപ്തംബറിൽ മാനിലായിൽവച്ചു ഒപ്പുവയ്ക്കപ്പെട്ട കരാർ അക്ഷരശഃ നിറവേററപ്പെടണമെന്നു തായ്ലണ്ടു് സിയാറേറായിൽശക്തിയായി വാദിക്കുന്നതാണ് എന്നദ്ദേഹം തുടന്നു പ്രസ്താവിച്ചു.

സിയാറേറാ കൗൺസിലിന്റെ പ്രഥമയോഗത്തിൽ പങ്കെടുക്കുന്നതിനായി ബാങ്കോക്കിലേക്കു പോകുന്ന ബ്രിട്ടീഷ് വിദേശകാര്യസിക്രട്ടറി സർ ആന്റണി ഈഡൻ കൽക്കട്ടായിൽ വച്ചു പ്രസ്താവിച്ചതു്, സിയാറേറാക്കു സ്ഥിരമായ ഒരു സേന വേണമോ എന്ന കാര്യം അവസാനമായി തീരുമാനിക്കപ്പെട്ടിട്ടില്ല എന്നാണ്. കറാച്ചിയിൽവച്ചു് മലയായുടെ കാര്യമൊഴിച്ചു ബ്രിട്ടനു സിയാറേറായിൽ എന്തുതാല്പര്യമാണുള്ളതെന്നു സർ ഈഡനോടു ചോദിച്ചപ്പോൾ അദ്ദേഹം സന്ദർശകരോടു പറഞ്ഞതു്, "ദക്ഷിണപൂർവ്വേഷ്യക്കും പശ്ചിമപസിഫിക്കിനും ഒരുപോലെ നല്ലതാണ് സ്വയംരക്ഷാഉടമ്പടികൾ ഉണ്ടായിരിക്കുന്നതു്; പ്രസ്തുതഉടമ്പടികൾ ആരേയും ഉപദ്രവിക്കാൻ പോകുന്നില്ല" എന്നാണ്. കമ്മ്യൂണിസ്റ്റുകൈയേററത്തെ തടയുന്നതിനുള്ള പദ്ധതികൾ സീയാറേറാകൗൺസിലിൽ ചർച്ചചെയ്യപ്പെടുമെന്നും തായ്ലണ്ടിന്റേയും മററുപോലുള്ള ദുർബലരാജ്യങ്ങളുടേയും സുരക്ഷിതത്വത്തിനു പ്രസ്തുത സംഘടന വഴിതെളിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

x x x

## കമ്മ്യൂണിസ്റ്റ് ചൈനയിലെ അടിമവേലക്കാർ

ജനങ്ങളെ സ്വതന്ത്രരാക്കുന്നതിനാണ് കമ്മ്യൂണിസ്റ്റുകൾ ഓരോ രാജ്യങ്ങളിലും അധികാരം സ്വീകരിക്കുന്നതെന്നും, ലിബറേഷൻ (സ്വതന്ത്രമാക്കൽ) എന്നതാണ് ആ നടപടിയെന്നും അവർ ഘോഷിക്കാറുണ്ടല്ലോ. എന്നാൽ ഇരുമ്പുമറയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്തുകഴിഞ്ഞാൽ പിന്നെ ആ രാജ്യത്തിന്റെ സ്ഥിതിയെന്താണെന്നു ബാഹ്യലോകത്തിനുഅറിയാൻ സാദ്ധ്യമല്ല. ആ പറുദീസാഅവരുടെ "അസ്വതന്ത്ര" ലോകത്തിനദൃശ്യമാണ്. അവിടെ മൃഗീയമായ അസ്വാതന്ത്ര്യവും അടിമത്വവുമാണ് നടമാടുന്നതെന്നുപറഞ്ഞാൽ അതു പിന്തിരിപ്പൻ പ്രചരണമായി മുദ്രയടിക്കപ്പെട്ടുകഴിയും. തടങ്കൽ താവളരീതികൾക്കെതിരായി പ്രവർത്തിക്കുന്ന ഒരു സാർവ്വദേശീയ കമ്മീഷനുണ്ടു്. അതിനു പ്രത്യേകഗവമ്മേണ്ടുകളായി ബന്ധമൊന്നുമില്ല. എങ്കിലും അതു ഐക്യരാഷ്ട്ര

സംഘടനയുമായി ബന്ധപ്പെട്ടതാണ്. ഈ കമ്മീഷൻപ്രസിഡൻറിൻെറ ഉപദേഷ്ടാവായ മി. ഡേവിഡ്‌റൂസ്സോ ഈയിടെ ഹോങ്കോങ്ങിൽവച്ചു ഒരു പത്രപ്രവർത്തക സമ്മേളനത്തിൽ കമ്മ്യൂണിസ്റ്റ് ചൈനയെപ്പററി പ്രസ്താവിച്ചതിപ്രകാരമാണ്:- പൂറുകണക്കിനോ, ആയിരക്കണക്കിനോ അല്ല, പിന്നെയോ ലക്ഷക്കണക്കിനാണ് അടിമവേലക്കാർ കമ്മ്യൂണിസ്റ്റ് ചൈനയുടെ കീഴിലുള്ളത്. ഈ പ്രസ്താവനയെ തെളിയിക്കുന്നതിനുവേണ്ട വിവരങ്ങളെല്ലാം അദ്ദേഹം ശേഖരിച്ചിട്ടുണ്ട്. തുടന്നു് കമ്മ്യൂണിസ്റ്റ് ചൈനയിലെ അടിമവേലയെ സംബന്ധിച്ച സ്ഥിതിഗതികൾ രഷ്യയിലേതിനോടു താരതമ്മ്യപ്പെട്ടതാമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:-കമ്മ്യൂണിസ്റ്റ് ചൈനയിൽ കൂടുതൽ വിരുതോടും കൗശലത്തോടുംകൂടിയാണ് കാര്യങ്ങൾ നടത്തുന്നതു്. ചുവപ്പു ചൈനയിലെ തൊഴിൽ സാഹചര്യങ്ങളെപ്പററി നേരിട്ടു പഠനം നടത്താൻ അനുമതി അഭ്യർത്ഥിച്ചുകൊണ്ടു കമ്മീഷൻ ചൗഎൻ ലായിക്കു ജനീവാസമ്മേളനം നടന്നുകൊണ്ടിരുന്ന അവസരത്തിൽ കത്തയച്ചു എങ്കിലും അതിനു ഇതുവരെയും മറുപടി ഉണ്ടായിട്ടില്ല. അദ്ദേഹത്തിൻെറ പര്യന്വേഷണത്തിൻെറ ഫലമായി ലഭിച്ചിട്ടുള്ള അറിവുകൾ ഐക്യരാഷ്ട്രങ്ങളുടെ "എക്കോസോക്ക്" സമ്മേളനത്തിൽസമപ്പിക്കുന്നതിനുദ്ദേശിക്കുന്നതായി റൂസ്സോ വെളിപ്പെടുത്തി.

* * *

## കോൺഗ്രസ്സിൻെറ സോഷ്യലിസ്റ്റ് നയം

### പനമ്പിള്ളി വിശദീകരിക്കുന്നു

കോൺഗ്രസ്സ്‌ദിനം പ്രമാണിച്ചു എറണാകുളം അയ്യപ്പൻകാവു മൈതാനത്തുവച്ചു നടന്ന പൊതുയോഗത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസിൻെറ ആവഡി പ്രമേയത്തെ വിശദീകരിച്ചുകൊണ്ടു തിരുക്കൊച്ചി പ്രധാനമന്ത്രി ശ്രീ പനമ്പിള്ളി ഇപ്രകാരമാണ് പ്രസംഗിച്ചതു്:- കോൺഗ്രസ്സ് പ്രസിഡൻറു് ശ്രീ ധേബാർ വിശദീകരിച്ചിട്ടുള്ളതുപോലെ കോൺഗ്രസ്സിൻെറ പ്രവത്തനം പ്രധാനമായി മൂന്നു ഘട്ടങ്ങളായി തിരിക്കാവുന്നതാണ്. 1950 ജനുവരി 26-ാംനു-വരെയുള്ള കാലഘട്ടം സ്വാതന്ത്ര്യസമരഘട്ടം. അന്നു സോഷ്യലിസം നടപ്പാക്കുന്ന കാര്യം വിശദീകരിക്കുന്നതിൽ അത്ഥമില്ല. അന്നത്തെ ലക്ഷ്യം സ്വാതന്ത്ര്യം സമ്പാദിക്കുക എന്നതു മാത്രമാണ്; വിദേശാധിപത്യം തുടച്ചുനീക്കുക മാത്രമാണ്. 1950 ജനുവരി 26-ാംനു- മുതൽ ആ ഘട്ടം അവസാനിച്ചു. അന്നുമുതൽ രണ്ടാംഘട്ടം ആരംഭിച്ചു. ആ ഘട്ടത്തിലെ ലക്ഷ്യം സ്വാതന്ത്ര്യം ഉറപ്പായ ഒരസ്ഥിവാരത്തിൽ കെട്ടിപ്പടുക്കുക എന്നതായിരുന്നു. നെല്ലും ഗോതമ്പും വേണ്ടത്ര ഉൽപാദിപ്പിക്കുന്നതിനും ആ ഘട്ടത്തിൽ യത്നിച്ചു. അതിനായി ഒന്നാം പഞ്ചവത്സരപദ്ധതി രൂപവൽക്കരിച്ചു. ദുരിതംപിടിച്ച റേഷൻകാലം ഒന്നാം അയ്യാണ്ടുപദ്ധതിയുടെ പ്രവത്തനഫലമായി അവസാനിക്കുമെന്നു്, നെല്ലും ഗോതമ്പും പഞ്ചസാരയും തുണിയും ഈ രാജ്യത്തിൽ സുലഭമാകുമെന്നു് അന്നു കോൺഗ്രസ്സ് പറഞ്ഞു. കോൺഗ്രസ്സിൻെറ എതിർകക്ഷികൾ അതിനെ പരിഹസിച്ചു. അയ്യാണ്ടു പദ്ധതി കടലാസു്പദ്ധതിയാണെന്നും പഞ്ഞവത്സരപദ്ധതിയാണെന്നും അവർ അധിക്ഷേപിച്ചു ഇന്നു നാട്ടുകാക്കു ബോദ്ധ്യമായി, കോൺഗ്രസ്സ് പറഞ്ഞതു് തികച്ചും യഥാത്ഥമായിരുന്നു എന്നു്. ഒരു കാലത്തു ബ്രിട്ടൻെറ തുണിത്തരങ്ങൾ ഇന്ത്യയിൽവന്നു മറിയുകയായിരുന്നു. ഇന്നു ഇന്ത്യയിൽനിന്നുള്ള തുണിത്തരങ്ങൾ ബ്രിട്ടണിലേക്കു കയററി അയക്കുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലം അവസാനിക്കാറായി. 6000 കോടിയിലധികം ഉറപ്പികയാണു് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ചിലവ്. തൊഴിലില്ലായ്‌മ പരിഹരിക്കുകയും വ്യവസായവൽക്കരണം നടപ്പാക്കുകയുമാണു് ഈ അയ്യാണ്ടു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതാണ് കോൺഗ്രസ്സ്‌പ്രവത്തനത്തിൻെറ മൂന്നാംഘട്ടം. സാമൂഹികവ്യവസ്ഥിതി ഏതു രൂപത്തിലാണു് സംവിധാനം ചെയ്യുകയെന്നു് ആലോചിച്ചു തീരുമാനിക്കേണ്ടതു് വ്യവസായവൽക്കരണം നടപ്പാക്കുന്ന ഈ സന്ദഭത്തിലാണ്. അതുകൊണ്ടാണ് കോൺഗ്രസ്സിൻെറ ഇക്കഴിഞ്ഞ സമ്മേളനം അതാലോചിക്കുകയും സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള സാമൂഹികസംവിധാനമാണ് കോൺഗ്രസ്സിൻെറ ലക്ഷ്യമെന്നു് പ്രഖ്യാപിക്കുകയും ചെയ്തതു്. ഈ നൂററാണ്ടിൽ ഇന്ത്യയിലുണ്ടായ മഹാസംഭവങ്ങളിലൊന്നാണ് ഈ പ്രഖ്യാപനം. അധികാരത്തിലിരിക്കുന്ന ഒരു കക്ഷി ഉത്തരവാദിത്വത്തോടെ ചെയ്ത ഈ പ്രഖ്യാപനം സുപ്രധാനമാണ്. കോടിക്കണക്കിനു കർഷകക്കും തൊഴിലാളികൾക്കും ആവേശം നൽകുന്ന പ്രഖ്യാപനമാണിതു്. സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി അഭിലഷിക്കുന്ന എല്ലാ ജനവിഭാഗങ്ങളും കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുകയാണ് ഇപ്പോഴാവശ്യം. കോൺഗ്രസ്സിൻെറ ഈ ലക്ഷ്യപ്രഖ്യാപനം നാട്ടുകാർ ശരിക്കു മനസ്സിലാക്കണം.

### ആശങ്കകൾ അടിസ്ഥാനരഹിതമോ?

ആവഡിസമ്മേളനത്തോടനുബന്ധിച്ചു് വിഷയനിണ്ണയക്കമ്മിററിയിൽ അബ്‌ദുൾകലാം അസാദ് സോഷ്യലിസ്റ്റിക്ക് രീതിക്കുവേണ്ടിയുള്ള പ്രമേയം അവതരിപ്പിച്ചു് ശക്തിയായ വാദപ്രതിവാദങ്ങൾക്കുശേഷം പാസാക്കി. പ്രസ്തുത പ്രമേയം കോൺഗ്രസ്സിൻെറ പൊതുസമ്മേളനത്തിൽ ശ്രീ നെഹ്രു അവതരിപ്പിച്ചു, ഐകകണ്ഠ്യേന പാസ്സാക്കപ്പെടുകയുംചെയ്തു. ഇന്ത്യയുടെ ലോക്‌സഭയിൽ സാമ്പത്തികപ്രമേയം വാദത്തിനു വരികയും രണ്ടുദിവസത്തെ വാദപ്രതിവാദങ്ങൾക്കുശേഷം സോഷ്യലിസ്റ്റിക്ക് രീതി ഭാവിപ്രവർത്തനലക്ഷ്യമായി പാസ്സാവുകയും ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഈ നയം അതിൻെറ ഭാവി പരിപാടികളിൽ എങ്ങനെ പ്രായോഗികമാക്കപ്പെടുമെന്നാണ് ഇപ്പോൾ ജനത ഉൽക്കണ്ഠയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്നതു്. സോഷ്യലിസം ഇന്ത്യയിൽ നടപ്പാക്കപ്പെടുമ്പോൾ അതെന്തുരൂപം പ്രാപിക്കുമെന്നുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്നു പറയാൻ നിവൃത്തിയില്ല. അതു കമ്മ്യൂണിസത്തിൻെറ നഗ്നമായ വിളയാട്ടംവരെ ചെന്നെത്താവുന്ന ഒരു നയമാണെന്നു ന്യായയുക്തമായി അനുമാനിക്കപ്പെടുന്നതു് വസ്തുതകളേയും ഇതഃപയ്യന്തമുള്ള മററു രാജ്യങ്ങളിലെ അനുഭവങ്ങളേയും അടിസ്ഥാനമാക്കിയാണെന്നു നാമനുസ്മരിക്കണം. കളക്റ്റീവിസം, അനാക്കിസം, ബോൾഷെവിസം, മാർക്സീയൻ സോഷ്യലിസം എന്നിങ്ങനെ ഇന്നു സോഷ്യലിസത്തിൻെറ വിവിധ രൂപങ്ങൾ നിലവിലുണ്ടു്. ഇവയെല്ലാം സാമൂഹികക്രമത്തിൽ സവ്വപ്രധാനവും അടിസ്ഥാനപരവുമായ സ്വകാര്യ്ഉടമയെ അനാദരിക്കുന്നതുമാണ്. ഇന്ത്യയിൽ കരുപ്പിടിക്കുന്നതിനുദ്ദേശിക്കപ്പെടുന്ന സോഷ്യലിസം ഇത്തരത്തിലുള്ളതല്ല എന്നാണ് അതേസംബന്ധിച്ചുള്ള നെഹ്രുവിൻെറതന്നെ പ്രസ്താവനകളേയും വിവരണങ്ങളേയും ആധാരമാക്കി നോക്കുമ്പോൾ മനസ്സിലാകുന്നതു്. എന്നാൽ സസൂക്ഷ്മവും സുചിന്തിതവുമായ നിയന്ത്രണത്തിൻെറ അഭാവത്തിൽ അതു ഏതുനിമിഷത്തിലും അപഥത്തിലേക്കു വഴുതിവീഴാവുന്നതും സമുദായത്തിനു ദുരന്തദുരിതങ്ങൾക്കു കാരണമാകാവുന്നതുമാണെന്നാണ് പാശ്ചാത്യരും അതിനെ നേരിട്ടു കൈകാര്യം ചെയ്യുന്ന ഭരണമേധാവികളും ഓമ്മിക്കുന്നതു്. വ്യക്തി സമുദായത്തിനുവേണ്ടിയാണെന്നും, സമുദായത്തിൻെറ എല്ലാ അവകാശാധികാരങ്ങളും വ്യക്തിയുടെ അവകാശാധികാരങ്ങൾക്കുപരിയാണെന്നുമുള്ള നിവതത്വത്തിലോ പ്രയോഗത്തിലോ സ്വീകരിക്കപ്പെടുന്ന നിമിഷത്തിൽ ഈ അധഃപ്പതനം സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യും. അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യംപോലെതന്നെ അനിയന്ത്രിതമായ സാമൂഹികമേധാവിത്വവും അപകടകരമാണ്. ആദ്യത്തേതിൻെറ വിളയാട്ടമായിരുന്നു ഇംഗ്ലണ്ടിലെ മതവിപ്ലവം. രണ്ടാമത്തേതിൻെറ വേതാളനൃത്തമാണു് ഫ്രഞ്ചുവിപ്ലവം. ആധുനികചരിത്രത്തിൽ ഇവയ്ക്കു ധാരാളം ഉദാഹരണങ്ങൾ സുലഭങ്ങളുമാണ്. അതുകൊണ്ടു് സോഷ്യലിസം വ്യക്തിയുടെ ന്യായമായ അവകാശാധികാരങ്ങളെ കൈയടക്കുന്ന ഒരു പരിതസ്ഥിതി വന്നുചേരാതിരിക്കണം. വ്യക്തിയുടെ ദൈവദത്തമായ, പ്രകൃതിസഹജമായ അവകാശാധികാരങ്ങളിൽ കൈകടത്താതെ അവൻെറ ആദ്ധ്യാത്മികവും ധാമ്മികവും പാരമ്പരവുമായ എല്ലാ മൗലികാവകാശങ്ങളും സുരക്ഷിതമായിട്ടുള്ള ഒരു വ്യവസ്ഥിതിയാണ് അഭംഗം പാലിക്കപ്പെടേണ്ടതു്. ഇന്ത്യയുടെ ആധുനികപരിണാമത്തിൽ ഇതു രാഷ്ട്രപിതാവുതന്നെ വിഭാവനം ചെയ്തിട്ടുള്ളതും സാഹചര്യാനുസരണം വിശദമാക്കിയിട്ടുള്ളതുമാണ് ഇതിൻെറ നിലനില്പിനു അവശ്യം അനുപേക്ഷണീയമാണ് സ്വകാര്യ്ഉടമ, മനസ്സാക്ഷിസ്വാതന്ത്ര്യം ആദിയായവ. ക്ഷേമരാഷ്ട്രം, സർവോദയം മുതലായ ആദശ്ങ്ങളിൽ ഈ സ്ഥിതിവിശേഷത്തെ സൃഷ്ടിക്കുന്നതിനും പരിരക്ഷിക്കുന്നതിനും വേണ്ടിയാണ് ഇന്ത്യ ഇന്നുവരെ പരിശ്രമിച്ചിട്ടുള്ളതു്. അതുകൊണ്ടു് സോഷ്യലിസ്റ്റ് മാതൃകവെകിളിയിൽ അതിപ്രധാനമായ ഈ തത്വങ്ങൾ എറിഞ്ഞുടയ്ക്കാതിരിക്കുവാൻ അനിതരസാധാരണമായ ശ്രദ്ധയുണ്ടാകേണ്ടതുണ്ടു് എന്നു തെളിവാണല്ലോ.


* * *

## ജപമാലയെപ്പററി പ്രമേയം

### ബിഷപ്പ്സ് കോൺഫറൻസ് കമ്മിററിയിൽ

"കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യാ" സംഘടനയുടെ സ്റ്റാൻഡിംഗ്കമ്മററി ഫെബ്രുവരിമാസത്തിൽ ബാങ്കളൂർ സമ്മേളിച്ച അവസരത്തിൽ, ഇന്ത്യയിൽ ജപമാലഭക്തിപ്രചാരണത്തിൽ വ്യാപൃതനായിരിക്കുന്ന റവ. ഫാദർ പേയ്‌ററൻ കമ്മററിക്കു സമപ്പിച്ചതും കമ്മററി ഏകയോഗമായി അംഗീകരിച്ചതുമായ പ്രമേയം ഇപ്രകാരമാണ്:- "കുടുംബജീവിതത്തെ ശിഥിലീകരിക്കുന്ന ശക്തികളിൽനിന്നു വിമുക്തമായിരിക്കുന്നതിനും, പിതാവു് കുടുംബനായകനായും മാതാവു് ഐക്യത്തിൻെറയും സ്നേഹത്തിൻെറയും കേന്ദ്രമായും കുട്ടികൾ അനുസരണത്തിനും കൃതജ്ഞതയ്ക്കും ബദ്ധരായും കുടുംബത്തിലെ അംഗങ്ങളുടെ ഇടയിൽ കത്തവ്യബോധം പുരോഗമിപ്പിക്കുന്നതിനും, നിമ്മതചിത്താൽ ഭീഷണിപ്പെടുത്തപ്പെടുന്ന കുടുംബവൃത്തത്തിൽ പ്രാത്ഥനയുടെ ചൈതന്യം പരിപോഷിപ്പിക്കുന്നതിനും, കുടുംബജപമാലപ്രസ്ഥാനത്തിനു ഈ ഉദാരമായ ദണ്ഡവിമോചനങ്ങൾ പ്രദാനം ചെയ്തതിനു പരിശുദ്ധപിതാവിനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും, അപരാധമായി ഇന്നത്തെ അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ ദൈവമാതാവിൻെറ സ്നേഹവും സവ്വശക്തമായ മാദ്ധ്യസ്ഥവും കുടുംബത്തിനു സമാർജ്ജിക്കുന്നതിനുംവേണ്ടി ഇന്നാട്ടിലെ ഓരോ കത്തോലിക്കാ കുടുംബവും എല്ലാ ദിവസവും ജപമാല കൂട്ടമായി ചൊല്ലണമെന്നു സ്റ്റാൻഡിംഗ്കമ്മററി ശക്തിപൂവ്വം ഉൽബോധിപ്പിക്കുകയും, ആശാ

## കൃതജ്ഞത



സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. മേലിലും യാചിക്കുന്നു. താമസിച്ചതിനു് ക്ഷമാപണവും.

E. A., Muvattupuzha

സ്യമായ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും സ്ഥിരനിശ്ചയത്തോടെ പ്രചരിപ്പിക്കുകയും വേണ്ടതാണെന്നു വൈദികാദ്ധ്യക്ഷന്മാരെയും വൈദികരേയും കന്യാസ്ത്രീകളേയും, അദ്ധ്യാപകരേയും ലീജിയൻ ഓഫ് മേരി അംഗങ്ങളേയും സൊഡാലിററിയംഗങ്ങളേയും കത്തോലിക്കാ പ്രവത്തന സംഘാംഗങ്ങളേയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു."

കേരളത്തിൻെറ പ്രശസ്ത പാരമ്പയ്യമായ അനുദിനജപമാലഭക്തി ഓരോ കുടുംബങ്ങളിലും ഉത്തേജകമായവിധം നിവ്വഹിക്കപ്പെടുന്നതിനു ജപമാലാപ്പസ്തോലനായ ഫാദർ പേയ്‌ററൻെറ സാന്നിദ്ധ്യവും കോൺഫറൻസിൻെറ ആഹ്വാനവും എല്ലാവക്കും പ്രചോദനം നൽകുമാറാകട്ടെ.

—ം—

### ജപാപ്പസ്തോലസഖ്യത്തിൻെറ മാർച്ചുമാസത്തെ പൊതുനിയോഗം

"പരിശുദ്ധപിതാവിൻെറ പൊതുവായിട്ടുള്ളതും പ്രത്യേകമായിട്ടുള്ളതുമായ നിയോഗങ്ങൾക്കായിട്ടു്."

### വേദപ്രചാരനിയോഗം

"പാക്കിസ്ഥാനിലെ കത്തോലിക്കാസഭയ്ക്കുവേണ്ടി"

## അടുത്ത ആഴ്ചയിൽ

മാച്ച്

3 വ്യാ: വി. മരീനുസ്

4 വെ: കത്താവിൻെറ കുന്തവും ആണിയും

5 ശ: വി. ജോൺജോസഫ്

6 ഞാ: നോമ്പ് 2-ാംഞായർ

7 തി: തോമസ് അക്വിനാസ്

8 ചൊ: ദൈവത്തിൻെറ യോഹന്നാൻ

9 ബു: നാല്പതു വേദസാക്ഷികൾ

## "ഞാൻ എന്തുചെയ്തു?"

### (മാത്യു മൂഴിയിൽ എസ്. ജെ.)

ശാന്തനും വിനീതനുമായ ക്രിസ്തു തങ്ങളുടെ ധമ്മതല്പരത എല്ലാവരാലും സ്തുതിക്കപ്പെടുവാൻ തെരുവീഥികളിൽ കാഹളം മുഴക്കി ധമ്മം കൊടുക്കുന്ന പ്രീശരെ കശ്നമായ ഭാഷയിലാണ് ശകാരിച്ചതു്. സ്വർഗ്ഗീയപിതാവിനെ പ്രസാദിപ്പിക്കണമെന്നതിനേക്കാൾ ജനങ്ങളുടെ പ്രശംസ ലഭിക്കണമെന്നാണ് അവർ ആഗ്രഹിച്ചതു്. ക്രിസ്തുവിൻെറ സകല പ്രവൃത്തികളുടെയും ഏകലക്ഷ്യം പിതാവിൻെറ ഇഷ്ടവും മഹത്വവുമായിരുന്നു. അവിടുത്തെ നിസ്വാത്ഥഹൃദയത്തിനു് പ്രീശരുടെ സ്വാത്ഥതയും സങ്കുചിതമനഃസ്ഥിതിയും എത്രമാത്രം വേദന നൽകിയിരിക്കണം!

കപടഭക്തിയുടെ കാലം കഴിഞ്ഞിട്ടില്ല. പ്രീശന്മാരുടെ കാലത്തെ കാഹളത്തിനുപകരം പുതിയ ഉപായങ്ങൾ ഉപയോഗിക്കുന്നുവെന്നു മാത്രം. എങ്കിലും "നീ ഭിക്ഷകൊടുക്കുമ്പോൾ നിൻെറ വലത്തുകൈ എന്തുചെയ്യുന്നുവെന്നു് ഇടത്തുകൈ അറിയരുതു്" എന്ന സുവിശേഷതത്വം പൗരാണികമെന്നോ, അതിൻെറ അനുവത്തനം അസാദ്ധ്യമെന്നോ പറഞ്ഞുതള്ളാവുന്നതല്ല. ഉന്നതമായ ആദശത്തിലേക്കു ശ്രദ്ധയെ ക്ഷണിക്കയും അതനുസരിച്ചു് പ്രവത്തിക്കാൻ ഉത്തേജിപ്പിക്കയുമാണ് ഗിരിപ്രഭാഷണം ചെയ്യുന്നതു്.

അന്യരുടെ പ്രശംസയെ ഒട്ടുംതന്നെ ആഗ്രഹിക്കാതെ മററുള്ളവരുടെ ഉന്നതിക്കുവേണ്ടി നന്മ ചെയ്ത ഒരു ഉത്തമവ്യക്തിയായിരുന്നു ഡോക്ടർ ജോൺ വൂവിൻെറ പിതാവു്. (രാജ്യതന്ത്രജ്ഞൻ, സാഹിത്യകാരൻ, ചിന്തകൻ മുതലായ നിലകളിൽ ചൈനയിലും മററു രാജ്യങ്ങളിലും പ്രസിദ്ധനായിത്തീന്ന ഡോക്ടർ വൂ 1937-ൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു) ഡോക്ടർ വൂ തൻെറ ആത്മകഥയിൽ പറയുന്ന ഈ ചെറിയ സംഭവം സ്വപിതാവിൻെറ അനുകരണാർഹമായ സ്വഭാവവിശേഷത്തെ തെളിയിക്കുന്നുണ്ടു്.

ഒരു ദിവസം ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ആരോ ഒരാൾ വാതുക്കൽ മുട്ടുന്നതു കേട്ടു. വാതിൽ തുറക്കാൻ ഞാൻ ഓടി. ഒരു പടുകിഴവൻ കയറിവന്നു. ഒരു വാക്കുപോലും ഉച്ചരിക്കാതെ അയാൾ എൻെറ അച്ഛൻെറ മുൻപിൽ മുട്ടുകുത്തുകയായി. അച്ഛൻ അപരിചിതൻെറ അപ്രതീക്ഷിതമായ ഈ പ്രവൃത്തിയിൽ അത്ഭുതപ്പെട്ടു പെട്ടെന്നു് എഴുന്നേററു് വൃദ്ധനെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു് "ഇതെന്താ സംഗതി, എന്താ സംഗതി" എന്നു ചോദിച്ചു. ഒന്നിനും കൊള്ളരുതാത്തവനായിരുന്ന അയാളുടെ മകനെ സഹായിച്ചതിൽ എൻെറ അച്ഛനോടു് തനിക്കു് എത്രമാത്രം കൃതജ്ഞതയുണ്ടെന്നും, മകൻ എത്ര വ്യത്യാസപ്പെട്ടുവെ

# വിവിധവൃത്താന്തങ്ങൾ

### ടർക്കി മന്ത്രിമാർക്കു്

## പേപ്പൽ സന്ദർശനം


ഫെബ്രുവരി 1-ാംനു- ടർക്കി പ്രധാനമന്ത്രി മി. അഡ്നാൻ മെൻഡെരെസ്സും വിദേശമന്ത്രി മി. ഫാവുഡ് കൊപ്പ്രുളുവും മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു. ടർക്കിയും വത്തിക്കാനുമായി നയതന്ത്രബന്ധങ്ങളൊന്നും സ്ഥാപിച്ചിട്ടില്ലെങ്കിലും ആ രാജ്യത്തുള്ള കത്തോലിക്കരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനു ഈസ്റ്റാംബൂളിൽ ഒരു ദ്വഗാദപ്പ്രസ്താവിക്കാ നിയമിതനായിട്ടുണ്ടു്. ടർക്കിയിൽ 2 കോടി മഹമ്മദീയരും 18,000 കത്തോലിക്കരുമാണുള്ളതു്.

### സ്റ്റെപ്പിനാക്കിനെതിരായി

## പുസ്തകമെഴുതുന്നു

യൂഗോസ്ലാവിയായിൽ കഠിനതരമായ മർദ്ദനമനുഭവിച്ചു പാർത്തുന്ന സാഗ്രെബിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ സ്റ്റെപ്പിനാക്കു് കമ്മ്യൂണിസ്റ്റുകൾക്കു എത്ര ഭയങ്കരമായ തലവേദനയാണുളവാക്കുന്നതെന്നു പറയുക വിഷമമാണു്. അദ്ദേഹത്തിൻെറ വ്യക്തിപ്രഭയെ തേജോവധം ചെയ്യുന്നതിനുവേണ്ടി നടത്തപ്പെട്ട എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടുന്നതിൽ അവർക്കുള്ള അമർഷം അസഹനീയമാണു്. ഇപ്പോൾ ഒരു പാഠ്യപുസ്തകത്തിൽ അദ്ദേഹത്തെപ്പററി ഒരദ്ധ്യായം എഴുതിച്ചേർക്കുന്നതിനാണു് ഗവമ്മെൻറു് യൂഗോസ്ലാവു് സയൻസു് ആൻറു് ആർട്ട്സ് അക്കാഡമിയുടെ ഒരു കമ്മററിയെ ഭരപ്പെടുത്തിയിരിക്കുന്നതു്. 1945-ൽ സാഗ്രെബു സ്വാതന്ത്ര്യമായതിൻെറ ദശവാർഷികസ്മാരകമായിട്ടാണു് ഈ ഗ്രന്ഥം പുറത്തുവരുന്നതു്. ഇതുവഴിയായി "ജനങ്ങളുടെ മനസ്സിൽ പതിഞ്ഞിട്ടുള്ള പാതകിയായ സ്റ്റെപ്പിനാക്കിൻെറ പൂജ്യമായ സ്മരണ നശിപ്പിക്കപ്പെടണ"മെന്നാണു് അവരുടെ ലക്ഷ്യം. കമ്മ്യൂണിസ്റ്റു് പ്രമുഖന്മാരിൽ ഒരാളായ വ്ളാഡ്മീർ ബുക്കാറിക്കു് ഇതേപ്പററി പറഞ്ഞതിപ്രകാരമാണു്:- "യുദ്ധപാതകിയായ സ്റ്റെപ്പിനാക്കിൻെറ നേതൃത്വത്തിൽ ഉന്നതന്മാരായ റോമൻ കത്തോലിക്കാ സഭാനേതാക്കന്മാരാൽ നടത്തപ്പെട്ടിട്ടുള്ള കുററകരവും വഞ്ചനാത്മകവുമായ പ്രവർത്തനങ്ങളെപ്പററി ഒരദ്ധ്യായംതന്നെ അതിലുണ്ടാകും. ക്രോട്ടിലെ ഭാവിതലമുറകളെ റോമാസഭ എത്ര കുടിലമായ വഞ്ചനകളാണു് ചെയ്തതെന്നു പഠിപ്പിക്കുന്നതിനു അതു ആവശ്യമാണു്. സ്റ്റെപ്പിനാക്കിൻെറ പൈശാചികമായ ശ്രമത്തെ വിശദീകരിക്കുന്നതിൽ സഖാക്കൾ യാതൊരു ദാക്ഷിണ്യവും വിചാരിക്കരുതു്." ശാന്തം! പാവം!

## For favours received



Mrs. Aleyamma Thampy Perumbavoor

ന്നും, മാതാപിതാക്കന്മാരോടു് അവൻ ഇപ്പോൾ എത്ര നന്നായി പെരുമാറുന്നുവെന്നും ആ വൃദ്ധൻ പറഞ്ഞു. ഇതു കേട്ടപ്പോൾ അച്ചനിൽ കൂടുതൽ എളിമയാണു് കണ്ടതു്, നിഗളമല്ല. ഏതാണ്ടിപ്രകാരം അച്ചൻ പറഞ്ഞു: "താങ്കളുടെ മകൻ പരമാർത്ഥത്തിൽ അത്രകൊള്ളരുതാത്തവൻ അല്ലായിരുന്നു. കൂടാതെ, അങ്ങയെപ്പോലെ ഒരു നല്ല പിതാവുള്ളപ്പോൾ അവൻെറ തെററിയ മാർഗ്ഗത്തിൽ എങ്ങനെ തുടർന്നുപോകും? ദൈവത്തിനു് കണ്ണുണ്ടു്. താങ്കളുടെ പുണ്യത്തിനു് അവിടുന്നു് പ്രതിഫലം തരുന്നു. ഞാൻ എന്തുചെയ്തു? ഞാൻ എന്തുചെയ്തു?"

വൃദ്ധൻ പോയിക്കഴിഞ്ഞപ്പോൾ ഞാൻ അച്ചനോടു ചോദിച്ചു: ആ കുടുംബത്തിനു് അച്ചൻ എന്താണു് ചെയ്തുകൊടുത്തതെന്നു്. "ഹും", മുഖം അല്പം ചുളുപ്പിച്ചുകൊണ്ടു് അദ്ദേഹം ഒന്നു ഉറപ്പിച്ചുമൂളി. "ഒരു കൊച്ചുകുട്ടിക്കു് അധികം ജിജ്ഞാസ നല്ലതല്ല. നിനക്കു് പള്ളിക്കൂടത്തിൽ പോകാൻ സമയമായി."

(Beyond East and West by John Wu)

## കന്യാസ്ത്രീകൾ

### അടിമവേല ക്യാമ്പുകളിൽ

ക്രാക്കോസ്ക്കടുത്തുള്ള നിർബന്ധിതവേലസ്ഥലങ്ങളിലെ ക്യാമ്പുകളിൽ 500 ഓളം പോളിഷ് കന്യാസ്ത്രീകളെ കമ്മ്യൂണിസ്റ്റു് അധികാരികൾ താമസിപ്പിക്കുന്നുണ്ടു്. അടിമവേല ചെയ്യുന്നതിനു നിർബന്ധിതരായിട്ടുള്ളവരുടെ ഭക്ഷണം പാകംചെയ്യുക, വസ്ത്രങ്ങൾ അലക്കുക മുതലായവയാണു് അവരുടെ ജോലികൾ. അവർക്കവിടെ യാതൊരുവിധ താമസസൗകര്യമോ, അത്യാവശ്യത്തിനുള്ള ഭക്ഷണമോ, ചൂടുകിട്ടുന്നതിനുള്ള സജ്ജീകരണങ്ങളോ ഒന്നുമില്ല. പലരും രോഗബാധിതരായി കഴിയുകയാണു്.

## പത്രപ്രവർത്തകർ

### സത്യത്തിൻെറ മിഷനറിമാരാകണം

പത്രപ്രവർത്തകരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസു് ദെസെയിൽസിൻെറ തിരുനാൾ പ്രമാണിച്ചു് മിലാൻ മെത്രാപ്പോലീത്തായായ മോസ്റ്റു് റവ. ഡോക്ടർ മൊന്തീനി ഒരു പത്രമാപ്പീസിൽ ലീനോടൈപ്പു് യന്ത്രങ്ങളുടെ ഇടയിൽ പാതിരാക്കുർബാന അർപ്പിച്ചിരിക്കുന്നു. അദ്ദേഹം തദവസരത്തിൽ പത്രപ്രവർത്തകരെ ഉൽബോധിപ്പിച്ചതു് അവർ "സത്യത്തിൻെറ മിഷനറി"മാരായിരിക്കണമെന്നാണു്.

### സ്പെയിനിൽ കത്തോലിക്കാ

## റേഡിയോസ്റ്റേഷൻ

സ്പെയിനിൽ സഭവകയായി ആദ്യത്തെ ഒരു റേഡിയോസ്റ്റേഷൻ ഉൽഘാടനം ചെയ്തിരിക്കുന്നു. ബർസിലോണായിൽ സ്ഥാപിച്ചിരിക്കുന്ന ഈ സ്റ്റേഷൻ മതപരമായ പ്രക്ഷേപണങ്ങൾക്കു മാത്രമേ ഉപയോഗിക്കപ്പെടുകയുള്ളു. തിരുകർമ്മങ്ങൾ സംബന്ധിച്ച വാർത്തകൾ, വിശ്വാസസത്യത്തേയും സദാചാരത്തേയും സംബന്ധിക്കുന്ന വാർത്തകളും വിവരണങ്ങളും എന്നിവയായിരിക്കും അതിൻെറ പരിപാടികളിൽ ഉൾക്കൊള്ളുക.

### പലസ്തൈനിൽ പോൻറിഫിക്കൽ

## മിഷൻെറസേവനം

1954-ൽ പോൻറിഫിക്കൽ മിഷനിൽനിന്നും പലസ്തൈനിൽ നിർവ്വഹിക്കപ്പെട്ടിട്ടുള്ള സേവനങ്ങളുടെ റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു:- അഭയാർത്ഥികളിൽ 327 കുടുംബങ്ങൾക്കു ഭവനങ്ങൾ ഉണ്ടാക്കിക്കൊടുത്തു. 16,000 പേരെ വൈദികസ്ഥാപനങ്ങളിൽ താല്ക്കാലികമായി താമസിപ്പിച്ചു. കഴിഞ്ഞ ജൂൺ അവസാനത്തിൽ ആകെയുണ്ടായിരുന്ന 887, 58 അഭയാർത്ഥികളിൽ 360,000 പേർ മിഷൻവകയായ സമാശ്വാസം സ്വീകരിക്കുന്നവരായിരുന്നു. 25 പാചകശാലകളിൽനിന്നു 32000 പേർ ദിവസവും ഭക്ഷണം സ്വീകരിച്ചുപോന്നു. 233 വസ്ത്രവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടു്. പഴയ വസ്ത്രങ്ങൾ നന്നാക്കുന്നതിനു 27 കേന്ദ്രങ്ങളും പഴയ ചെരിപ്പുകൾ നന്നാക്കുന്നതിനു 5 സ്ഥാപനങ്ങളും മിഷൻെറ വകയായി നടത്തിപ്പോരുന്നു. 315 സ്കൂളുകളിലായി 28000 ത്തിലധികം കുട്ടികളുടെ വിദ്യാഭ്യാസം നടത്തുന്നു. ബെയ്രൂട്ടിലെ കത്തോലിക്കാ യൂണിവേഴ്സിററിയിൽനിന്നുള്ള വിദഗ്ദ്ധാദ്ധ്യാപകരുടെ സഹായത്തോടുകൂടി ഇക്കൊല്ലത്തിൽതന്നെ 5 അദ്ധ്യാപകട്രെയിനിംഗ്സ്കൂളുകൾ സമാരംഭിച്ചു. 1320 അനാഥക്കുട്ടികളെ മിഷനിൽനിന്നു സംരക്ഷിക്കുന്നു. അഭയാർത്ഥികളിൽ കഴിവുള്ളവരെ കൈവേലകൾ പാഠിപ്പിക്കുന്നതിനു്—ചെരിപ്പുകുത്തുക, വസ്ത്രംതുന്നുക, അച്ചടിവേലകൾ നടത്തുക, പാചകവൃത്തി പരിശീലിക്കുക, എലക്ട്രിക്കു് വേലകൾ പഠിക്കുക, മെക്കാനിക്കുജോലി പരിചയിക്കുക മുതലായവയ്ക്കു—151 കൈത്തൊഴിൽ വിദ്യാലയങ്ങൾ നടത്തപ്പെടുന്നു. 25 ആശുപത്രികളും 57 ഡിസ്പെൻസറികളും 14 വൈദ്യസഹായകേന്ദ്രങ്ങളും ആരോഗ്യസംരക്ഷണത്തിൽ പ്രവർത്തിക്കുന്നു. ഇങ്ങനെ ബൃഹത്തായ ജീവകാരുണ്യപരമായ സേവനങ്ങളാണു് പലസ്തൈനിലെ അഭയാർത്ഥികളുടെ ഇടയിൽ പോൻറിഫിക്കൽ മിഷൻ ചെയ്തുകൊണ്ടിരിക്കുന്നതു്.

### സ്റ്റെപ്പിനാക്കിനെ കാണാതെ

## പട്ടണം കാണണ്ടാ

കഴിഞ്ഞ വേനൽക്കാലത്തു എത്തിയോപ്പിയൻ ചക്രവർത്തി ഹേയിലി സലാസി യൂഗോസ്ലാവിയായിൽ ഒരു സൗഹൃൽസന്ദർശനം നടത്തി. തദവസരത്തിൽ കമ്മ്യൂണിസ്റ്റുമേധാവികൾ അദ്ദേഹത്തെ സാഗ്രെബ് നഗരം സന്ദർശിക്കുന്നതിനു ക്ഷണിച്ചു. നഗരത്തിലെ പ്രധാന വ്യക്തികളെ കാണുന്നതിനും അക്കൂട്ടത്തിൽ കർദ്ദിനാൾ സ്റ്റെപ്പിനാക്കിനേയും സന്ദർശിക്കുന്നതിനും അനുവദിക്കപ്പെടുകയാണെങ്കിൽ മാത്രമേ സാഗ്രെബ് നഗരം ഞാൻ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നുള്ളു എന്നായിരുന്നു ചക്രവർത്തിയുടെ മറുപടി. കർദ്ദിനാൾ അദ്ദേഹത്തിൻെറ ജന്മസ്ഥലമായ ക്രേസിക്കു് ഗ്രാമത്തിൽ തടങ്കലിലാണെന്നും അദ്ദേഹം സുഖമില്ലാതിരിക്കുന്നതുകൊണ്ടു ചക്രവർത്തിയുടെ ഔദ്യോഗികസന്ദർശനപരിപാടികൾ അദ്ദേഹത്തെ കൂടുതൽ ക്ലേശിപ്പിക്കുമെന്നും തന്മൂലം ആ പരിപാടി അനുവദിക്കുവാൻ നിവൃത്തിയില്ലെന്നുമായിരുന്നു അധികാരികൾ അദ്ദേഹത്തെ അറിയിച്ചതു്. കർദ്ദിനാളിനോടു കമ്മ്യൂണിസ്റ്റുകാരുടെ കാരുണ്യാതിരേകം! കർദ്ദിനാളിനെ കാണാൻ സൗകര്യമില്ലെങ്കിൽ തനിക്കു ആ സ്ഥലം കാണുകയേ വേണ്ട എന്നായിരുന്നു ചക്രവർത്തിയുടെ തീരുമാനം.

## സ്റ്റെപ്പിനാക്കു്

### വീട്ടുതടങ്കലിലാണു്

യൂഗോസ്ലാവിയായിലെ പ്രൈമേറു് കർദ്ദിനാൾ സ്റ്റെപ്പിനാക്കു് ലെപ്പോഗ്ലാവാ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കപ്പെട്ടശേഷം അദ്ദേഹത്തിൻെറ സ്വന്തദേശമായ ക്രേസിക്കു് ഗ്രാമത്തിൽ താമസിപ്പിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ അദ്ദേഹം സാഗ്രെബിലുള്ള സെൻറു പീറേറഴ്സ് ഇടവകയിലേക്കു മാററപ്പെട്ടിരിക്കുന്നു എന്നും യാതൊരുത്തരേയും അദ്ദേഹത്തെ കാണുന്നതിനനുവദിക്കാതെ സദാനേരവും പോലീസു് കാവൽനില്ക്കുന്നു എന്നും ആസ്ത്രിയൻ ന്യൂസ് സർവ്വീസ് അറിയിച്ചിരിക്കുന്നു. ഞരമ്പുസംബന്ധമായ എന്തോ തകരാറുകൾ അദ്ദേഹത്തെ ബാധിച്ചിരിക്കുന്നു എന്നാണു് അവർ സന്ദർശകരോടു സമാധാനം പറഞ്ഞുവിടുന്നതു്.

### ജപ്പാൻ ദ്വീപാന്തരങ്ങളിൽ അജ്ഞാതമായ

## ക്രിസ്തീയസമൂഹം

ജപ്പാനിലെ ക്രിസ്തീയ സഭയുമായി ബന്ധപ്പെടാതെ ജപ്പാനടുത്തുള്ള ചില ദ്വീപുകളിൽ ഉദ്ദേശം 4 നൂററാണ്ടു പഴക്കമുള്ള ഒരു ക്രിസ്തീയജനവിഭാഗം നിവസിക്കുന്നതായി അറിവായിരിക്കുന്നു. ഹനാറെസ് എന്നറിയപ്പെടുന്ന ഒരു ജാതിക്കാരാണു് ഈ ക്രിസ്ത്യാനികൾ. അവർ വിശുദ്ധ ഫ്രാൻസീസ് സേവ്യറിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സന്താനങ്ങളാണു്. അവരുടെ ഗ്രാമത്തലവന്മാർ കുട്ടികൾക്കു ജ്ഞാനസ്നാനം നൽകുന്നു. മതോപദേശങ്ങളെല്ലാം പിതാവിൽനിന്നു പുത്രന്മാർ വാമൊഴിയായി സ്വീകരിക്കുന്നു. അവരുടെ പാരമ്പര്യപാനങ്ങളെല്ലാം അവർ നിഷ്ഠമായി കാത്തുപോരുന്നു. ജപ്പാനിലെ ക്രിസ്തീയ സഭയുമായി അവർ ഐക്യപ്പെടാതിരിക്കുന്നതു് ക്രിസ്തീയ സഭയുടെ ചരിത്രത്തേയും ഏകതത്തേയുംപററി അവർക്കു വേണ്ടത്ര ജ്ഞാനമില്ലാത്തതുകൊണ്ടു മാത്രമാണു്. അവരിൽ ഒരുഗണം ഈയിടെ അവരുടെ ചരിത്രവും മതപാരമ്പര്യവും പുസ്തകമാക്കി അച്ചടിപ്പിക്കുന്നതിനു ഒരു മിഷ്യനറിയുടെ സഹായം ആവശ്യപ്പെടുകയുണ്ടായി. നാഗസാക്കിയിലെ മെത്രാനായ യമഗൂച്ചി തിരുമേനി ഹനാറെസ് വർഗ്ഗക്കാർ തിരുസഭയെ ആശ്ലേഷിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ അവിടത്തെ വിശ്വാസികളെ ഉൽബോധിപ്പിക്കുകയുണ്ടായി.


### റഷ്യയിലെ സ്ഥിതിയിൽ

## വലിയ മാററമില്ല

റഷ്യയിൽ ഈയിടെ നടന്ന സംഭവവികാസങ്ങളെ അനുസ്മരിച്ചുകൊണ്ടു വത്തിക്കാൻ റേഡിയോ പ്രസ്താവിച്ചതു് റഷ്യയുടെ മനോഭാവത്തിലും നയത്തിലും മതത്തെ സംബന്ധിക്കുന്ന കാര്യ

(ശേഷം 5-ാംപേജിൽ)



# ജീവിതാദർശനിഷ്ഠ

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

വെറും ഒരു ഗുമസ്തനായി ജീവിതയാത്ര ആരംഭിച്ച ബെർണാഡ് ഷാ ഇരുപതാമത്തെ വയസ്സിൽ തീരുമാനിച്ചു ഒരു തികഞ്ഞ എഴുത്തുകാരനായി തീരണമെന്നു്. ദിവസവും അഞ്ചുവശം വീതം എഴുതണമെന്നൊരു നിശ്ചയവും. അനാദായകരമായ ഈ വെറും എഴുത്തുകാരണം ദാരിദ്ര്യം വർദ്ധിച്ചു. ഒൻപതുവർഷംകൊണ്ടു സമ്പാദിച്ചതു വെറും ആറു പവൻ മാത്രമായിരുന്നു. അവസാനം അദ്ദേഹം വിജയിച്ചു; ഒരൊന്നാംകിട എഴുത്തുകാരന്റെ സ്ഥാനം ബെർണാഡ്ഷാ കരസ്ഥമാക്കി. അമേരിക്കൻ സർവ്വസൈന്യാധിപനായി പ്രശസ്തസേവനം അനുഷ്ഠിച്ച മക്ആർതർ ബാല്യത്തിൽ, തന്റെ പിതാവു സമ്പാദിച്ച സൈനികമുദ്രകൾ നിർന്നിമേഷം നോക്കിരസിക്കാറുണ്ടായിരുന്നുപോലും. അതിനുശേഷം അദ്ദേഹത്തിന്റെ ജീവിതാദർശം അദ്ദേഹം ആലോചിച്ചു തീരുമാനിച്ചു; ആ തീരുമാനത്തിനൊത്തു പ്രവർത്തിച്ചു. സൈന്യവകുപ്പിൽ സമുന്നതമായ സ്ഥാനം ആർതർ അലങ്കരിച്ചു. പന്ത്രണ്ടുവയസ്സു പ്രായമുണ്ടായിരുന്ന റിച്ചാർഡ് എവലിൻ ബെയർട്ട്, ധ്രുവപ്രദേശങ്ങൾ കണ്ടുപിടിക്കുവാൻ അഡ്മിറൽ പിയറി നടത്തിയ ശ്രമങ്ങളെപ്പറ്റി വായിച്ചിരുന്നു. അന്നു് അദ്ദേഹം തന്റെ ഡയറിയിൽ എഴുതി, ധ്രുവം ആദ്യം കാണുന്നതു് താനായിരിക്കുമെന്നു്. അതുപോലെതന്നെ ബെയർട്ട് അനേകവർഷത്തെ പ്രയത്നങ്ങൾക്കുശേഷം ധ്രുവപ്രദേശങ്ങൾ ആദ്യമായി കണ്ടുപിടിച്ചു.

ഇങ്ങനെ ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഉദ്ധരിക്കുവാൻ സാധിക്കും. മഹാന്മാരുടെ ജീവിതം പരിശോധിച്ചാൽ കാണുന്ന ഒരു പരമാർത്ഥമാണു്, അവർ അലങ്കരിക്കുന്ന സ്ഥാനമാനങ്ങൾ ഒന്നോ രണ്ടോ ദിവസംകൊണ്ടു് അവർക്കു കിട്ടിയിട്ടുള്ളതല്ല, പിന്നെയോ സുചിന്തിതങ്ങളായ ആദർശങ്ങളെ അവർ പിഞ്ചെന്നതുകൊണ്ടു് ലഭിച്ചിട്ടുള്ളതാണെന്നു്. ജീവിതാന്ത്യം വിജയകരമാംവണ്ണം പ്രാപിക്കുവാൻ ചില ആദർശങ്ങളെ സ്വീകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ഉന്നതങ്ങളായ ആദർശങ്ങൾ മനുഷ്യരെ മഹാന്മാരാക്കിത്തീർക്കും, തീർച്ചതന്നെ. മാനുഷികബലഹീനതകൾ പരിഹരിക്കുവാനും മഹനീയഗുണങ്ങൾ തൽസ്ഥാനത്തു നട്ടുവളർത്തുവാനും ദൃഢനിശ്ചയം ചെയ്തു അതിൽ പ്രവർത്തിക്കുവാൻ അസാമാന്യമായ ധൈര്യം പ്രകടിപ്പിക്കുന്നതാണു് ജീവിതാദർശനിഷ്ഠ. ഉന്നതങ്ങളായ ആദർശങ്ങളിൽ നിഷ്ഠരായി വർത്തിക്കുന്നവർ മഹാന്മാരായിത്തീരുന്നില്ലെങ്കിൽ അതായിരിക്കും അത്ഭുതം.

ബുദ്ധിജീവിയാണു് മനുഷ്യൻ. അതിനാൽ അവന്റെ ജീവിതം ബുദ്ധിശക്തിയുടെ ഒരു പ്രകടനമായിരിക്കണമല്ലോ. ദൈവം ബുദ്ധിസത്തയും മനുഷ്യൻ ആ ബുദ്ധിസത്തയുടെ സൃഷ്ടിയും ആയിരിക്കയാൽ അവനു് ദൈവനിശ്ചിതമായ ഒരു അന്ത്യം ഉണ്ടു്. കാരണം ബുദ്ധിസത്ത ഒരിക്കലും ഒരു പ്ലാനില്ലാതെ പ്രവർത്തിക്കയില്ല. ഓരോ മനുഷ്യനും ഈ ദൈവനിശ്ചിതമായ അന്ത്യം മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കുന്നതിലാണു് അവന്റെ ജീവിതവിജയം സ്ഥിതിചെയ്യുന്നതു്. എന്നാൽ ഇന്നത്തെ ചില പച്ചപ്പരിഷ്കാരികൾ തങ്ങളുടെ ജീവിതം നയിക്കുന്നതു് എത്രയോ വിചിത്രതരമായ രീതിയിലാണു്! ജീവിതത്തെ ദൈവദത്തമായ ബുദ്ധിവെളിച്ചം നയിക്കുന്നതിനുപകരം ബുദ്ധിവെളിച്ചത്തെ അവരുടെ അന്ധകാരജീവിതം നയിക്കുന്നു!!

നമ്മുടെ ജീവിതത്തെ നയിക്കുന്ന ചില നിയമങ്ങൾ നിശ്ചയിക്കേണ്ടതു് അത്യാവശ്യമാണു്. ആ നിയമത്തിന്റെ അടിസ്ഥാനത്തിന്മേൽ പണുതുയർത്തണം നമ്മുടെ ജീവിതസൗധം. അപ്പോൾ അതു മഹത്വപൂർണ്ണമായിരിക്കും. നമ്മുടെ സ്വാഭാവികനേട്ടങ്ങളിൽ മൂന്നെണ്ണത്തെ നാം നിയമേന ഭരിക്കേണ്ടിയിരിക്കുന്നു; അവ നമ്മുടെ വികാരങ്ങൾ, സംസാരം, പെരുമാറ്റം. ഇവ മൂന്നും കൃത്യം ഒരുപോലെ ആരിലും കാണുകയില്ല. ഇവ മൂന്നും ശരിക്കു നിയന്ത്രിച്ചു വേണ്ടവിധം ഉപയോഗിച്ചാൽ നമ്മുടെ ജീവിതം വിജയിക്കുമെന്നതിനു് പക്ഷാന്തരമില്ല. ഇനിയൊരു മൂന്നു കാര്യങ്ങൾ നമ്മിൽ നട്ടുവളർത്തണം. അതായതു് ധൈര്യവും സ്നേഹവും ശാന്തതയും. ആലോചനാപൂർവ്വം നാം കരുപ്പിടിപ്പിച്ച അഭിപ്രായം വേണ്ടിടത്തു പ്രകടിപ്പിക്കുവാനുള്ള ധൈര്യവും, സ്നേഹത്തിൽ ആത്മാർത്ഥത കാണിക്കുവാനുള്ള ഋജുബുദ്ധിയും, സഹജീവിതങ്ങളെ ശാന്തതയോടെ, സമചിത്തതയോടെ, വീക്ഷിക്കുവാനുള്ള വിശാലമനഃസ്ഥിതിയും നമുക്കുണ്ടാകണം. നമ്മിൽ വളർന്നു വികസിച്ചാൽ പ്രശംസാർഹമാണെന്നുള്ള മൂന്നു ഗുണങ്ങളുണ്ടു്. അവയാണു് മിതവ്യയശീലവും അദ്ധ്വാനാസക്തിയും എന്തിനും എപ്പോഴുമുള്ള സന്നദ്ധതയും. ഇവയെപ്പറ്റി ഓരോ ഗ്രന്ഥംതന്നെയും രചിച്ചാൽ തീരുകയില്ല, അത്രയ്ക്കു വിപുലമാണു് അവയുടെ വ്യാപ്തി.

ക്രൂരതയും കോപശീലവും കൃതഘ്നതയും നമ്മുടെ ജീവിതത്തിൽ നാം വർജ്ജിക്കേണ്ട ദുശ്ശീലങ്ങളാണു്. ഒരു മഹാശയൻ ക്രൂരനും കോപശീലനുമാണെങ്കിൽ അയാളുടെ മഹത്വംകൊണ്ടു് യാതൊരു ഗുണവും ആർക്കും കിട്ടുകയില്ലതന്നെ. ഉള്ളതുകൊണ്ടുള്ള തൃപ്തിയും ആരോഗ്യവും സ്നേഹിതന്മാരും ഉണ്ടാകുവാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി നാം പരിശ്രമിക്കയും ചെയ്യുന്നതിൽ തെറ്റില്ല. സ്ഥാനമാനങ്ങളേയും ബുദ്ധിക്കൂർമ്മതയേയും സൗമനസ്യത്തേയും നാം ആത്മാർത്ഥമായി അഭിനന്ദിക്കണം. കാരണം അതു രണ്ടു വിധത്തിൽ നമ്മുടെ ജീവിതവിജയത്തെ സഹായിക്കുന്നു. മഹാനായ എബ്രാഹം ലിങ്കൺ പറഞ്ഞിട്ടുണ്ടു് ഒരു മഹാൻ നാമും മഹത്വം പ്രാപിക്കാൻ പ്രേരണ നൽകുന്നു എന്നു്. അങ്ങനെ, നമ്മുടെ പ്രശംസ നമ്മിൽത്തന്നെ ആ ഗുണങ്ങൾ വളർത്തുവാൻ പ്രചോദനം നൽകുകയും, ആരെ നാം പ്രശംസിക്കുന്നുവോ ആ ആളിന്റെ കൂടുതൽ സൗമനസ്യം നാം സമ്പാദിക്കയും ചെയ്യും. ആവശ്യക്കാരെ അറിഞ്ഞു സഹായിക്കയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും അർഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പറഞ്ഞവയെല്ലാം നമ്മുടെ ജീവിതാദർശങ്ങളായിരിക്കണം. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതം വിളങ്ങി പ്രകാശിക്കും. എത്ര നാൾ ജീവിക്കുന്നു എന്നതല്ല മഹത്വനിദാനം. പിന്നെയോ എങ്ങനെ ജീവിക്കുന്നു എന്നതാണു്. ഒരു നിമിഷത്തേക്കു മാത്രമാണെങ്കിലും ലോകത്തെ മുഴുവൻ ശോഭായമാനമാക്കിയിട്ടു അസ്തമിച്ചു പോകുന്ന മിന്നൽപിണരുകളാണല്ലോ ലോകാരംഭം മുതൽ ഭൂമിക്കു ഭാരമായി സ്ഥിതിചെയ്യുന്ന പാറകളേക്കാൾ മഹത്വപൂർണ്ണം.

ആഖ്യായിക



# ബറാബാസ്

അദ്ധ്യായം മൂന്നു്

## അന്ധൻ എലിയാസ്സർ

(വി. സി. ജോർജ്ജ് ബി. എ. എൽ.റ്റി.)

അപ്പോൾ പ്രഭാതത്തിനു് ഒരു മണിക്കൂർ മാത്രമുണ്ടായിരുന്നു. പടിഞ്ഞാറെ ചക്രവാളത്തിൽ അർദ്ധേന്ദു ന്യൂനപ്രഭയായി തൂങ്ങിക്കിടന്നു. നക്ഷത്രങ്ങളുടെ പ്രകാശം കുറഞ്ഞു. പൂർവ്വദിക്കിൽ ഒരു വെള്ളപ്പീത്ത മരുഭൂമിയിലെ മണൽത്തട്ടിലേക്കു ഇറങ്ങുന്നതായി തോന്നി. ഇതിന്റെ വെളിച്ചത്തിൽ ബൃഹത്തായ വെള്ളക്കല്ലുകളുടെ ബഹിർരൂപം ദൃശ്യമായിത്തീർന്നു. വമ്പിച്ച കല്ലുകൾ അങ്ങിങ്ങായി മരുഭൂമിയിൽ കിടന്നതു് മനുഷ്യനിർമ്മിതമായ ഉത്തുംഗമന്ദിരത്തെ ഏതോ രാക്ഷസകരം നശിപ്പിച്ച ശേഷം ചെറുകല്ലുകളെ ദൂരെക്കളഞ്ഞിട്ടു് ബാക്കി വീണകിടപ്പിൽ തന്നെ ഇട്ടിരുന്ന പ്രതീതിയുളവാക്കി. വൃക്ഷങ്ങളോ, കുറ്റിച്ചെടികളോ, ശാദങ്ങളോ അവിടെ വളർന്നില്ല. ഇതുതന്നെ മരുഭൂമി.

കിഴക്കുനിന്നു് ഉഷസ്സിന്റെ ശീതളതയോടുകൂടിയ ഇളംതെന്നൽ വീശി. അതാകട്ടെ സഹസ്രാബ്ദങ്ങളിൽ കാറ്റിന്റെ കളിക്കോപ്പായിക്കഴിഞ്ഞ അണുപ്രായത്തിലുള്ള ശിലാശകലങ്ങളെ വഹിച്ചിരുന്നു. ഈ തരികളെ ചിലപ്പോൾ സ്വീകരിക്കുകയും ചിലപ്പോൾ പരിത്യജിക്കുകയും കാറ്റിന്റെ ചിട്ടയാണു്. മൃതിയുടെ ഗന്ധവും സ്വാദുമുള്ള ഈ പൊടിപടലം കാറ്റടിച്ചു് പടിഞ്ഞാറോട്ടു് അസംഖ്യംകാതം നീങ്ങുകയിൽ മാർഗ്ഗമദ്ധ്യേ കാണപ്പെട്ട ഇലകൾ, പുഷ്പങ്ങൾ, കുറ്റിക്കാടുകൾ, പുൽക്കൊടികൾ എന്നിവയെ ധൂസരവർണ്ണത്തിലുള്ള ഉറയിൽ പൊതിയുന്നു. പക്ഷികൾ ചിലയ്ക്കുന്നതോ ആടുമാടുകൾ ശബ്ദിക്കുന്നതോ ഇവിടെ കേൾക്കാറില്ല. ഇരതേടി നടക്കുന്ന കുറുനരിയുടെ കൂക്കലും ബൂകനവുംമാത്രം അവിടത്തെ നിശ്ശബ്ദത ഭഞ്ജിച്ചു.

അനാകർഷകമായ ഈ ശൂന്യസ്ഥാനത്തുകൂടി ചട്ടിച്ചുടന്തി ഒരാൾ പോകുന്നു. മറ്റാരുമല്ല. കാന്ദിശീകനായ എസ്രാതന്നെ. അഴുക്കുനിറഞ്ഞ അയാളുടെ വസ്ത്രം കീറിപ്പറിഞ്ഞു്, ദേഹത്തിനു ചുറ്റും പാറിപ്പറന്നു. വ്രണപ്പെട്ട കാലടികളെ വളരെ ക്ലേശിച്ചുമാത്രം ചലിപ്പിക്കുവാൻ അയാൾക്കു സാധിച്ചു. വൻകല്ലുകൾ നിറഞ്ഞ, ദുർഗ്രഹമായ ആ പ്രദേശത്തു രക്തപൂർണ്ണമായ അയാളുടെ നയനങ്ങൾ സ്ഥലചിഹ്നങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. അഞ്ചു ദിവസം, അഥവാ അഞ്ചുരാത്രി, യെരൂശലേമിൽനിന്നു മരുഭൂമിയിലേക്കു്, തന്നെ രക്ഷിക്കുവാൻ സാധിക്കുന്ന ഏകവ്യക്തിയെ, ബറാബാസിനെ, അന്വേഷിച്ചു അയാൾ സഞ്ചരിക്കുകയായിരുന്നു. ക്ഷുദാർത്തർക്കു് അപ്പവും, ദാസ്യത്തിൽ ആണ്ടവർക്കു് സ്വാതന്ത്ര്യവും, ധിക്കൃതർക്കു് പ്രതികാരവും നൽകുവാൻ ബറാബാസിനുമാത്രം കഴിഞ്ഞു.

എന്നാൽ, എന്താണിനിയും അവിടെയെങ്ങും ആരേയും കാണാനില്ലാത്തതു്? കിഴക്കു് ആകാശം അരുണവർണ്ണം സ്വീകരിച്ചുകഴിഞ്ഞു. വിനാവിളംബം, സൂര്യന്റെ പ്രഥമകിരണങ്ങൾ ആ സികതസാഗരത്തെ പ്രശോഭിപ്പിക്കുകയും ചെയ്യും. ബറാബാസും അനുയായികളും ആക്രമണങ്ങൾക്കായി പശ്ചിമാഭിമുഖം പുറപ്പെടുന്നതു് ഈ സമയത്താണല്ലോ. പാറക്കൂട്ടങ്ങൾ തിങ്ങിക്കണ്ട ഭാഗത്തെത്തിയശേഷം എസ്രാ നിശ്ചലനായി നിലകൊണ്ടു് ശബ്ദം കേൾക്കാനുണ്ടോയെന്നു ശ്രദ്ധിച്ചു. താൻ കൂടെയില്ലാതിരുന്ന നാലാഴ്ചയ്ക്കിടയിൽ ബറാബാസ് അയാളുടെ പാളയം മാറ്റിയോ? അതോ വിദ്വിഷ്ടരായ റോമന്മാർ ബറാബാസിനേയും കൂട്ടരേയും ബന്ധനത്തിലാക്കിയോ? ഇതുവരെ തോന്നാതിരുന്ന ഈ വിചാരം എസ്രായെ അത്യധികം അലട്ടി. അയാളുടെ ബുദ്ധി കറങ്ങി, മുട്ടുകൾ മടങ്ങി, ഉത്തരക്ഷണം അയാൾ നിലത്തു മറിഞ്ഞുവീണു.

പലായനംമൂലം എസ്രാ അത്യധികം ക്ഷീണനായിരുന്നു. പട്ടിണികൊണ്ടു് അർദ്ധപ്രാണനായിത്തീരുകയുംചെയ്തു. പന്ത്രണ്ടുമണിക്കൂർ ഒരുതുള്ളി വെള്ളംപോലും കിട്ടാതെ വിഷമിച്ച അയാളുടെ പീഡിതമായ ബുദ്ധിക്കു തെല്ലും നിരാശ അഭിമുഖീകരിക്കുവാൻ സാധിച്ചില്ല. ഉടൻതന്നെ ബറാബാസിനെ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അയാളുടെ കഥ കഴിഞ്ഞതുതന്നെ. മരിക്കുന്നതുവരെ അവിടെ കിടക്കുകയെന്നു അയാൾ ഉറച്ചു. മരണശേഷം സൃഗാലന്മാർ കാര്യം നോക്കിക്കൊള്ളും. ഈ ചിന്തകൾക്കിടയിൽ അഹസ്സും വന്നു.

എസ്രാ കിടന്ന സ്ഥലത്തുനിന്നു് ഒരു കല്ലേറകലെ ഒരു പാറക്കെട്ടിന്റെ മറവിട്ടിട്ടു് ഒരു വയോവൃദ്ധൻ ഇഴഞ്ഞുവന്നു് ഉദയസൂര്യനെ അഭിമുഖീകരിച്ചു് മുട്ടുകുത്തി ഉച്ചത്തിൽ പ്രാർത്ഥനതുടങ്ങി. ആട്ടിൻതോലുകൊണ്ടുണ്ടാക്കിയ ഒരു ആവരണം അയാളുടെ ദേഹത്തുണ്ടായിരുന്നു പല സ്ഥലത്തും രോമം കൊഴിഞ്ഞതായി കാണപ്പെട്ടു. ചർമ്മനിർമ്മിതമായ തൊപ്പിക്കടിയിൽനിന്നു് നരച്ച മുടിച്ചുരുളുകൾ അയാളുടെ മീശയോടുകൂടിയ മുഖത്തും കഴുത്തിലും തൊട്ടുതൂങ്ങി. കൈകൾ മണലിൽ കഴുകുന്ന ഭാവേന അയാൾ അവയെ താഴ്ത്തി, അനന്തരം നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും സ്പർശിച്ചു് പ്രണാമപൂർവ്വം ആരാധന തുടർന്നു. എസ്രാ എങ്ങനെയോ അയാളെ കണ്ടു.

“എലിയാസ്സർ, എലിയാസ്സർ” എന്നിങ്ങനെ കഷ്ടിച്ചെഴുന്നേറ്റിരുന്ന എസ്രാ വിളിച്ചു.

പ്രാർത്ഥനാമദ്ധ്യേ വിളികേട്ട ഭാവം വൃദ്ധൻ കാണിച്ചില്ല. പ്രാർത്ഥന അവസാനിച്ചപ്പോൾ മുട്ടിന്മേൽനിന്നുകൊണ്ടുതന്നെ പിറകോട്ടുതിരിഞ്ഞു ചോദിച്ചു: “ആരാണവിടെ?” എസ്രായും മുട്ടുകുത്തി വൃദ്ധന്റെ പക്കലേക്കു് കൈയെത്തി. എലിയാസ്സർ എണീറ്റു്, വേച്ചും വഴുതിയും, അനിശ്ചിതമായി അടിവെച്ചു എസ്രായെ സമീപിച്ചു. “എന്റെ പേരുപറഞ്ഞു വിളിക്കുന്നതാരാണു്? ആരെന്നു തിരിച്ചറിയുവാൻ എനിക്കു കഴിയുന്നില്ല.”

“ജെറിക്കോക്കാരൻ എസ്രായാണു്. ബറാബാസ് എവിടെയുണ്ടു്? മറ്റുള്ളവരും? എനിക്കു കുറെ അപ്പവും വെള്ളവും തരുമോ?”

“എസ്രാ, താൻ ഒരേശ്വാസത്തിൽ പല ചോദ്യങ്ങളാണല്ലോ തട്ടിവിടുന്നതു്. തനിക്കു തിന്നുവാനും കുടിക്കുവാനും തരാം. വരൂ. ബറാബാസും അനുയായികളും ജോർഡാൻഭാഗത്തേക്കു മൂന്നു ദിവസം മുമ്പു് പുറപ്പെട്ടു. താനെവിടെനിന്നാണിപ്പോൾ വരുന്നതു്?”

“വിശുദ്ധ നഗരത്തിൽനിന്നു്. റോമന്മാരുടെ തുടൽപൊട്ടിച്ചോടിപ്പോന്നു. അഞ്ചുദിവസമായിട്ടു് വല്ലതും ഒന്നുരണ്ടു കടിക്കാൻ മാത്രമേ ഭക്ഷണം കഴിച്ചിട്ടൊള്ളു.”

“വരൂ” വൃദ്ധൻ ആവർത്തിച്ചു. അയാൾ എസ്രായുടെ കൈക്കുപിടിച്ചു്, വേച്ചും വലിഞ്ഞും നടന്നു. ആ അഭയാർത്ഥിയെ, താൻ പ്രഭാ




Mayor Leather Works
M. O. ROAD, TRICHUR
വിശ്വസനീയമായ രീതിയിൽ
പണിതീർത്ത എല്ലാവിധ
തുകൽസാമാനങ്ങൾക്കും
പ്രസിദ്ധിയാർജ്ജിച്ച
ഞങ്ങളുടെ ഷോപ്പ് സന്ദർശിക്കുക
മാനേജർ

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാംതയ്യൻ)

XI

## എങ്ങനെ വിജയപ്രദമാക്കാം

വൈവാഹികജീവിതത്തിൻെറ ആരംഭവും പുരോഗമനവും സ്നേഹത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. ചില മാസികകളിൽനിന്നും സിനിമകളിൽനിന്നും മററു പല മാർഗ്ഗങ്ങളിലൂടേയും നമ്മൾ മനസ്സിലാക്കുന്നതുപോലെ ലോകം സ്നേഹത്തിൻെറ പിന്നാലെ ഭ്രാന്തുപിടിച്ചോടുകയാണ്. ആധുനികലോകം കാംക്ഷിക്കുന്ന സ്നേഹം യഥാർത്ഥത്തിലുള്ള സ്നേഹമാണോ? അനുഭവങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. അതു യഥാർത്ഥസ്നേഹമല്ല, കേവലം വ്യാമോഹങ്ങളിൽമാത്രം കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ളതാണെന്നു്. പലരും സ്നേഹത്തെ തെററിദ്ധരിച്ചിരിക്കയാണു്. ജഡികാസക്തിയെയാണു് ഇന്നു് പലരും സ്നേഹമായി കണക്കാക്കിപ്പോരുന്നതു്. പുരുഷനു് സ്ത്രീയോടു്, അല്ലെങ്കിൽ സ്ത്രീക്കു് പുരുഷനോടു് സ്വാഭാവികമായുണ്ടാകാവുന്ന ആ ആകർഷണം, അതു സ്നേഹമല്ല. ഈ ആകർഷണത്തെയാണു് ആധുനികലോകം സ്നേഹമെന്നു് കൊട്ടിഘോഷിക്കുന്നതു്. ഈ ആകർഷണശക്തിയാണു് ആയിരക്കണക്കിനാളുകളെ വഷളായ പടങ്ങളിലേക്കും ഡ്രാമകളിലേക്കും ചിലപ്പോൾ വിവാഹത്തിലേക്കും ആകർഷിച്ചുകൊണ്ടിരിക്കുന്നതു്.

സ്നേഹവും ആകർഷണശക്തിയും ദൈവമാണു് മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നതു്. തന്മൂലം ഇവ രണ്ടിനും മനുഷ്യജീവിതത്തിൽ പ്രത്യേകം സ്ഥാനവുമുണ്ടു്. ജഡികാസക്തികൂടാതെ സ്നേഹത്തിനു തനിയെ നിലകൊള്ളുന്നതിനും വർത്തിക്കുന്നതിനും സാധിക്കും. അതിനു തെളിവാണു് നമുക്കു ദൈവത്തോടുള്ള സ്നേഹം, അല്ലെങ്കിൽ മാതാപിതാക്കന്മാരോടുള്ള സ്നേഹം. ഈ സ്നേഹത്തിൽ ജഡികമായ ആകർഷണത്തിനു സ്ഥാനമില്ല. എന്നാൽ സ്നേഹം നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യാത്ത ആകർഷണശക്തി എപ്പോഴും വഴിപിഴച്ചായിരിക്കും പോകുന്നതു്. സ്നേഹവും ജഡികാസക്തിയും ഭാര്യാഭർത്താക്കന്മാരിൽ ഒത്തിണങ്ങി വർത്തിക്കുമ്പോൾ സ്നേഹം ദൈവത്തിൻെറ ദൃഷ്ടിയിൽ പരിശുദ്ധവും അഭികാമ്യവുമായ ഒന്നായിത്തീരുന്നു; ജഡികാസക്തിയാകട്ടെ പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹത്തിൻെറ ഒരു ബഹിർപ്രകടനവും പൂർത്തീകരണവുമായി മാറുന്നു. ന്യൂയോർക്കിൽ വി. പാട്രിക്കിൻെറ ഭദ്രാസനദൈവാലയത്തിൽ വച്ചു് വൈവാഹികജീവിതത്തിൻെറ പരിശുദ്ധിയെസംബന്ധിച്ചു് പ്രസംഗിക്കവെ ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ വിവാഹത്തിനാവശ്യമായ സ്നേഹത്തെക്കുറിച്ചു പ്രതിപാദിച്ചതിങ്ങനെയാണു്: "ആധുനികലോകത്തിൽ പല സ്ത്രീപുരുഷന്മാരും തങ്ങളുടെ നന്മയെക്കാൾ കൂടുതലായി വിവാഹംകൊണ്ടു് ഉദ്ദേശിക്കുന്നതു് തങ്ങളുടെ ജഡികാസക്തിയുടെ സംതൃപ്തിയാണു്. തന്മൂലം അവർ സ്നേഹത്തെക്കാൾ കൂടുതലായി ശാരീരികമായ ആകർഷണത്തിനു് പ്രാധാന്യം കല്പിക്കുന്നു. അതുകൊണ്ടാണു് അനവധി വിവാഹശൈഥില്യങ്ങൾ ഇന്നു് ഉളവായിക്കൊണ്ടിരിക്കുന്നതു്. ജഡികമായസ്നേഹം ദൈവികസ്നേഹത്തോടടുക്കുന്നതിനു ചാരിവച്ചിരിക്കുന്ന കോവണിയുടെ ഒരു ചവിട്ടുപടിയാണു്. അതു് ലക്ഷ്യപ്രാപ്തിക്കുള്ള ഒരുപാധിമാത്രമേ ആകുന്നുള്ളു. ശാരീരികപ്രവണതകൾക്കുവേണ്ടിയുള്ള സ്നേഹം ദമ്പതികളുടെ നന്മക്കുപകരിക്കുന്ന പരസ്പരസ്നേഹത്തിലേക്കു് അവരെ ആനയിക്കുന്നില്ല." മെത്രാൻ തുടരുകയാണു്: "The modern world thinks of love only in terms of Eros. Eros is made an end of iving."

സ്ത്രീയുടെ സൗന്ദര്യവും പുരുഷൻെറ പൗരുഷവും വിവാഹജീവിതത്തിൻെറ ആരംഭത്തിൽ ദമ്പതികൾ പരസ്പരം ആകർഷിക്കപ്പെടുന്നതിനും അവരുടെ സ്നേഹം പ്രാവർത്തികമാക്കുന്നതിനുമായി ദൈവം അവർക്കു നൽകിയിട്ടുള്ള അനുഗ്രഹമാണു്. അതു വളരെ കാലത്തേക്കു് നീണ്ടുനിന്നെന്നുവരികയില്ല. വിവാഹജീവിതത്തിൻെറ പ്രഥമവും പ്രധാനവുമായ ഉദ്ദേശസിദ്ധിവരെ, സന്താനോല്പാദനം വരെ, അതു നീണ്ടുനിന്നെന്നു വന്നേക്കാം. അതിനുശേഷം ജീവിതവൈരാഗ്യവും അസംതൃപ്തിയും അവരിൽ സ്വാഭാവികമായി ഉളവാകേണ്ടതാണു്. എന്നാൽ അതിസ്വാഭാവികമായ ഏതോ ഒരു ശക്തിയുടെ പ്രവർത്തനത്താൽ അവർ കൂടുതൽ ഉന്മേഷഭരിതരായിത്തീരുന്നു. സൗന്ദര്യവും പൗരുഷവും നശിച്ചാലും പരസ്പരം കൂടുതൽ ആകൃഷ്ടരായി ഭവിക്കുകയും ചെയ്യുന്നു. ഇതിനവരെ പ്രേരിപ്പിക്കുന്ന അജ്ഞാതശക്തി അവരിൽ കുടികൊള്ളുന്ന യഥാർത്ഥസ്നേഹമല്ലാതെ മററൊന്നുമല്ല. ദമ്പതികളിൽ ഈ സ്നേഹം സദാ പ്രവർത്തിച്ചുകൊണ്ടിരുന്നില്ലെങ്കിൽ കാലം ചെല്ലുംതോറും അവരിൽ സ്വാഭാവികമായി അസംതൃപ്തിയും ജീവിതവൈരാഗ്യവും, വിവാഹജീവിതത്തിലെ കടമകൾ നിറവേററുന്നതിൽ വിമുഖതയും പ്രത്യക്ഷപ്പെടും.

വൈവാഹികജീവിതത്തിൽ യഥാർത്ഥമായ സ്നേഹത്തിൻെറ ഒരു പ്രത്യക്ഷലക്ഷണമാണു് ദാമ്പത്യവിശ്വസ്തത. ഈ വിശ്വസ്തതക്കു ഭംഗംവരുത്തുന്നവർ തങ്ങളുടെ തെററിനെ മറയ്ക്കുന്നതിനു വെമ്പൽ കൊള്ളുന്നു. വിശ്വസ്തത അഭംഗം പാലിക്കുന്നവർ അവിശ്വസ്തതയെ ഒരു വലിയ തെററായി, പാപമായി, കണക്കാക്കുന്നു. ഇന്നു് ദാമ്പത്യവിശ്വസ്തത ഭഞ്ജിക്കപ്പെടുകയെന്നുള്ളതു് പല സ്ഥലങ്ങളിലും സാധാരണമായിത്തീർന്നിട്ടുണ്ടു്. സമുദായങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ധൂമകേതുവാണതു്. അവിശ്വസ്തത വിജയപ്രദമായ വിധത്തിൽ മറച്ചുവച്ചാലും, ലജ്ജയില്ലാതെ പരസ്യമായി പ്രകടിപ്പിച്ചാലും ഒരു കാര്യം തീർച്ചയാണു്; ഭാര്യാഭർത്താക്കന്മാർ ഭയത്തോടും വെറുപ്പോടുംകൂടി ഒഴിഞ്ഞുമാറേണ്ട ഒരു ഭയങ്കര തിന്മയാണതു്. കാരണം, അതു് ദൈവികമായ ഒരു ശക്തിയുടെ അവഹേളനമാണു്, തന്മൂലം വ്യഭിചാരപരമായ ഒരു പാപമാണു്. മാത്രമോ, കുടുംബജീവിതത്തിൻെറ പരിശുദ്ധിയേയും സമാധാനത്തേയും അതു് ഹനിക്കുന്നു. അനീതിപരമായ ഈ വഞ്ചനമൂലം തങ്ങളുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിരിക്കുന്ന സന്താനങ്ങളെ വഞ്ചിക്കുന്നു. ഇങ്ങനെ മനുഷ്യവംശത്തിൻെറ അടിത്തറമാന്തുന്ന ഒരു നശീകരണപ്രസ്ഥാനമായി അവിശ്വസ്തത രൂപമെടുക്കുന്നു.

---

തവന്ദനത്തിനായി എവിടെനിന്നിറങ്ങിവന്നുവോ ആ പാറകൾക്കിടയിലേക്കു നയിച്ചു പൊക്കം കുറഞ്ഞിടുങ്ങിയ ഒരു വഴി, ഒരു ഗുഹ—ഏലിയാസ്സരുടേയും അയാളുടെ ആടുകളുടേയും വാസസ്ഥലം — ലക്ഷ്യമാക്കിയുള്ളതായിരുന്നു. മൃഗത്തോലികൊണ്ടുണ്ടാക്കിയ ശയ്യ ഒരു മൂലയിൽ കാണാമായിരുന്നു. തുകൽജലസഞ്ചികളും മൺപാത്രങ്ങളും പാചകോപകരണങ്ങളും തറയിൽ നിരന്നുകിടന്നു. ഒരു വലിയ കുടത്തിൽ ആട്ടിൻപാൽ സൂക്ഷിച്ചിരുന്നതു് കൽതളിരത്തിനടിയിൽനിന്നെടുത്തു് ഏലിയാസ്സർ എസ്രാക്കു നൽകി. എസ്രാ അതു മുഴുവനും ഊററിക്കുടിക്കുകതന്നെ ചെയ്തു. അനന്തരം ഒരു വട്ടയപ്പം രണ്ടായിട്ടു മുറിച്ചു വലിയമുറിയും എസ്രാക്കു കൊടുത്തു. ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ഉണക്കിറച്ചിയിൽനിന്നു് ഒരു വലിയ കഷണം പിടിയില്ലാത്ത ഒരു കത്തികൊണ്ടു് കണ്ടിച്ചു അതും നൽകി. "രണ്ടു കല്ലെടുത്തു അതു പൊടിക്കുകതന്നെ വേണം. ഈ സ്ഥിതിയിൽ അതു ചവച്ചിറക്കുവാൻ സാദ്ധ്യമല്ല. വെള്ളത്തിൻെറ കാര്യം, ആടുകളെ അരുവിയിങ്കലേക്കിറക്കിക്കഴിഞ്ഞിട്ടേ വെള്ളം തരികയൊള്ളു. താൻ എന്നോടുകൂടി പോരുന്നില്ലെങ്കിൽ ഞാൻ തുകൽപ്പാത്രത്തിൽ വെള്ളം ഇങ്ങോട്ടു കൊണ്ടുവന്നുതരാം. അതോ എൻെറകൂടെ വരുന്നോ? അരുവിയിലേക്കു കുറേദൂരമുണ്ടല്ലോ."

കല്ലുപോലെ കട്ടിയിരുന്ന അപ്പം എസ്രാ ചവച്ചുതുടങ്ങി. പിന്നീടയാൾ ശയ്യയിൽ മറിഞ്ഞുവീണു. "ഉറങ്ങണം, എനിക്കൊങ്ങിയേ കഴിയൂ" എസ്രാ പറഞ്ഞു.

"തൻെറ ഇഷ്ടംപോലെ ആയിക്കോ."

(തുടരും)

---

## "കന്യക"

(11-ാംപേജു് തുടർച്ച)

വിതം നയിക്കുന്ന ഒരു യുവതിയാണു് "കന്യക"യിൽ പ്രത്യക്ഷപ്പെടുന്നതു്. അവൾ തൻെറ നൈരാശ്യംനിറഞ്ഞ പരിതസ്ഥിതിയെപ്പററി നീണ്ടമായി സംസാരിക്കുന്നു. വിവാഹജീവിതത്തേയും ഭാര്യാപദത്തേയും, കുടുംബകാര്യങ്ങളേയുംപററി ചിന്തിക്കുമ്പോൾ അവളുടെ ഉയർന്ന ഉദ്യോഗവും ഉന്നതബിരുദങ്ങളും അവൾക്കു നിരാജനകമാണു്. എന്തിനേറെ, അവളുടെ മാതാപിതാക്കളുമായി നടത്തുന്ന വാഗ്വാദങ്ങൾപോലും ആരെയും അമ്പരപ്പിക്കുകതന്നെ ചെയ്യും.

എന്നാൽ അതേസമയം സിസ്റ്റർ അൽഫോൻസയിൽ കാണുന്നതെന്താണു്? വിവാഹജീവിതത്തേയും അതിൽ തനിക്കനുഭവിക്കാവുന്ന സുഖങ്ങളേയും അവൾ പാടേ ത്യജിക്കുന്നു. അതിനായി നിർബന്ധിച്ച തൻെറ രക്ഷാകർത്താക്കന്മാരോടും സഹോദരങ്ങളോടും ഒരു ധീരസമരംതന്നെ നടത്തുന്നു. തൻെറ വിസമ്മതം ആരും വകവയ്ക്കുന്നില്ലെന്നു കണ്ടപ്പോൾ സ്വയം അഗ്നികുണ്ഡത്തിലേക്കു കാലുവയ്ക്കുവാൻതന്നെ നിശ്ചയിക്കുന്നു. ഈ സംഭവം അവർതന്നെ പറയുന്നതു കേട്ടാലും: "പതിമൂന്നു വയസ്സുള്ളപ്പോൾ കല്യാണം നിശ്ചയിച്ചു. ആഭരണങ്ങൾ പണിയും ധൃതിയിൽ ആരംഭിച്ചു. അമ്മ നിർബന്ധമായി. എനിക്കൊരു ബുദ്ധിതോന്നി; എൻെറ ദേഹത്തിൽ എന്തെങ്കിലും വൈരൂപ്യം സംഭവിച്ചാൽ എന്നെ ആർക്കും വേണ്ടെന്നു പറയുമല്ലോ. രാത്രി മുഴുവൻ ഞാൻ പ്രാർത്ഥിച്ചു. വീടിൻെറ ഒരുവശത്തു് കൊയ്ത്തുകഴിഞ്ഞു് പതിരെല്ലാം ഒരു കുഴിയിൽ കൂട്ടിയിട്ടു തീകൊടുത്തിട്ടുണ്ടു്. ഞാൻ രാവിലെ എഴുന്നേററു അവിടെച്ചെന്നു. അതിൻെറ വക്കത്തുനിന്നുകൊണ്ടു് ഒരു കാൽ ഉമിത്തീയിലേക്കുവച്ചു. പെട്ടെന്നു കാൽ താഴുകയാൽ ഞാൻ അതിനകത്തു ചാടി. മുട്ടോളം താണു.... വിവരമറിഞ്ഞ ഉടൻ എല്ലാവരും ഓടിയെത്തി." ഇങ്ങനെ പോകുന്നു ആ സംഭവം. അതേ, അവൾ തൻെറ കന്യാത്വസംരക്ഷണത്തിനായി ഒരേഒരു മാർഗ്ഗമേ കണ്ടുള്ളു; അതു പ്രവൃത്തിയിലുമാക്കി. അങ്ങനെ കൈവന്ന വിജയത്തിൽ അവൾ ആത്മാർത്ഥമായി സന്തോഷിക്കുകയും ദൈവസന്നിധിയിൽ കൃതജ്ഞത സമർപ്പിക്കുകയും ചെയ്തു.

ഇനിയും കൃഷ്ണപിള്ള ഉന്നയിക്കുന്ന "കന്യക"യുടെ ജീവിതം കടുത്ത നിരാശയുടെയും അതിരുകടന്ന അസൂയയുടെയും വിളയാട്ടമാണു്. മററുള്ളവരുടെ സൗഭാഗ്യത്തിൽ സന്തോഷിക്കുവാൻ അവൾക്കു കഴിയുന്നില്ല. തൻെറ അനുജത്തിയുടെ കുഞ്ഞിൻെറ ഫോട്ടോ വെറുപ്പോടെ വലിച്ചെറിയുന്നു. എന്നാൽ ഒരു സന്യാസിനിയെ സംബന്ധിച്ചിടത്തോളം യാതൊരു ശിശുവും അവളുടെ വെറുപ്പിനു കാരണമല്ല. എല്ലാ ശിശുക്കളും അവളുടെ സ്വന്തമാണു്. ഒരു കുടുംബത്തിൻെറ നാലു ഭിത്തികൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഒരു മാതൃത്വമല്ല അവളുടേതു്. അതു വിശ്വവ്യാപകമാണു്. അവൾ ലോകമഹാകുടുംബത്തിലെ മാതാവാണു്. തന്മൂലം എല്ലാ ശിശുക്കളും അവളുടെ സ്നേഹത്തിനു പാത്രമാണു്. അവർക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ അവൾ തയാറാണു്. ഇതിൻെറ ഒരു ബഹിർസ്ഫുരണമാണു് ഇന്നത്തെ അനേകം അനാഥമന്ദിരങ്ങളും ആതുരശാലകളും.

വീണ്ടും മി. കൃഷ്ണപിള്ളയുടെ "കന്യക" വിവാഹിതരായ അവളുടെ സഹോദരിയെയും വേലക്കാരിയെയും, തന്നെയല്ല സ്വന്തം മാതാപിതാക്കളെപ്പോലും വെറുക്കുകയും അവർക്കു് എന്തെങ്കിലും ആപത്തുണ്ടാകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ കുടിലചിന്തയുടെ ഫലമായിട്ടാണല്ലോ താൻ ഒരിക്കൽ പ്രാണനെപ്പോലെ സ്നേഹിച്ചിരുന്ന സ്വന്തം സഹോദരിയെ തീരാദുഃഖത്തിലാഴ്ത്തുവാൻ അവളെ പ്രേരിപ്പിച്ചതു്. അതേ, സ്വസഹോദരി ഭർതൃരഹിതയായി ക്ലേശിക്കുന്നതു കാണുവാൻ പൈശാചികമായ ഒരു ശക്തി അവളെ പ്രേരിപ്പിച്ചു. എന്നാൽ ഒരു സന്യാസിനിയുടെ ശാന്തസുന്ദരമായ കന്യകാജീവിതത്തിലേക്കൊന്നു കണ്ണോടിച്ചാൽ എന്താണു കാണുക? അവൾ കുടുംബജീവിതത്തിൽ പ്രവേശിക്കുന്നവരെ ഒരിക്കലും വെറുക്കുകയോ ശപിക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല അവരെ അഭിനന്ദിക്കുന്നു. ശിശുപരിപാലനം, പാചകവിധി, സുന്ദരകലകൾ തുടങ്ങി കുടുംബജീവിതവിജയത്തിനാവശ്യമായ ശിക്ഷണം നൽകുന്നതിനായി പല വിദ്യാലയങ്ങളിലും അവർ നിരന്തരം സേവനം ചെയ്യുന്നു.

ഇനിയും ഈ "കന്യക"യിലെ കന്യകയിൽ ഉഗ്രനൈരാശ്യവും പരാജയബോധവും അസഹ്യതയും സർവ്വോപരി അസൂയയും പ്രതികാരബുദ്ധിയും നിറഞ്ഞുനില്ക്കുന്നു. അവൾ ഒടുവിൽ തൻെറ ഉദ്ദേശ്യസാദ്ധ്യത്തിനായി തൻെറ പൂണമൊരുമിച്ചു വീട്ടുവിട്ടിറങ്ങുന്നു. അതും ആ സാധുവിനെ അവളുടെ ഉഗ്രശാസനകൾക്കടിപ്പെടുത്തിയും ഒരു പാവപ്പെട്ട ഭാര്യയെ അനാഥയാക്കിയുംകൊണ്ടു്. എന്നാൽ നാം മുമ്പു കണ്ട കന്യകയുടെ, സിസ്റ്റർ അൽഫോൻസയുടെ മാതൃക ഏതു വിധമെന്നു നോക്കുക! അവളുടെ ഭർതൃപദം കാംക്ഷിച്ചുവന്ന യുവാക്കന്മാരെ നിർബന്ധപൂർവ്വം ഉപേക്ഷിക്കയാണുണ്ടായതു്. അവളുടെ സന്യാസസഭാപ്രവേശനാനന്തരം പോലും നീണ്ടുനില്ക്കത്തക്കവണ്ണം അത്ര ശക്തിമത്തായിരുന്നു അവരുടെ അഭിലാഷങ്ങൾ. ഇതുപോലുള്ള അനേകം സംഭവങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെന്നുകൂടി നാം ഓർക്കേണ്ടതുണ്ടു്. ഇതുകൊണ്ടൊന്നും ഒരു സന്യാസിനിയിൽകളിയാടുന്ന പ്രശാന്തതയും സമാധാനവും സംതൃപ്തിയും യാതൊരുത്തർക്കും നശിപ്പിക്കുവാൻ കഴിയുന്നതല്ല.

ഒടുവിലായി, പ്രസ്തുത ഗ്രന്ഥത്തിലെ കഥാനായികയായ "കന്യക"യുടെ ഉള്ളിൽ കുടുംബജീവിതത്തിനുള്ള ആഗ്രഹമാകുന്ന അഗ്നി ആളിക്കത്തിക്കൊണ്ടിരുന്നെങ്കിൽ, ഒരു സന്യാസിനിയിൽ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നി ദൈവസ്നേഹം മാത്രമാണു്. മി. കൃഷ്ണപിള്ളയുടെ കന്യകക്കു് മനഃശാന്തി ലഭിക്കുവാൻവേണ്ടി നടത്തിയ ഈശ്വരഭജനവും കഠിനാദ്ധ്വാനവും കൂടുതൽ അസ്വസ്ഥതക്കാണു കാരണമാക്കിയതെങ്കിൽ ഒരു സന്യാസിനിയുടെ സൗഭാഗ്യം അവളുടെ പ്രാർത്ഥനകളിലും അതിനോടനുബന്ധിച്ച ജോലികളിലുമാണെന്നോർക്കേണ്ടതാണു്. അവൾ ഒരിക്കലും ആകുലാധീനയല്ല. സദാ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി അനുദിനകൃത്യങ്ങൾ ഏററം കൃത്യമായി നിർവഹിക്കുവാൻ അവൾ പരിശ്രമിക്കുന്നു. ഈ നാടകത്തിലെ "കന്യക"യിൽ പുകഞ്ഞുകൊണ്ടിരുന്ന ആ അഗ്നിപർവ്വതം പൊട്ടിപ്പുറപ്പെട്ടു് ചുററുമുള്ളവരെക്കൂടി നാശത്തിലേക്കു നയിക്കുന്നതായി നാം കാണുന്നു. എന്നാൽ ഒരു സന്യാസിനിയിൽ നിറഞ്ഞുതുളുമ്പുന്ന ദൈവസ്നേഹം മററുള്ളവരെക്കൂടി സൗഭാഗ്യത്തിലേക്കാനയിക്കുവാൻ പര്യാപ്തമാണു്. അവളുടെ സമാധാനപൂർണ്ണമായ ജീവിതം അസംതൃപ്തരും ക്ലേശപൂർണ്ണരുമായ പലർക്കും ശാന്തിയുടെയും സമാശ്വാസത്തിൻെറയും സന്ദേശമായിട്ടാണനുഭവപ്പെടുക.

ഒരു വാക്കുകൂടി. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ഒരിക്കൽ പറഞ്ഞ സംഗതി എൻെറ ഓർമ്മയിൽ വരുന്നു. "കുഷ്ഠരോഗികളെ ശുശ്രൂഷിച്ച ഒരു ഫാദർ ഡാമിയനെ നമുക്കറിയാം. എന്നാൽ ലോകത്തിൻെറ നാനാഭാഗങ്ങളിലായി ഇതുപോലുള്ള അനേകം ഡാമിയന്മാർ അജ്ഞാതരായി സേവനമനുഷ്ഠിക്കുന്നു." ഒരുത്തമ ത്യാഗിനിയായ ഒരു സിസ്റ്റർ അൽഫോൻസയിൽ നാം അഭിമാനംകൊള്ളുന്നു. എന്നാൽ ഇന്നു ലോകത്തിൻെറ വിവിധഭാഗങ്ങളിലായി നമുക്കജ്ഞാതരായി എത്രയോ മനസ്വിനികളായ കന്യകകൾ പരിത്യാഗപൂർണ്ണമായ ജീവിതം നയിക്കുന്നുണ്ടു്? കേവലം അയഥാർത്ഥവും അവഹേളനാർഹവുമായ ഈ സാഹിത്യവ്യവസായം മാന്യ ലേഖകന്മാർ കൈവെടിയണമെന്നു് ദുർബലമായ ഒരു വിഭാഗത്തിൻെറ പേരിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

(2-ാംപേജ് തുടർച്ച)

നിവ്വഹിക്കുന്നതു്. ഈ അവസ്ഥയിൽ നിങ്ങളെ സഹായിക്കാൻ ഞാനശക്തനാകയാൽ വ്യസനിക്കുന്നു. നിങ്ങൾ ദൈവത്തിലാശ്രയിക്കുക. പിതാവായ അവിടുന്നു നമ്മെ കൈവിടുകയില്ലാ."

ഇത്രയും പറഞ്ഞുതീരുന്നതിനു മുമ്പായി, "അയ്യോ! എനിക്കുതെററു പററിപ്പോയി. അവിടുന്നു ശെമ്മാശ്ശനോ? പിന്നെ എന്താ ഈ വേഷത്തിൽ?" അവളെന്നോടു ചോദിച്ചു.

"ഞങ്ങളുടെ സെമ്മിനാരിയിൽ സാധാരണമായി തത്വശാസ്ത്രം കഴിഞ്ഞതിനു ശേഷമേ ളോവ കൊടുക്കൂ. അതുവരെ ഈ വേഷമാണു്. ഈസ്റ്റർ പ്രമാണിച്ചുള്ള അവധിക്കു വന്നതാണു് ഞാനിവിടെ."

ഞാൻ ചോദിച്ചു: "ഇങ്ങനെയാകാൻ കാരണമെന്താ?"

"ബ്രദർ!, എനിക്കതു സ്മരിക്കുവാൻപോലും വയ്യാ. അയ്യോ, എന്റെ മനപ്രയാസങ്ങൾ . വദ്ധിക്കുന്നു."

"ക്രൂശിതനായ ഈശോയെപ്രതി സമാധാനിക്കൂ! അങ്ങുന്നയക്കുന്ന കുരിശുകളെല്ലാം നമ്മുടെ നന്മയ്ക്കുമാത്രമാണു്." ഞാൻ സാന്ത്വനപ്പെടുത്തി: "അതാ, നോക്കൂ! മുററത്തുനില്ക്കുന്ന ആ മുല്ലച്ചെടിക്കു സമീപെയുള്ള കണ്ടകാവൃതമായ പനിനീർച്ചെടിയെ. അതിനിങ്ങനെ മുള്ളുകളില്ലായിരുന്നുവെങ്കിൽ ഇത്ര മനോഹരമായ ഒരു പുഷ്പമണിയുന്നതിനു അതിനു കഴിയുമായിരുന്നോ?"

"ശെമ്മാശാ", അവൾ തുടന്നു: "അന്നു ഞാൻ മഹാരാജാസ്സ് കോളേജിൽ പഠിക്കുകയായിരുന്നു. ലോകത്തിന്റെ മറിമായങ്ങളെക്കുറിച്ചു് അധികമൊന്നുമറിയാത്ത എന്നെ ആത്മാത്ഥതയില്ലാത്ത ലോകം ഈവിധത്തിൽ അധഃപതിപ്പിച്ചു."

"ആങ്ഹാ! അതെന്താ?"

"ബ്രദർ, അതൊരു നീണ്ട സ്റ്റോറിയാണു്. അതെ, എന്നെ ജീവിക്കാൻ പഠിപ്പിച്ച സംഭവകഥ. സുഭിക്ഷമായി കഴിഞ്ഞുകൂടിയിരുന്ന ഒരു തറവാട്ടിലാണു് ഞാൻ ജനിച്ചതു്. എന്റെ അപ്പനമ്മമാർ—അവരുടെ ഏകപുത്രിയെ ജീവനെക്കാൾ സ്നേഹിച്ചുവളത്തി. അവരുടെ ലാളനയ്ക്കു് ലഭിച്ച പ്രതിഫലം തീരാത്ത ഹൃദയവേദനയും തോരാത്ത അശ്രുധാരയും.

"രാജൻ എന്നു വിളിക്കപ്പെട്ടിരുന്ന ജോസ്സ് എന്റെ സഹപാഠിയായിരുന്നു. ആൾ ബഹുസരസൻ. അവന്റെ പൂപുഞ്ചിരിയിലും ചക്കരവാക്കിലും കാളകൂടം പൊതിഞ്ഞുവച്ചിരുന്നു. ഈ അബല അവനെ വിശ്വസിച്ചുപോയി!

"എന്റെ ദൂഷിച്ച ഉദ്യമത്തിൽ നിന്നു് എന്നെ പിൻതിരിക്കാൻ വേണ്ടപ്പെട്ടവരെല്ലാം പരിശ്രമിച്ചു. കൂട്ടുകാരെല്ലാംതന്നെ പ്രതിഷേധം പ്രകടിപ്പിച്ചു. അപഹസിച്ചു. അവരുടെ അപഹാസധോരണിയിൽ നശിച്ചുപോകുവാൻ അത്ര തണുത്തതല്ലായിരുന്നു എന്റെ പ്രേമം.

"അടിച്ചുവഴിക്കു പോയില്ലെങ്കിൽ പോയവഴിക്കു് അടിക്കുകയെന്ന ന്യായേന എന്റെ മാതാപിതാക്കന്മാർ വേദനയോടെയെങ്കിലും എന്നെ കൈവിട്ടു.

"ഞങ്ങളുടെ വിവാഹവും കഴിഞ്ഞു. ഞാനോക്കുന്നു ആ മുഹൂത്തം—ദൈവസന്നിധിയിൽ വൈദികന്റെ മഹനീയസാന്നിദ്ധ്യത്തിൽ ഞങ്ങൾ ഇടത്തും വലത്തും നിന്നുകൊണ്ടു് കൈകൾ പിടിച്ചു് പരസ്പരം ബന്ധിതരായ ആ അപൂവ്വമുഹൂത്തം. ഞങ്ങളങ്ങനെ ദാമ്പത്യജീവിതത്തിന്റെ രംഗത്തിലേക്കു മാറി.

"പക്ഷേ, കാലം കുറെ ചെന്നപ്പോൾ മനസ്സിലായി അയാൾ സംസ്കാരചിത്തനല്ലെന്നു്. ആദ്ധ്യാത്മികചൈതന്യം തെല്ലും വീശാതിരുന്ന ആ അധഃപതിച്ച മനുഷ്യന്റെ ഗവ്വ് അയാളെ ദൈവികചിന്തയിൽനിന്നും ഭ്രഷ്ടതയിൽ കൊണ്ടുതള്ളി!!

"അയാൾക്കറിവില്ലായിരിക്കും അശുദ്ധമായ വികാരങ്ങളോടുകൂടിയുള്ള സൗന്ദര്യാരാധന വിഗ്രഹാരാധനയാണെന്നു്. അതു ഗംഭീര പാപത്തിലേക്കു മനുഷ്യാത്മാവിനെ തള്ളിയിടുമെന്നു്.

"എന്റെ കത്തവ്യം ഞാൻ അനുഷ്ഠിച്ചു. പൈശാചികശക്തിയോടു പോരാടി വിജയം കൈവരിച്ച പുണ്യാത്മാക്കളുടെ ചരിത്രം ഞാനയാളുടെ മുമ്പിൽ നിരത്തിവച്ചു. മാതൃകാപരമായ ജീവിതത്തിൽ ഞാൻ കൂടുതൽ ശ്രദ്ധിച്ചു. ഒരു സ്ത്രീക്കു കഴിയുന്ന കൗശലങ്ങളെല്ലാം പ്രയോഗിച്ചുനോക്കി. ഒന്നുകൊണ്ടും ഫലമുണ്ടായില്ല അയാളുടെ ഹൃദയം പിശാചിനു് അത്രയ്ക്കും അടിയറയായിരുന്നു."

അവളവനെപ്പററി അതുമിതും പറഞ്ഞുകൊണ്ടുനില്ക്കുമ്പോൾ "നാരങ്ങാ, മധുരനാരങ്ങാ" എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് അടുത്ത റോഡിൽക്കൂടി വന്ന ബാലൻ ഇതേതുമറിയാതെ സിനിമാപാട്ടുംപാടി മുന്നോട്ടു നടക്കുകയാണു്:

"കാലചക്രമിതു തിരിയുകയാണൊരു
കാലവുമെങ്ങും നില്ക്കാതെ
സുന്ദരമാക്കുക കുടുംബജീവിതം
ഉന്നതകലയാണതു ലോകേ."

പാട്ടുകേട്ടിട്ടോ, നാരങ്ങായ്ക്കുവേണ്ടിയോ ആ പിഞ്ചുകുഞ്ഞു് അങ്ങോട്ടൊന്നെത്തിനോക്കി. അവളൊന്നു നെടുവീപ്പിട്ടു. ആ ദീർഘനിശ്വാസത്തിൽ മാച്ചാലും മായാത്ത ആയിരം സ്മരണകൾ തങ്ങിനില്പുണ്ടായിരുന്നു, പുൽക്കൊടിത്തുമ്പിലെ മഞ്ഞുതുള്ളിപോലെ.

കുടുംബം ഹാ! പാവനമായ ആ ബന്ധത്തിൽ ഇത്തിക്കണ്ണി പിടിപ്പിക്കരുതു്. അതു ലോകത്തിന്റെ അടിത്തറയാണു്. കുടുംബങ്ങൾ ചേന്നു ഗ്രാമം, ഗ്രാമങ്ങൾ ചേന്നു ഫക്കാ, അങ്ങനെ ജില്ലാ, സംസ്ഥാനം, രാഷ്ട്രം, ലോകം തന്നെ ഉത്ഭവിക്കുന്നു. അതിന്റെയെല്ലാം അടിയിൽ കാണുന്നതു കുടുംബത്തെയാണു്.

ഒരിളംതെന്നൽമൂലം തോളിൽ നിന്നു വീണ സാരി ശരിപ്പെടുത്തിക്കൊണ്ടു് അവൾ പറയുകയാണു്: "ഒരുദിനം ഭത്താവു്—രാജൻ—പറഞ്ഞു, നമുക്കു ജീവിതം ഇതിലും സുഖപ്രദമായിത്തീരണമെങ്കിൽ ഒരു നല്ല ഉദ്യോഗംവേണം. ജോലിക്കായി ഞാനെഴുതിയിരുന്നു. മറുപടിയും കിട്ടിക്കഴിഞ്ഞു. കണ്ണൂരാണു സ്ഥലം. പരമസുഖമാണവിടെ. അടുത്തയാഴ്ച അവിടേക്കു പുറപ്പെടാൻ തയാറായിരുന്നുകൊള്ളണമെന്നു്.

"നാടും വീടും സവ്വതും വെടിയണമെന്നു്; സ്നേഹംനിറഞ്ഞ മാതാപിതാക്കളെ പിരിയണമെന്നു്; ഒരു മറുനാടൻ പ്രദേശത്തു പോകണമെന്നു്; ഞാൻ ആകപ്പാടെ വിഷമിച്ചു.

"എങ്കിലും യൗവ്വനം ഏതു സാഹസത്തിനാണു വഴിപ്പെടാത്തതു്? ......എല്ലാംഞാനുപേക്ഷിച്ചു. അയാളുടെ പിന്നാലെപോയി. എല്ലാവരേയും ഞാൻ വെടിഞ്ഞു.... ഈശോ! ഞാൻ ചെയ്ത ഈ മഹാപരാധത്തിനു് മാപ്പുലഭിക്കുമോ?"

അവളുടെ നയനങ്ങളിൽ പിറകെട്ടിനിന്നിരുന്നതു് പൊട്ടി കവിൾത്തടങ്ങളിലൂടെ ഒഴുകി. പാറിവന്ന പക്ഷി മുററത്തുനിന്നിരുന്ന മധുരനാരകത്തലിരുന്നു. രണ്ടു പഴുത്ത നാരങ്ങ അടന്നുവീണു. പ്രകൃതിദേവി അവർക്കു നൽകിയ സമ്മാനം. ഒരു പുഞ്ചിരിയോടുകൂടി അവനതെടുത്തു പൊളിച്ചു.

"കരയാതെ, എന്നിട്ടോ?" ഞാൻ ചോദിച്ചു.

"മൂന്നുകൊല്ലം ഞങ്ങൾ കണ്ണൂരിൽ ജീവിച്ചു. എനിക്കു മനസ്സിലായി എന്റെ പ്രാണപ്രിയന്റെ "തനിനിറം". അയാളുടെ പുഞ്ചിരിപ്പുക്കളുടെ ഇടയിൽ ഉറങ്ങിക്കിടന്നിരുന്ന അണലിപ്പാമ്പ് അപ്പോഴാണു പത്തിവിടത്തിയതു്. അവൻ ഒരു കമ്മ്യൂണിസ്റ്റുകാരനായി.

"കമ്മ്യൂണിസ്റ്റുകാരൻ, വഞ്ചനയുടെ വേറൊരു പര്യായമാണതു്. പവിത്രതയുടെ നിറകുടവുമേന്തിവരുന്ന പഥികവൃന്ദങ്ങളെ കാൽതട്ടി വീഴിക്കുന്ന വഴിക്കല്ലുകൾ, ആട്ടിൻതോൽ ധരിച്ചു ചെന്നായ്ക്കൾ, മുത്തിക്കൊണ്ടു് ഒററിക്കൊടുക്കുന്ന യൂദാസ്കറിയോത്താകൾ, ആലിംഗനം ചെയ്തുകൊണ്ടു് ഞെക്കിക്കൊല്ലുന്ന വേന്ദ്രന്മാർ. കമ്മ്യൂണിസ്റ്റുകാരൻ.

"ഒരു ദിവസം ഒരു ശണ്ഠയുണ്ടായി. രാജന്റെ കുറെ പുരോഗമനസാഹിത്യകൃതികൾ കാണാനില്ലത്രെ. അശ്ലീലവും ആഭാസങ്ങളുമായ ആ പുസ്തകങ്ങൾ നശിപ്പിച്ചതു് ഞാനാണുപോലും! അവനാവോളം പ്രഹരിച്ചു എന്നെ. മരണത്താലല്ലാതെ വേർതിരിക്കപ്പെട്ടുകൂടാത്ത വിവാഹബന്ധത്തിൽനിന്നും അന്നയാൾ ഓടിമറഞ്ഞു. യൗവനത്തിന്റെ പേക്കൂത്തുകൾക്കെല്ലാം വിധേയനായ ആ മഹാപാപി ഒരു ഹൈന്ദവവനിതയുമായി കണ്ണൂർസ്റ്റേഷൻ വിട്ടു."

"അവനിപ്പോളെവിടെയെന്നറിയുമോ?"

"ആ കഥ എന്തിനു പറയുന്നു! അവളേയുമുപേക്ഷിച്ചു് മറെറാരുത്തിയെ രജിസ്റ്റർവിവാഹം ചെയ്തെന്നോ, ആ ദമ്പതി അങ്ങനെ ജീവിക്കവെ "കരിവെള്ളൂരും, കാഞ്ഞിരേലരിയും" കമ്മ്യൂണിസ്റ്റുകൾ വിപ്ലവമുണ്ടാക്കിയതറിഞ്ഞു സഖാവു രാജൻജോസ്സ് അവിടെ പാഞ്ഞെത്തി ചെമ്പടയിലെ നായകനായി എന്നോ, കാഞ്ഞിരേലരിയിലെ അപശവക്ഷങ്ങളുടെ നിമ്മലരക്തം വീഴ്ത്തി അതിൽനിന്നു മുതലെടുത്തമ്മാനമാടുവാൻ അന്നവിടെ അടിഞ്ഞുകൂടിയിരുന്ന ലെനിൻഭക്തരിൽ പ്രധാനിയായ രാജൻജോസ്സ് മുദ്രാവാക്യങ്ങൾ കൊണ്ടു് അന്തരീക്ഷം മുഴക്കിയെന്നോ, മററുള്ള കുട്ടിസഖാക്കൾ അതേററുപാടിക്കൊണ്ടു് മുന്നേറുകയായിരുന്നെന്നോ ഒക്കെ പറഞ്ഞുകേട്ടു!

"വിവരങ്ങളറിഞ്ഞു സ്ഥലത്തെത്തിയ മലബാർ സ്പെഷ്യൽ പോലീസ്സ് ജനങ്ങളോടു് ശാന്തമായി പിരിഞ്ഞുപോകാനാജ്ഞനൽകിയെന്നും തെല്ലും കൂസാതെ ആ സംഘം പോലീസിനെ കല്ലെറിഞ്ഞുവെന്നും ലഹളക്കാക്കെതിരായി നടത്തിയ വെടിവയ്പിൽ മുന്നണിയിൽ ചെങ്കൊടിയുമായി നിന്നിരുന്ന സഖാവു രാജൻജോസ്സ് വെടിയേററു നിലംപതിച്ചു എന്നുമാണു കേട്ടതു്.

"എന്തിനേറെ പറയുന്നു. അവൻ വിതച്ചതു് അവൻ കൊയ്തു. എങ്കിലും......" അവളൊരു കൊച്ചുകുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞുകൊണ്ടു്, വാക്കു പൂത്തിയാക്കാൻ കഴിയാതെ, "എങ്കിലും... അദ്ദേഹം ചെയ്തതെന്തെന്നു്...... അദ്ദേഹത്തിനറിയായ്കയാൽ...... അദ്ദേഹത്തിനോടു്.......ദൈവം ......ക്ഷമിച്ചിരു......ന്നു...വെ...ങ്കിൽ!

"സഹോദരി! മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുവോ?"

"ഉണ്ടെന്നാണു കേട്ടകേൾവി."

"എന്നാൽ പിന്നെ അങ്ങോട്ടു പോയിക്കൂടേ?"

"പോകാം... ...എങ്കിലും....... ഈ വേഷത്തിൽ എങ്ങനെ അങ്ങോട്ടു്......"

"കൊള്ളാം, നേരം കുറച്ചു വൈകിയല്ലോ. സഹോദരി ഇന്നെവിടെയെങ്കിലുംചെന്നു രാത്രി കഴിക്കുക. ഞാൻ സുപ്പീരിയോരച്ചൻ വരുമ്പോൾ പറഞ്ഞു എന്തെങ്കിലം മാഗ്ഗമുണ്ടാക്കാൻ നോക്കാം നാളെ വരിക." അവളെ പറഞ്ഞുവിട്ടു.

മറിയാമ്മയെ ഞാനറിയും. അവളുടെ വീടും വീട്ടുകാരേയും അവരുടെ കുലീനവും മാന്യവുമായ സാഹചര്യങ്ങളും അന്നെനിക്കു പരിചയമായിരുന്നു. ഞാൻ അവരുടെ അയൽപക്കത്തു താമസിച്ചിരുന്നുവെങ്കിലും മിഷനിലേക്കു പോന്നിട്ടുവളരെക്കാലമായതുകൊണ്ടും, ഞാൻ പ്രൈമറിക്ലാസുകളിൽ പഠിച്ചിരുന്നപ്പോൾ മറിയാമ്മ ഹൈസ്കൂൾ വിദ്യാത്ഥിനിയായി പരിഷ്ക്കാരലഹരിയിൽ കഴിഞ്ഞിരുന്നതുകൊണ്ടും ഞങ്ങൾക്കു വലിയ പരിചയത്തിനിടയായിട്ടില്ലെന്നു മാത്രമേയുള്ളു. ലോകത്തിന്റെ വിനാശപരമായ ഗതിയെപ്പററിയുള്ള ഓമ്മയിൽ അന്നെനിക്കു ശാന്തമായി ഉറങ്ങാൻ സാധിച്ചില്ല!

# "കന്യക"

(By a Rev. Sister)

അടുത്തകാലത്തു് പ്രസിദ്ധീകരിച്ചിട്ടുള്ള വിശിഷ്ട കൃതികളിൽ ഒന്നെന്നു് പണ്ഡിതലോകം വിധികല്പിച്ചിരിക്കുന്ന ഒരു നാടകകൃതിയാണു് "കന്യക." പലക്കും ചിരപരിചിതനായിത്തീന്നിട്ടുള്ള മി. എൻ. കൃഷ്ണപിള്ള എം. എ. അവർകളാണു് പ്രസ്തുത ഗ്രന്ഥത്തിന്റെ കത്താവു്. 1953-ൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥം 1955-ലെ ഇൻറർമീഡിയററു പരീക്ഷയ്ക്കുള്ള ഒരു പാഠ്യപുസ്തകമായി തിരുവിതാംകൂർ സവ്വകലാശാല അംഗീകരിച്ചിരിക്കുന്നു. മാത്രമല്ല, ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ പേജിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇതു വിശ്വസാഹിത്യത്തിലേക്കു തർജ്ജമചെയ്യുവാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുമുണ്ടു്.

അഭ്യസ്തവിദ്യയായ ഒരു യുവതി സാഹചര്യങ്ങളുടെ ശീതസമരത്തിൽപ്പെട്ടു് അവിവാഹിതയായി 35 വയസ്സുവരെ ജീവിക്കുകയും ഒടുവിൽ പല ദുഷ്കൃത്യങ്ങൾക്കും ഒരുമ്പെടുകയും ചെയ്യുന്നതാണു് ഇതിലെ കഥാഭാഗം. "കന്യക" എന്ന പേരുകൊണ്ടു് അതിനൊരു പ്രത്യേകതയും വന്നിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥംവഴി മനുഷ്യഹൃദയത്തിന്റെ ഉള്ളറകളിലേക്കു് എത്തിനോക്കി ചിലതെല്ലാം പ്രസ്താവിക്കുവാൻ ഗ്രന്ഥകാരൻ വളരെ പണിപ്പെട്ടിട്ടുണ്ടു്. "വിചാരിക്കുന്നുണ്ടോ അവിവാഹിതകളെല്ലാം സുഖമായി ജീവിക്കുകയാണെന്നു്? അവർ നിഴലുകളാണു്. അവരാണു് സമുദായത്തിലെ ഏററവും ദയനീയരായ ജീവികൾ. സിദ്ധിക്കേണ്ടതു സിദ്ധിക്കാത്ത, ആഗ്രഹിക്കുന്നതു ലഭിക്കാത്ത, മുന്തിരിങ്ങാ പുളിക്കുമെന്നു പറഞ്ഞ കുറുക്കനെപ്പോലെ വിവാഹജീവിതത്തെ ആക്ഷേപിച്ചു് ലോകത്തെ മുഴുവൻ വെറുത്തു് ഒരു നിമിഷനേരത്തേക്കുപോലും ഒരു ജീവിതലക്ഷ്യമില്ലാതെ ജീവിക്കുന്ന ഒരു വർഗ്ഗമാണതു്. . . ." ഇങ്ങനെ പോകുന്നു ആ പ്രസ്താവനകൾ. പക്ഷേ, വഴിപിഴച്ച ഈ ഒരാളുടെ കാര്യം മാത്രമെടുത്തു് അവിവാഹിതകളായ സ്ത്രീകളെ ആകമാനം ഇപ്രകാരം താറടിച്ചുവിടുന്നതു് പല കുഴപ്പങ്ങൾക്കും കാരണമാകാനിടയുണ്ടു്. മാത്രമല്ല ഈ ഗ്രന്ഥം വായിക്കുന്ന പലക്കും നിത്യകന്യാത്വം അനുഷ്ഠിക്കുന്ന സന്യാസിനികളേപ്പററിയും ചില അബദ്ധധാരണകളുണ്ടാകാവുന്നതാണു്. ഈ എഴുത്തുകാരിതന്നെയും ചിലപ്പോൾ ഈദൃശനിരീക്ഷണങ്ങൾക്കു പാത്രമാകേണ്ടിവന്നിട്ടുണ്ടു്. തികഞ്ഞ ആത്മാത്ഥതയോടും അനുകമ്പയോടുംകൂടി ഉന്നയിച്ച പല സംശയങ്ങൾക്കും മറുപടി നൽകിയിട്ടുമുണ്ടു്. ആകയാൽ വെറും സങ്കല്പസൃഷ്ടിയായ "കന്യക"യുടെ മുമ്പിൽ ഒരു യഥാർത്ഥ കന്യകയുടെ ജീവിതാനുഭവങ്ങൾ നിരത്തിവച്ചു് നമുക്കു ഒരു പരിശോധന നടത്താം.

കേരളത്തിലെന്നല്ല, അതിനപ്പുറത്തും പ്രശസ്തി ആർജ്ജിച്ചിരിക്കുന്ന ഒരുത്തമ കന്യകയായ സിസ്റ്റർ അൽഫാൻസയെപ്പററി കേൾക്കാത്തവർ അധികമുണ്ടെന്നു തോന്നുന്നില്ല. അവളുടെ അത്ഭുതശക്തിയാണല്ലോ ഇന്നു ഭരണങ്ങാനത്തെ ഒരു തീർത്ഥസ്ഥലമാക്കിത്തീത്തിരിക്കുന്നതു്. ഈ പാവനചരിതയുടെ ജീവിതവും മി. കൃഷ്ണപിള്ളയുടെ "കന്യക"യുടെ ജീവിതവും തമ്മിലുള്ള ഒരു താരതമ്യപഠനം നമ്മെ യാഥാത്ഥ്യങ്ങളുടെ ഉള്ളറകളിലേക്കു് അല്പമെങ്കിലും നയിക്കാതിരിക്കയില്ല.

അഭ്യസ്തവിദ്യയെങ്കിലും തന്റെ ആഗ്രഹപൂത്തീകരണത്തിനിടയാകാതെ, നിരാശാപൂണ്ണമായ ജീ

(ശേഷം 10-ാംപേജിൽ)



Reg. No. M. 2293

# Sathya Deepam

Vol. 28 | Ernakulam, March 2, 1955 | No. 28

# ബാലരംഗം

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"

## ബാല മിത്രം



വിശുദ്ധ ജോൺ ബോസ്കോ

ബാലമിത്രം—ജോൺബോസ്കോ—ഒരു മാതൃകാബാലനായി വളർന്നു. ഒരു യുവവൈദികനായി. ബാലന്മാരെ ഉദ്ധരിക്കുന്നതിനും ഒരു നല്ല യുവലോകത്തെ സംഘടിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ ജീവിതം സ്വയം അർപ്പിച്ചു. നല്ല മാർഗ്ഗത്തിൽ അവരെ നയിക്കുന്നതിനുള്ള നേതാക്കന്മാരില്ലാതെ കാടുകയറി അധാർമ്മികമായി അധഃപ്പതിച്ച കുട്ടികളെ അദ്ദേഹം ശേഖരിച്ചു. അവരെ വിദ്യ അഭ്യസിപ്പിക്കുന്നതിനും അവർക്കു തൊഴിൽപരിശീലനം നൽകുന്നതിനും അവരെ ഭക്താഭ്യാസങ്ങളിലേക്കാകർഷിക്കുന്നതിനും അവർക്കു മതശിക്ഷണം പ്രദാനം ചെയ്യുന്നതിനും ഓററ്ററികൾ എന്നറിയപ്പെടുന്ന സ്ഥാപനങ്ങൾ അദ്ദേഹം സമാരംഭിച്ചു. പൈതൃകവും സ്നേഹമസൃണവുമായ അദ്ദേഹത്തിന്റെ സമീപനം ബാലഹൃദയങ്ങളെ ആകർഷിച്ചു. അവർ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ഓററ്ററികൾ കുട്ടികളെക്കൊണ്ടു നിറഞ്ഞു.

യാഥാസ്ഥിതികന്മാരുടെ ശക്തിയായ എതിർപ്പുകളും വിമർശനങ്ങളും അദ്ദേഹത്തിനു നേരിടേണ്ടിവന്നതു ലോകസഹജമാണല്ലോ. അദ്ദേഹത്തിന്റെ പ്രസ്ഥാനം എങ്ങിനെ മുമ്പോട്ടു നീങ്ങുന്നു എന്നു കാണുക:—




### 11-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

ഓരോ സഞ്ചിയിലും 1, 2, 4, 8, 16, 32, 64, 128, 256, 489 ഇത്രയും രൂപാ വീതം ഇട്ടു കെട്ടണം.

### പ്രശ്നം നമ്പ്ര് 12

(പോൾ എ. മേനാച്ചേരി തൃശൂർ. വയസ്സ് 12)

ഞാൻ ആണ്ടിലൊരിക്കൽ നിങ്ങളെ സന്ദർശിക്കുന്ന ഒരതിഥിയാണു്. എന്റെ പേരിനു മൂന്നക്ഷരമുണ്ടു്. ഒന്നും മൂന്നും അക്ഷരങ്ങൾ ചേർത്താൽ എന്നെ കാട്ടിലും നാട്ടിലും സുലഭമായി കാണാം. രണ്ടും മൂന്നും അക്ഷരങ്ങൾ ചേർത്താൽ ഞാൻ നിങ്ങളുടെ ശരീരത്തിൽതന്നെ ഉണ്ടാകും. ഞാനാരാണെന്നു പറയാമോ?

(ഉത്തരം അടുത്തതിൽ)

### സംഭവകഥ

#### മനുഷ്യശക്തിക്കു സാദ്ധ്യമോ?

ഈജിപ്തിൽ തേമോയി നഗരത്തിലെ മെത്രാനായിരുന്ന വി. ഫീലെയാസ് മാനസാന്തരപ്പെട്ടുവന്ന ഒരു അജ്ഞാനിയായിരുന്നു. അദ്ദേഹത്തിന്റെ മതപ്രചാരണതീക്ഷ്ണതയറിഞ്ഞു്, ഡെയോക്ലീസ്യന്റെ മതപീഡനകാലത്തു് അദ്ദേഹത്തെ ബന്ധിച്ചു തടവുകാരനാക്കി അലക്സാൻഡ്റിയായിലേക്കു കൊണ്ടുപോയി. അവിടെ ബന്ധിതരായിരുന്ന ക്രിസ്ത്യാനികളെ അനുഭവിപ്പിച്ചുവന്ന പീഡനങ്ങളെപ്പററി അദ്ദേഹം എഴുതിയ ഒരു കത്തിൽനിന്നു് ചരിത്രകാരനായ എവുസേബിയോസ് ഉദ്ധരിക്കുന്നതായതു്: "അവരെ നിന്ദിക്കുന്നതിനും, ചാട്ട, ചമ്മട്ടി, ഗദ ആദിയായവകൊണ്ടു ദണ്ഡിപ്പിക്കുന്നതിനും എല്ലാവർക്കും അനുമതി നൽകിയിട്ടുണ്ടു്. ചിലരെ കൈകൾ പുറകോട്ടുകെട്ടി തൂണുകളിന്മേൽ ബന്ധിച്ചിരിക്കയാണു്. ചിലരെ യന്ത്രങ്ങളിൽ തിരിച്ചു്, നെഞ്ചു്, ഉദരം, തുട, കാലുകൾ, ചെവി തുടങ്ങിയവ ദയനീയമായി മുറിവേല്പിച്ചിട്ടിരിക്കുന്നു. കുറേപ്പേരെ ഒരു കൈമേൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. മററു ചിലരെ ഇരുകരങ്ങളും ബന്ധിച്ചു തൂക്കിയിരിക്കയാണു്. പലരും പീഡനയന്ത്രങ്ങളിൽക്കിടന്നു അന്തരിക്കുന്നു. അതിൽനിന്നു താഴെ വലിച്ചിട്ടാലുടൻ ജീവൻ വെടിയുന്നവരുമുണ്ടു്........"

സത്യവേദത്തെപ്രതി ഈ വിശുദ്ധാത്മാക്കൾ സഹിച്ച പാടുപീഡകൾ കേട്ടാൽ ആരാണു് ഞെട്ടിപ്പോകാത്തതു്? നാമോ പ്രമാണങ്ങൾ കാക്കുന്നതിലേക്കു വേണ്ടിവരുന്ന അല്പബുദ്ധിമുട്ടുകളെപ്പോലും ഭയന്നോടുന്നു!

വി. ഫീലെയാസ് മെത്രാൻ ഗവർണ്ണറുടെ മുമ്പാകെ ഹാജരാക്കപ്പെട്ടു. വിസ്താരത്തിനു നില്ക്കുയിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങളായി ഉന്നതനിലയിലിരുന്ന പലരും അവിടെ സന്നിഹിതരായിരുന്നു. അതിനാൽ വല്ലവിധേനയും ഇദ്ദേഹത്തെ വിട്ടയക്കണമെന്നു അധികാരിയും ആഗ്രഹിച്ചു. എന്നാൽ വിശുദ്ധൻ വിശ്വാസത്തിൽ ഉറച്ചുനിന്നതേയുള്ളൂ. ബന്ധുജനങ്ങളുടെ കണ്ണുനീരുകണ്ടു അനുകമ്പതോന്നിയ വിധികർത്താക്കൾ വിശുദ്ധന്റെ മുമ്പാകെ മുട്ടുകുത്തി വേദമുപേക്ഷിക്കാൻ അഭ്യർത്ഥിച്ചു. അദ്ദേഹം പാറപോലെ ഉറച്ചുനിന്നു. ഇതെല്ലാം കണ്ടുനിന്ന ഫിലൊറോമൂസ് എന്ന ഉദ്യോഗസ്ഥപ്രമുഖൻ തൽക്ഷണം അവിടെവച്ചുതന്നെ പരസ്യമായി ക്രിസ്തുമതം സ്വീകരിച്ചു. തന്നിമിത്തം അദ്ദേഹവും മരണത്തിനു വിധിക്കപ്പെട്ടു് രക്തസാക്ഷിമുടി പ്രാപിച്ചു.

വി. ഫീലെയാസ് മെത്രാൻ കൊലക്കളത്തിലേക്കു ആനയിക്കപ്പെടുകയിൽ ഒരുയന്ന ഉദ്യോഗസ്ഥനായ അദ്ദേഹത്തിന്റെ സഹോദരൻ വീണ്ടും അദ്ദേഹത്തെ പാട്ടിലാക്കുന്നതിനു ശ്രമിച്ചു. "എന്റെ വിധി മാററിക്കിട്ടുവാൻ ഞാൻ അശേഷം ആഗ്രഹിക്കുന്നില്ല. നേരെമറിച്ചു് ചക്രവർത്തിയോടും വിധികർത്താക്കളോടും ഞാൻ അത്യധികം കടപ്പെട്ടിരിക്കുന്നു. അവർ വഴിയായിട്ടാണു് ഇന്നു സ്വർഗ്ഗരാജ്യത്തിന്റെ അവകാശം ഞാൻ പ്രാപിപ്പാൻ പോകുന്നതു്" എന്നായിരുന്നു വിശുദ്ധന്റെ മറുപടി. വധസ്ഥലത്തുവച്ചു അദ്ദേഹം ഉച്ചത്തിൽ പ്രാർത്ഥിച്ചു. വീണ്ടും ഉജ്ജ്വലമായ ഒരു പ്രസംഗംചെയ്തു. അനന്തരം തലഛേദിക്കപ്പെടുകയാണു ചെയ്തതു്. അല്പസന്തോഷങ്ങൾക്കു വേണ്ടി സ്വർഗ്ഗരാജ്യത്തിന്റെ അവകാശത്തെ നഷ്ടപ്പെടുത്താൻ മടിക്കാത്ത ബുദ്ധിഹീനരുടെ കണ്ണുകൾ തുറക്കപ്പെട്ടെങ്കിൽ!

### വിനോദവീഥി

ഒരു ഗ്രാമീണൻ:- കൂട്ടുകാരേ നിങ്ങളറിഞ്ഞോ? എന്റെ ചെറുക്കനു് സൽസ്വഭാവത്തിനു സമ്മാനമായി അവന്റെ ആറുമാസത്തെ ശിക്ഷ ഇളവുചെയ്തു.

കൂട്ടുകാരൻ:- അവൻ എത്രനല്ല സ്വഭാവമുള്ള ഒരു യുവാവു്! അധികാരികളും അതു മനസ്സിലാക്കിയല്ലോ. പിന്നെന്തിനാ അവനെ തടവിൽ കൊണ്ടുപോയതു്?

* * *

നാട്ടുംപുറവാസിയായ ഒരു യുവാവു് ഒരുദ്യോഗം കിട്ടുവാൻ അപേക്ഷ അയച്ചു. ആപ്പീസിൽനിന്നു ഉടനെ ടൈപ്പുചെയ്ത മറുപടിയും കിട്ടി.

ഉദ്യോഗാർത്ഥിയുടെ കത്തു്:- സാറേ, മറുപടി കിട്ടി. മേലിൽ എനിക്കെഴുതുമ്പോൾ അച്ചടിച്ചുവിടണമെന്നില്ല. കൈയെഴുത്തു വായിക്കാൻ എനിക്കറിയാം.

മറുപടി:- (കൈയെഴുത്തിൽ) ഇവിടെ ഉദ്യോഗമില്ല.

* * *

ഗൃഹനായിക:- എടീ, മറിയേ, ജോണിയും ലില്ലിയും ബേബിയും ഞാൻ പള്ളിയിൽ പോയശേഷം, പറഞ്ഞിരുന്നതുപോലെ വികൃതിത്തരമൊന്നും കാണിക്കാതെ നല്ലവണ്ണം അടങ്ങിയിരുന്നുവോ?

മറിയ:- അവർ അടങ്ങിയിരിക്കുകയായിരുന്നു. എങ്കിലും ഒടുവിൽ ഒരു വഴക്കുണ്ടാക്കി.

ഗൃഹനായിക:- അതെന്തിനായിരുന്നു?

മറിയ:- ആരാണു് ഏററം നന്നായി അടങ്ങിയിരുന്നതെന്നു തമ്മിൽ തർക്കമുണ്ടായതുകൊണ്ടു്, അടിയും ഇടിയും ഒക്കെയായി!

---

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1.